# തിരുമാറാടി
# ഗ്രാമപഞ്ചായത്ത്.



## വികസന റിപ്പോർട്ട് - 1996



ഒമ്പതാം പദ്ധതി , ജനകീയ പദ്ധതി

ടെലിഫോൺ നമ്പർ : 0485 - 252254
പിൻകോഡ് - 686687


# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

## തിരുമാറാടി ഗ്രാമ പഞ്ചായത്ത്
## തിരുമാറാടി

# വികസന റിപ്പോർട്ട് 1996

## വികസന സെമിനാർ

സ്ഥലം : ഗവ: ഹൈസ്കൂൾ തിരുമാറാടി
തീയതി : 1996 ഡിസംബർ 7



മാന്യരെ,

വികസനപ്രക്രിയയുടെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായതും ജനശ്രദ്ധ പിടിച്ചുപറ്റിയതുമായ പ്രവർത്തനമാണല്ലോ ജനകീയ ആസൂത്രണ പരിപാടി. ഗ്രാമസഭ ചേർന്ന് ജനങ്ങൾ നേരിടുന്ന പ്രാദേശിക വികസന പ്രശ്നങ്ങൾ കണ്ടെത്തുക, അവയെ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ട ഈ പ്രസ്ഥാനത്തിന്റെ പ്രഥമഘട്ടം വിജയകരമായി പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ നല്ല ജനപങ്കാളിത്ത മുണ്ടായിരുന്നു എന്നതു തന്നെ ഇതിന്റെ തെളിവാണ്. ഗ്രാമസഭകളിൽ നാം കണ്ടെത്തിയ പ്രശ്നങ്ങളെ ആഴത്തിൽ വിലയിരുത്തി പരിഹാര നിർദ്ദേശങ്ങൾ സ്കീമുകളാക്കി മാറ്റേണ്ട ഉത്തരവാദിത്വവും നമുക്കുണ്ട്. അതായത് ഒമ്പതാം പദ്ധതിയുടെ സ്വഭാവത്തെയും പ്രയോഗക്ഷമതയെയും നിർണ്ണായകമായി സ്വാധീനിക്കുന്ന ഘട്ടങ്ങളാണ് ഇനിയുള്ളത്.

വികസന റിപ്പോർട്ട് തയ്യാറാക്കുക, വികസന സെമിനാർ സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുള്ള രണ്ടാം ഘട്ട പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ ഇതോടെ പൂർത്തീകരിക്കപ്പെടുകയാണ്. ഒന്നാം ഘട്ടപ്രവർത്തനത്തിലും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലും ഒട്ടേറെപ്പേരുടെ സഹകരണം നമുക്ക് ലഭിച്ചിട്ടുണ്ട്. ബഹുമാന്യരായ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദ്ധർ, തൊഴിലാളികൾ, സന്നദ്ധപ്രവർത്തകർ, കൃഷിക്കാർ തുടങ്ങി ഇതുമായി ബന്ധപ്പെട്ട ഓരോരുത്തരെയും വിനയപൂർവ്വം സ്മരിക്കുന്നു. ആദ്യമായി തയ്യാറാക്കുന്ന പരിപാടി എന്ന നിലയിൽ ഈ റിപ്പോർട്ടിൽ കുറ്റങ്ങളും, കുറവുകളും കടന്നുകൂടിയിട്ടുണ്ടാകാം. ചർച്ചയിലൂടെ അവ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വരും നാളുകളിൽ എല്ലാവരുടേയും സഹകരണത്തോടുകൂടി ഒരു പുത്തൻ വികസന സംസ്കാരം നമുക്ക് വളർത്തിയെടുക്കാം. പഞ്ചായത്തുകമ്മറ്റിക്കു വേണ്ടി നിങ്ങളോരോരുത്തർക്കും നന്ദി രേഖപ്പെടുത്തി ക്കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

എം. ജെ. ജേക്കബ്
പ്രസിഡന്റ്
തിരുമാറാടി ഗ്രാമ പഞ്ചായത്ത്

തിരുമാറാടി
7-12-96

# ആമുഖം

കേരളസംസ്ഥാനത്തിന്റെയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്. 9ാം പഞ്ചവൽസരപദ്ധതിയുടെ 35-40% തുകയ്ക്ക് വരുന്ന വികസന പരിപാടികൾ താഴെതട്ടിൽ തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തിയെടുക്കുകയെന്നതാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം. 'പഞ്ചവൽസര പദ്ധതി കൂടുതൽ ഫലപ്രദമാക്കുവാനുള്ള മാർഗ്ഗം ജനപങ്കാളിത്തത്തോടുകൂടി തയ്യാറാക്കപ്പെടുന്ന സ്ക്കീമുകളാണ്' എന്ന ആശയമാണ് ഈ നൂതന രീതിയുടെ അടിസ്ഥാനം. കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നത് പോലെ തന്നെ പ്രധാനമാണ് പദ്ധതിയുടെ രൂപീകരണത്തിന്റെ രീതിയും. തങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ പദ്ധതികളോട് ജനങ്ങൾക്കുള്ള നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും. ആസൂത്രണം മുതൽ നടത്തിപ്പുവരെ പദ്ധതി പ്രവർത്തനത്തിന്റെ എല്ലാഘട്ടങ്ങളിലുമുള്ള ജനപങ്കാളിത്തവുമായിരിക്കും ഈ പദ്ധതിയുടെ ഭാവിയെ നിർണയിക്കുന്നത്.

ഒൻപതാം പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന അടങ്കലിന്റെ 35-40%വരെ തുക പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവരുടെ അധികാര മേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവക്കുന്നു എന്നതാണ്.പദ്ധതിയുടെ ആസൂത്രപ്രക്രിയയിൽ പങ്കാളികളാകുവാൻ ലഭിച്ച അപൂർവ്വ അവസരം വിനിയോഗിക്കുകയെന്ന കർമ്മ പരിപാടി വിജയകരമായി മുന്നേറുകയാണ്.

തിരുമാറാടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് പ്രതിനിധികളുടെയും ജില്ലാ പരിശീലകരുടെയും നേതൃത്വത്തിൽ 52 പേർക്ക് പരിശീലനം നൽകുകയുണ്ടായി. തുടർന്ന് ഓരോ വാർഡിനേയും, വിവിധ മേഖലകളായി തിരിച്ച് ഗ്രൂപ്പുയോഗങ്ങളും, ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. ജനകീയാസൂത്രണ വിളമ്പര ജാഥകൾ, വാഹനത്തിലൂടെയുള്ള പ്രചാരണങ്ങൾ, തുടങ്ങിയവയും ചിട്ടയോടെ നടക്കുകയുണ്ടായി. ജനകീയാസൂത്രണപ്രസക്തിയും പദ്ധതിയിൽ ജനങ്ങൾ എങ്ങനെ ഭാഗഭാക്കാവുന്നു എന്നതിനെക്കുറിച്ചുള്ള വ്യക്തതയും ഇത് വഴി ആളുകൾക്ക് ലഭിച്ചു.അതിനു ശേഷമാണ് പരമപ്രധാനമായ വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്.

### ഒമ്പതാം പദ്ധതി രൂപീകരണത്തിന് വേണ്ടി കൂടിയ വിശേഷാൽ ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| I | ഗവ:HSആത്താനിക്കൽ | 28.9.96 | 87 |
| II | ഗവ:LPS മണ്ണത്തൂർ | 26.9.96 | 64 |
| III | കമ്മ്യൂണിറ്റിഹാൾ ഓലിയപ്പുറം | 2.10.96 | 179 |
| IV | കമ്മ്യൂണിറ്റി ഹാൾ ഒലിയപ്പുറം | 24.9.96 | 146 |
| V | മിനി ഓഡിറ്റോറിയം തിരുമാറാടി പഞ്ചായത്ത് | 1.10.96 | 115 |
| VI | മിനി ഓഡിറ്റോറിയം തിരുമാറാടി ഗ്രാമപഞ്ചായത്ത് | 29.9.96 | 135 |
| VII | ഖാദി സൊസൈറ്റി ഹാൾ കാക്കൂർ | 1.10.96 | 129 |
| VII! | ഖാദി സൊസൈറ്റിഹാൾ കാക്കൂർ | 27.9.96 | 99 |
| IX | ഗവ:HS ആത്താനിക്കൽ | 30.9.96 | 72 |

ഗ്രാമസഭകളിൽ ശരാശരി 114 പേർ പങ്കെടുത്തിട്ടുണ്ട് സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു.പ്രശ്നങ്ങളുടെ കാരണങ്ങളെ തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനും വേണ്ട പരിഹാരങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്ന ഗ്രാമസഭകൾക്ക് ഒരു പരിധി വെരെയെങ്കിലും ലക്ഷ്യത്തിലെത്താൻ സാധിച്ചു.

തുടർന്നു രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി.വാർഡുതല പ്രതിനിധികളുടെയും പരിശീലകരുടെയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ ശ്രമം കൊണ്ട് വീടുകൾ സന്ദർശിച്ച് ആവശ്യം വേണ്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു.ഒപ്പം തന്നെ വിവിധസ്ഥാപനങ്ങളുടെ ഓഫീസുകളിൽ നിന്ന് ദ്വിതീയ സ്ഥിതി വിവരക്കണക്കുകളും എടുക്കുകയുണ്ടായി. ഗ്രാമസഭകളിൽ നിന്നുംഉയർന്നുവന്ന ആവശ്യങ്ങളും നിർദേശങ്ങളും ജില്ലാതല പരിശീലകരും പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകരും .മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയും സാദ്ധ്യതകൾ വിലയിരുത്തിയും ദിവസങ്ങളോളം നടത്തിയ പ്രയത്ന ഫലമാണ് ഈ വികസന റിപ്പോർട്ട്.

# പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | തിരുമാറാടി ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ രൂപീകരണം | 1953 |
| പഞ്ചായത്തിന്റെ ഗ്രേഡ് | ഫസ്റ്റ് ഗ്രേഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | തിരുമാറാടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ : | തിരുമാറാടി |
| ബ്ലോക്ക് പഞ്ചായത്ത് | പാമ്പാക്കുട |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | കൂത്താട്ടുകുളം |
| താലൂക്ക് | മൂവാറ്റുപുഴ |
| ജില്ല | എറണാകുളം |
| അസംബ്ലി മണ്ഡലം | പിറവം |
| ലോക്സഭാ മണ്ഡലം | മൂവാറ്റുപുഴ |
| വിസ്തീർണ്ണം | 2924.29 ഹെക്ടർ |

## അതിരുകൾ

| | |
|---|---|
| വടക്ക് | മാറാടി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | ആരക്കുഴ, പാലക്കുഴ ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | കൂത്താട്ടുകുളം, ഇലഞ്ഞി ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | പാമ്പാക്കുട ഗ്രാമപഞ്ചായത്ത് |

## ജനസംഖ്യ (1991 കാനേഷുമാരി പ്രകാരം)

| | |
|---|---|
| സ്ത്രീകൾ | 8186 |
| പുരുഷൻമാർ | 8276 |
| ആകെ | 16462 |

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ സ്ഥാപനങ്ങൾ

1. വില്ലേജ് ആഫീസ്, തിരുമാറാടി
2. ഗവ:ആയുർവേദ ആശുപത്രി, മണ്ണത്തൂർ
3. പ്രൈമറി ഹെൽത്ത് സെന്റർ, തിരുമാറാടി
4. ഹോമിയോ ഡിസ്പെൻസറി, കാക്കൂർ
5. ഗവ:മൃഗാശുപത്രി, തിരുമാറാടി

6. I.C.D.P.സബ് സെന്റർ, വെട്ടിമൂട്

7. കൃഷിഭവൻ, വാളിയപ്പാടം

8. പോസ്റ്റ് ഓഫീസ്, തിരുമാറാടി

9. പോസ്റ്റ് ഓഫീസ്, കാക്കൂർ

10. പോസ്റ്റ് ഓഫീസ്, മണ്ണത്തൂർ

11. പോസ്റ്റ് ഓഫീസ്, ഒലിയപ്പുറം

12. M.V.I.P sub division IV, മണ്ണത്തൂർ

13. M.V.I.P Section II/IV മണ്ണത്തൂർ

14. M.V.I.P Section III/IV മണ്ണത്തൂർ

15. M.V.I.P Section I/IV മണ്ണത്തൂർ

16. C.W.R.D.M സബ്സെന്റർ മണിമലക്കുന്ന്

17. K.S.E.B. ഓഫീസ് മണ്ണത്തൂർ

## പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സുകളും ഓഡിറ്റോറിയങ്ങളും

1. ഒലിയപ്പുറം ഷോപ്പിംഗ് കോംപ്ലക്സ്
2. കാക്കൂർ ഷോപ്പിംഗ് കോംപ്ലക്സ്
3. കമ്മ്യൂണിറ്റി ഹാൾ ഒലിയപ്പുറം
4. മിനി ഓഡിറ്റോറിയം തിരുമാറാടി

## പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ

1. കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, കാക്കൂർ
2. കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, മണ്ണത്തൂർ ബ്രാഞ്ച്
3. കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, ഒലിയപ്പുറം ബ്രാഞ്ച്
4. S.B.T ബ്രാഞ്ച് കാക്കൂർ
5. കാത്തലിക് സിറിയൻ ബാങ്ക് മണ്ണത്തൂർ ബ്രാൻഞ്ച്

## പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങൾ

1. ഗവ:കോളേജ് മണിമലക്കുന്ന്, ഒലിയപ്പുറം
2. ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ തിരുമാറാടി
3. ഗവ:ഹൈസ്ക്കൂൾ ആത്താനിക്കൽ , മണ്ണത്തൂർ
4. ഗവ:LPS മണ്ണത്തൂർ
5. ഗവ:LPS കാക്കൂർ.

11

# ചരിത്രപശ്ചാത്തലം

ചരിത്രത്തിന്റെ സ്യഷ്ടാക്കൾ ജനങ്ങളാണ് എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായ വികസന റിപ്പോർട്ടിൽ ഓരോ പഞ്ചായത്തിന്റെയും സാമൂഹിക - സാംസ്കാരിക ചരിത്രം ചേർത്തു വയ്ക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന അവാർഡ് നേടിയ തിരുമാറാടി പഞ്ചായത്തിന് എല്ലാ മേഖലകളിലും അപൂർവ്വ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ രംഗത്ത് ഗവൺമെന്റ് കോളേജ് മണിമലക്കുന്ന്, മൂന്ന് ഹൈസ്കൂളുകൾ, ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, നാല് പ്രൈമറി സ്കൂളുകൾ, രണ്ട് പ്രീ-പ്രൈമറി സ്കൂളുകൾ, അനേകം നഴ്സറി സ്കൂളുകൾ, ഒരു സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം, രണ്ട് പാരലൽ കോളേജുകൾ, എന്നിവ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ചികിത്സാ രംഗത്ത് സർക്കാർ ഉടമസ്ഥതയിലുള്ള അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളും, മറ്റു സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നു. നാളികേരം, റബർ, തുടങ്ങിയ നാണ്യവിളകളുടെ വ്യാപനത്തോടെ കാർഷിക മേഖല ഏറെ സജീവമാണ്. കർഷകർക്കാകെ പ്രയോജനം ലഭിക്കത്തക്കവിധം നല്ല നിലയിൽ പ്രവർത്തിക്കുന്ന കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, ഖാദിഗ്രാമ വ്യവസായ ഫെഡറേഷന്റെ അവാർഡ് നേടിയ ഖാദി & വില്ലേജ് ഇൻഡസ്ട്രി എന്നിവ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് ജനകീയ സംരംഭങ്ങളാണ്. എല്ലാവർക്കും വീട് എന്ന ലക്ഷ്യം അനതി വിദൂര ഭാവിയിൽ സാക്ഷാൽക്കരിക്കപ്പെടും. സമ്പൂർണ്ണ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയതുകൊണ്ട് ഏറ്റവും ഉയർന്ന ദേശങ്ങളിലൊഴികെ പഞ്ചായത്തിലെ എല്ലായിടത്തും ശുദ്ധജലം എത്തിക്കുവാൻ കഴിഞ്ഞു. MVIP കനാലുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 5 ഗ്രന്ഥ ശാലകളും, നിരവധി ക്ലബ്ബുകളും, ഒരു ഫൈൻ ആർട്സ് സൊസൈറ്റിയും പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്തെ സജീവ കേന്ദ്രങ്ങളാണ്.

രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം പ്രതിഭകളെ ഈ പഞ്ചായത്ത് സംഭാവന നൽകിയിട്ടുണ്ട്. റവന്യൂ മന്ത്രിയായിരുന്ന ശ്രീ. കെ.ടി. ജേക്കബ്, എം.പി. യും എം.എൽ.എ.യുമായിരുന്ന ശ്രീ പി.പി. എസ്തോസ് എന്നിവരും മുൻ എം. എൽ.എ ശ്രീമതി പെണ്ണമ്മ ജേക്കബ്ബ്, മുൻമന്ത്രിയും എം.എൽ.എ. യുമായ ശ്രീ ടി.എം. ജേക്കബ്ബ് തുടങ്ങിയവരെ രാഷ്ട്രീയ രംഗത്തും, സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന ശ്രീ കെ. എൻ വാസുദേവൻ നമ്പൂതിരി, ശില്പകലയിൽ അന്താരാഷ്ട്ര ബഹുമതികൾ നേടിയ ശ്രീ എൻ. എൻ റിംൺസൺ, സംസ്ഥാന അവാർഡ് നേടിയ ശ്രീ സാജു മണ്ണത്തൂർ, കായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ സി.എസ്. എബ്രാഹാം തുടങ്ങിയവരും ഈ പഞ്ചായത്തിന്റെ സംഭാവനകളാണ്.

മണ്ണത്തൂർ, ഒലിയപ്പുറം, തിരുമാറാടി, കാക്കൂർ എന്നീ നാലു കരകളിലെ ഭഗവതീ ക്ഷേത്രങ്ങളും തിരുമാറാടിയിലെ ശിവക്ഷേത്രവുമാണ് പ്രധാന ഹൈന്ദവ ആരാധന കേന്ദ്രങ്ങൾ. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് കഥകളി, മുടിയേറ്റ്, ഗരുഡൻ തൂക്കം. കളമെഴുത്തുപാട്ട് തുടങ്ങിയ അനുഷ്ഠാന കലകളുടെ അവതരണം ഇന്നും തുടർന്നു വരുന്നു. കാർഷിക സംസ്ക്കാരത്തിന്റെ ഓർമ്മകളുണർത്തുന്ന കാക്കൂർ കാളവയലാരംഭിച്ചത് പഞ്ചായത്തിലെ ഏറ്റവും പ്രസിദ്ധമായ ആമ്പശ്ശേരി കാവിലെ ഉത്സവവുമായി ബന്ധപ്പെട്ടാണ്. പ്രസിദ്ധമായ വടകര യാക്കോബായ പള്ളിയിൽനിന്ന് ഭാഗം പിരിഞ്ഞ മണ്ണത്തൂർ, നാവോളിമറ്റം, കുഴിക്കാട്ടുകുന്ന് തുടങ്ങിയ പള്ളികളും, പാമ്പാക്കുട വലിയ പള്ളിയിൽ നിന്ന് പിരിഞ്ഞുപോന്ന ആട്ടിൻകുന്ന് പള്ളിയും, വടകര കത്തോലിക്കാ പള്ളിയിൽനിന്ന് പിരിഞ്ഞ കാക്കൂർ സെന്റ് ജോസഫ്സ് പള്ളിയും, അതിൽനിന്ന് പിരിഞ്ഞ തിരുമാറാടി സെന്റ് മേരീസ് പള്ളിയുമാണ് പ്രധാന ക്രിസ്തീയാരാധനാ കേന്ദ്രങ്ങൾ.

ഇങ്ങനെ അപൂർവ്വസൗകര്യങ്ങളുള്ള നമ്മുടെ പഞ്ചായത്തിന്റെ ഭൂതകാലത്തിലേക്കൊന്നെത്തിനോക്കിയാൽ ചില സാംസ്ക്കാരിക തനിമകൾ തെളിഞ്ഞുകാണാം. ഒരു കാലത്ത് പഞ്ചായത്തിലെ കൃഷിഭൂമിയിൽ പകുതിയിലധികവും നിലങ്ങളായിരുന്നു. നെല്ല് പ്രധാന ഉല്പന്നമായിരുന്ന ആ കാലഘട്ടത്തിൽ നിലങ്ങളധികവും ദേവസ്വം-ബ്രഹ്മസ്വം വകകളായിരുന്നു. പല വിധത്തിലുള്ള പാട്ട വ്യവസ്ഥയിലായിരുന്നു കൃഷിക്കാർ നിലം ഉപയോഗിച്ചിരുന്നത്. കാഞ്ഞിരപ്പിള്ളി മന, ഓണക്കൂർ ദേവസ്വം എന്നിവയുടെ വകയായിരുന്നു കാക്കൂർ പ്രദേശത്തെ നിലങ്ങളധികവും. കിഴക്കില്ലത്ത് മന, പൂവക്കാട്ടില്ലം തുടങ്ങിയ മൂന്ന് നാല് ബ്രഹ്മസ്വങ്ങളുടെ വകയായിരുന്നു തിരുമാറാടി, വാളിയപ്പാടം പ്രദേശങ്ങൾ. ഉദയംപേരൂരിലെ മാങ്കായി മനയുടെയും, ചേന്നാട്ടുകുന്നേൽ കർത്താക്കന്മാരുടെയും വകയായിരുന്നു മണ്ണത്തൂർ പ്രദേശത്തെ വിളനിലങ്ങൾ. കരഭൂമികളിൽ കുറെയൊക്കെ പണ്ടാരപ്പാട്ടമുള്ളവയായിരുന്നു.

അരിയും കപ്പയുമായിരുന്നു പ്രധാന ആഹാരം. ആഹാരത്തിനുപോലും വക കണ്ടെത്താൻ വിഷമിച്ചിരുന്നവർ

യിരുന്നു ആളുകളധികവും. ഒപ്പം ജാത്യാചാരങ്ങളുടെ വിഷമതകളും അവരുടെ ജീവിതത്തെ ദു:സ്സഹമാക്കിയിരുന്നു. 1940 കളിൽ യുദ്ധകാലഘട്ടത്തിൽ രണ്ടേക്കറിൽ താഴെ കൃഷി ചെയ്യുന്നവരിൽ നിന്നുകൂടി ലെവി നെല്ലു പിരിച്ചപ്പോൾ ചെറുകിട കൃഷിക്കാരും വിഷമത്തിലായി.രാജാവിന്റെയും സർ സി.പി. യുടെയും കാലത്ത് തിരുവിതാംകൂറിൽ ദുർബ്ബലമായിരുന്ന ദേശീയ സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങൾ നമ്മുടെ പ്രദേശങ്ങളിൽ ശക്തമാവുന്നതിന് ഇതും ഒരു കാരണമായി. ജന്മിത്വത്തിനെതിരെ കൃഷിക്കാരുടെ പ്രക്ഷോഭങ്ങളും സ്വതന്ത്ര തിരുവിതാംകൂറിനും തിരുക്കൊച്ചിക്കുമപ്പുറം ഐക്യകേരളത്തിനു വേണ്ടിയുള്ള സമരങ്ങളും സർവ്വോപരി സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഉത്കടമായ അഭിവാഞ്ചയും ഇഴചേർന്നു കിടക്കുന്നതാണ് തിരുമാറാടി പഞ്ചായത്ത് ഉൾപ്പെടുന്ന കൂത്താട്ടുകുളം മേഖലയിലെ സ്വാതന്ത്ര്യസമരം. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെയും പിന്നീട് യൂത്ത് ലീഗിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും നേതൃത്വത്തിലാണ് ആ സമര പ്രസ്ഥാനം വളർന്നത്. 1935 മുതൽ നിരോധിക്കപ്പെട്ട കോൺഗ്രസിന്റെ നേതൃത്വത്തിൽ പല രൂപത്തിലുള്ള പ്രക്ഷോഭങ്ങളും നടന്നിട്ടുണ്ട്. 1947 ജനുവരിയിൽ വടകര ഹൈസ്കൂളിൽ നിന്ന് കെ. ടി. ജേക്കബ്ബിന്റെയും പി.പി. എസ്തോസിന്റെയും നേതൃത്വത്തിൽ പുറപ്പെട്ട സ്റ്റുഡന്റ്സ് യൂണിയൻ ജാഥ കൂത്താട്ടുകുളത്തുവച്ച് ആഗസ്തി എന്നു പേരുള്ള സബ്-ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നിഷ്ഠൂരമായി അടിച്ചമർത്തപ്പെട്ടു. പിന്നീട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. പി.കെ. കുര്യാക്കോസ് അടക്കമുള്ള വിദ്യാർത്ഥികൾ ക്രൂരമർദ്ദനത്തിനിരയായി. സ്വാതന്ത്ര്യത്തിനുശേഷം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് '48 മെയ് 1 ന് കൂത്താട്ടുകുളത്ത് മെയ്ദിനറാലിയിൽ പങ്കെടുത്ത നിരവധിയാളുകൾ അറസ്റ്റു ചെയ്യപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്തു. തുടർന്ന് ശ്രീ. മങ്ങാട്ട് രാമകൃഷ്ണൻനായർ പൂജപ്പുര സെൻട്രൽ ജയിലിൽ വച്ച് നിഷ്ഠൂരമായി വധിക്കപ്പെട്ടു. യൂത്ത് ലീഗ് സമ്മേളനത്തിൽ പങ്കെടുക്കവെ പാലക്കുഴയിൽ വച്ച് തിരുമാറാടിക്കാരനായ നരസിംഹ അയ്യരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകാനുള്ള ശ്രമത്തെ ചെറുത്തുനിന്നതിന്റെ ഫലമായി ഉമ്മനെന്ന പോലീസ് കോൺസ്റ്റബിൾ കൊല്ലപ്പെട്ടു. തുടർന്ന് ആ സമ്മേളനത്തിൽ പങ്കെടുത്തവരെയാകെ പ്രതികളാക്കി കേസെടുക്കുകയും ഭീകരമായ പോലീസ് അതിക്രമങ്ങൾ അരങ്ങേറുകയും ചെയ്തു. 49 ജൂലായ് 1 ന് തിരു-കൊച്ചി സംയോജനം നടന്ന ദിവസം ഐക്യകേരളത്തിനു വേണ്ടി ആരംഭിച്ച പ്രസിദ്ധമായ വൈക്കം ജാഥയിൽ പങ്കു ചേർന്നതിന് നമ്മുടെ പഞ്ചായത്തിലെ പല ദേശ സ്നേഹികളും കരിമ്പനയിൽ വച്ച് മർദ്ദിക്കപ്പെട്ടു. തുടർന്നുണ്ടായ പോലീസ് അതിക്രമങ്ങളിൽ അനേകമാളുകൾ പീഡിപ്പിക്കപ്പെടുകയും മണ്ണത്തൂർ കടുവാംകുളത്തിൽ വർഗ്ഗീസ് പാലാലോക്കപ്പിൽ വച്ച് ക്രൂരമായി വധിക്കപ്പെടുകയും ചെയ്തു.

1956 നവംബർ ഒന്നിന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ വിഭജിച്ചതിന്റെ ഭാഗമായി ഐക്യകേരളം നിലവിൽ വന്നു. ഇത്തരം സമരങ്ങളുടെ പശ്ചാത്തലത്തിലുയർന്നുവന്ന 57ലെ കേരള ഗവൺമെന്റ് ജന്മിത്വമവസാനിപ്പിച്ച് കൃഷിഭൂമി കർഷകന് നൽകാനുദ്ദേശിച്ചുകൊണ്ടുള്ള കാർഷിക പരിഷ്കരണ നിയമങ്ങൾക്ക് തുടക്കം കുറിച്ചു. 1970 ൽ കാർഷിക പരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെയാണ് നമ്മുടെ പഞ്ചായത്തിൽ കൈവശ കൃഷിക്കാർക്ക് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചത്. കുരുമുളക്, ഇഞ്ചിപ്പുല്ല്, ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ സുഗന്ധവിളകളും കശുവണ്ടിയുമായിരുന്നു പ്രധാന നാണ്യവിളകൾ. ക്രമേണ നാളികേര കൃഷിയും വ്യാപിച്ചു. ഇതിനനുസൃതമായി മലഞ്ചരക്കിന്റെയും മറ്റും വ്യാപാരകേന്ദ്രങ്ങൾ സജീവമായി. വാളിയപ്പാടം, കാക്കൂർ, മണ്ണത്തൂർ, വാണിഭശേരി (ഒലിയപ്പുറം), വെട്ടിമൂട് തുടങ്ങിയ സ്ഥലങ്ങളിൽ വ്യാപാര കേന്ദ്രങ്ങൾ സജീവമായി. മൂവാറ്റുപുഴ, പിറവം, കൂത്താട്ടുകുളം എന്നിവിടങ്ങളിൽ ആഴ്ച ചന്തകളും നിലവിൽ വന്നിരുന്നു.

70 വർഷത്തിലേറെ പഴക്കമുള്ള പിറവം-തൊടുപുഴ റോഡും 50 വർഷത്തി ലേറെ പഴക്കമുള്ള വാളിയപ്പാടം-മാറാടി-മണ്ണത്തൂർ റോഡുമാണ് വാഹന ഗതാഗത സൗകര്യമുണ്ടായിരുന്ന ആദ്യകാല റോഡുകൾ. 65 വർഷങ്ങൾക്ക് മുൻപ് തന്നെ തൊടുപുഴ-പിറവം റോഡിൽ ബസ് സർവ്വീസ് ആരംഭിച്ചിരുന്നു.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ ഒരു നൂറ്റാണ്ടു മുൻപു തന്നെ നിലനിന്നിരുന്നു. 1934ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട വടകര സെന്റ് ജോൺസ് വിദൂരദേശങ്ങളിലുള്ളവർക്കുപോലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രയോജനപ്പെട്ടിരുന്നു. മൂവാറ്റുപുഴ ഹൈസ്കൂളായിരുന്നു ആദ്യകാലത്തെ ആശ്രയം.

മരപ്പണിക്കാർ, കല്പണിക്കാർ, സ്വർണ്ണപ്പണിക്കാർ തുടങ്ങിയവരിലധികവും കാക്കൂർ, തിരുമാറാടി പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് താമസിച്ചിരുന്നത്. എല്ലാ ജോലിക്കും നെല്ലാണ് കൂലിയായി നൽകപ്പെട്ടിരുന്നത്. കൃഷിക്കാരുടെ വീടുകളിൽ നെല്ലു കുത്തുന്ന ഒരു സ്ത്രീക്ക് ഒരു പറ നെല്ലിന് നാഴി അരിയായിരുന്നു കൂലി. ഭൂവുടമാബന്ധത്തിൽ മാറ്റം വന്നതും ആസൂത്രണങ്ങളുടെ ഭാഗമായി നവീന കൃഷി സമ്പ്രദായങ്ങൾ ആവിർഭവിച്ചതും കാർഷിക മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി. ഇന്ന് പഞ്ചായത്തിലെ പ്രധാന കൃഷിയായ റബ്ബർ ആദ്യമായി കൃഷി ചെയ്തത് ഈറ്റാപ്പിള്ളി മാറാടി കുന്നുമ്മേൽ ചെറിയാൻ, മണ്ണത്തൂർ കരിപ്പാക്കുടിയിൽ മത്തായി തുടങ്ങിയവരാണ്. പഴയ മ്യാൽ നിലങ്ങളും മാരികളുമെല്ലാം തന്നെ ഇന്ന് റബ്ബർ തോട്ടങ്ങളായി മാറി. ഇഞ്ചിപ്പുല്ല്, കശുമാവ് തുടങ്ങിയവ ഇന്ന് നാമാവശേഷമായി. മറ്റ് സുഗന്ധ വിളകളും ക്ഷയോന്മുഖമാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം 1953 ആഗസ്റ്റ് 15ന് രൂപം കൊണ്ട തിരുമാറാടി പഞ്ചായത്ത് സമിതിയുടെ ചരിത്രത്തിലേക്കു കടക്കുവാൻ.

1953 ലെയും 63ലെയും തെരഞ്ഞെടുപ്പിൽ ആറു വാർഡുകളായിരുന്നു പഞ്ചായത്തിനുണ്ടായിരുന്നത്. ആറാം വാർഡിൽ (കാക്കൂർ ഭാഗം) ഇരട്ട വോട്ടവകാശം ഉണ്ടായിരുന്നു. ഒരു ജനറൽ സീറ്റും ഒപ്പം ഹരിജൻ സീറ്റും കൂടിയായിരുന്നു ഈ വാർഡ്.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. കെ. പി. പീലിപ്പോസ്, പുൽപ്പാറയിൽ, |
| II. | ശ്രീ. തോമസ് മത്തായി, പള്ളിപ്പാട്ട് |
| III. | ശ്രീ. ചാക്കോ പൈലോ, കുറ്റിച്ചിറ |
| IV. | ശ്രീ. ആർ. വാസുദേവൻ ഇളയത്,പൂവക്കാട്ട് ഇല്ലം |
| V. | ശ്രീ. ഇ. റ്റി. കുര്യാക്കോസ്, ഇടത്തൊട്ടിയിൽ |
| VI. | 1. ശ്രീ. ഇട്ടിയവിര വർക്കി, അമ്മൻകുളം |
| | 2. ശ്രീ. എം. സി. അയ്യപ്പൻ, മരുത്താംകുടി. |

1953 ആഗസ്റ്റ് 15-ാം തീയതി ശ്രീ. എം. വി. ചെറിയാൻ M.L.A, വടകര സെന്റ് ജോൺസ് ഹൈസ്കൂളിൽ ചേർന്ന യോഗത്തിൽ വച്ച് തിരുമാറാടി പഞ്ചായത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായി ശ്രീ. കെ. പി. പീലിപ്പോസും, വൈസ് പ്രസിഡന്റായി ശ്രീ. ഇ. റ്റി. കുര്യാക്കോസും തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് ആസ്ഥാനം വാളിയപ്പാടത്ത് ആക്കുവാൻ കഴിയാതെ വന്നതിൽ പ്രതിഷേധിച്ച് 1956 നവംബർ 23-ന് ശ്രീ. തോമസ് മത്തായി കമ്മിറ്റിയിൽ നിന്ന് രാജി വച്ചു. തുടർന്ന് മണ്ണത്തൂരിൽ ചേർന്ന പൗരയോഗം പകരം പ്രതിനിധിയായി ഏലിയാസ് ജോസഫ് കുരീത്തലയെ തെരഞ്ഞെടുത്തു. 53 മുതൽ 63 വരെയുള്ള ആദ്യ പഞ്ചായത്ത് കമ്മറ്റിയുടെ കാലയളവിൽ പല വികസന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. 1953 ഓഗസ്റ്റ് 23-ന് ചേർന്ന ആദ്യ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ആദ്യത്തെ പ്രമേയം "മണ്ണത്തൂർ കേന്ദ്രമായി ഒരു ഡിസ്പെൻസറി ആരംഭിക്കണം" എന്നായിരുന്നു. പരിമിതമായ തൊഴിൽ കരവും വീട്ടുനികുതിയുമായിരുന്നു പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. ഏകദേശം 10000 രൂപ മാത്രമായിരുന്നു വാർഷിക വരുമാനം. തിരുമാറാടി പഞ്ചായത്തിന്റെ ഇന്നുള്ള പഴയ കെട്ടിടം, കാക്കൂർ, മണ്ണത്തൂർ വായനശാല കെട്ടിടങ്ങൾ എന്നിവ പണികഴിപ്പിച്ചതും, കാക്കൂർ മാർക്കറ്റ് ആരംഭിച്ചതും, മണ്ണത്തൂർ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കപ്പെട്ടതുമെല്ലാം ഈ കമ്മറ്റിയുടെ കാലഘട്ടത്തിലാണ്.

1963 -ലെ രണ്ടാം തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. വി. എൻ ഇട്ടൻകുഞ്ഞ്, വാലാശ്ശേരി |
| II. | ശ്രീമതി. പെണ്ണമ്മ ജേക്കബ്,കൊച്ചുപറമ്പിൽ |
| III. | ശ്രീ. ഡീക്കൻ കുര്യൻ, തട്ടംപാറയിൽ |
| IV. | ശ്രീ. കെ. സി. ലൂയിസ് കുന്നത്ത് |
| V. | ശ്രീ. പി. കെ കുര്യക്കോസ്, പനിച്ചിയിൽ |
| VI. | 1. ശ്രീ. സി. ജെ മാത്യു, ചേന്നാട്ട് |
| | 2. ശ്രീ. എ. സി. ചൊക്ലി, ചെല്ലിയിൽ. |

ഡീക്കൻ കുര്യൻ തട്ടംപാറയിൽ പ്രസിഡന്റും, ശ്രീ. പി. കെ കുര്യാക്കോസ് വൈസ് പ്രസിഡന്റുമായി തിരഞ്ഞെടുക്കപ്പെട്ടു. 1972-ൽ പ്രസിഡന്റിന്റെ മരണത്തെതുടർന്ന് ശ്രീ. സി. ജെ മാത്യു പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 'ലാന്റ് സെസ്' പഞ്ചായത്ത് തീരുമാനം മറികടന്ന് റവന്യൂ ഉദ്യോഗസ്ഥർ വഴി പിരിവ് നടത്താൻ ഗവൺമെന്റ് തീരുമാനിച്ചതിൽ പ്രതിഷേധിച്ച് 1974 ഏപ്രിൽ 10-ന് പഞ്ചായത്ത് കമ്മറ്റി ഒന്നടങ്കം രാജിവച്ചു. അതിനാൽ 74 ഏപ്രിൽ മുതൽ 79 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിൻകീഴിലായിരുന്നു പഞ്ചായത്ത്. ഈ കമ്മറ്റിയുടെ കാലത്ത് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വാളിയപ്പാടം, കീഴൂർ, മൂടക്കുറ്റി, തൊട്ടുകുന്ന്, കരിമത തുടങ്ങിയ ക്രോസ്ബാറുകളും ലിഡിംഗ് ചാനലുകളും നിർമ്മിക്കപ്പെട്ടു. 18 പമ്പ് സെറ്റുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചു. ഗവൺമെന്റ് നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി കാക്കൂർ, തിരുമാറാടി, മണ്ണത്തൂർ എന്നിവിടങ്ങളിൽ 50 വീടുകൾ നിർമ്മിച്ചു. വാളിയപ്പാടത്തും, വെട്ടിമൂട്ടിലും ഓരോ ഏക്കർ സ്ഥലം വാങ്ങി രണ്ട് - നാല് സെന്റ് കോളനികൾ സ്ഥാപിച്ചതും ഇക്കാലത്താണ്. തിരുമാറാടിയിൽ അന്നാരംഭിച്ച I.C.D.P. സബ്സെന്ററാണ് ഇന്നത്തെ മൃഗാശുപത്രി. കാക്കൂരിലെ ഹോമിയോ ആശുപത്രി സ്ഥാപിക്കപ്പെട്ടതും, നാവോളിമറ്റത്തും, കാക്കൂരും, ഫാമിലി വെൽഫെയർ സെന്ററുകൾ ആരംഭിച്ചതും ഇക്കാലത്താണ്. കാക്കൂർ, തിരുമാറാടി, വെട്ടിമൂട് എന്നിവിടങ്ങളിലെ വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണവും ഈ കമ്മറ്റിയുടെ കാലത്താണ്.

1979 സെപ്റ്റംബറിൽ മൂന്നാം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ഹരിജൻ, വനിതാ വാർഡുകൾ സംവരണം ചെയ്തുകൊണ്ട് പഞ്ചായത്ത് 8 വാർഡുകളായി പുനർവിഭജനം ചെയ്യപ്പെട്ടിരുന്നു. വാർഡുകളിൽനിന്ന് താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. എൻ. വി. പൈലി, നെടുംതടത്തിൽ |
| II. | ശ്രീമതി. പെണ്ണമ്മ ജേക്കബ്,കൊച്ചുപറമ്പിൽ |
| III. | ശ്രീ. എം. ജെ. ജേക്കബ്, മുട്ടപ്പിള്ളിൽ |
| IV. | ശ്രീ. റ്റി. നാരായണൻ, അമ്പാട്ട് |
| V. | ശ്രീ. തോമസ് ജോൺ, പുലിയംപിള്ളിൽ |
| VI. | ശ്രീ. ജോസ് ആറാംചേരിൽ |
| VII | ശ്രീ. കെ. വി. ജോസഫ്, കുരീക്കാട്ടിൽ |
| VIII. | ശ്രീ. പി. സി. സ്കറിയ, പുൽപ്പാറയിൽ |

പ്രസിഡന്റായി എം. ജെ ജേക്കബ്ബും, വൈസ് പ്രസിഡന്റായി തോമസ് ജോണും തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റിയുടെ കാലത്താണ് 1981-82 - ലെ ഏറ്റവും നല്ല പഞ്ചായത്തായി തിരുമാറാടി തെരഞ്ഞെടുക്കപ്പെട്ടത്. ഒലിയപ്പുറത്ത് 100 അടി നീളമുള്ള ഷോപ്പിംഗ് കോംപ്ലക്സ് പണി കഴിപ്പിച്ചതും കാക്കൂർ ഷോപ്പിംഗ് കോംപ്ലക്സ്

നിർമ്മാണപ്രവർത്തനമാരംഭിച്ചതും, വെട്ടിമൂട്ടിൽ സ്ഥലം വാങ്ങിയതും ഈ കമ്മറ്റിയുടെ കാലത്താണ്. ഒലിയപ്പുറത്ത് സ്ഥലം സമ്പാദിച്ച് കമ്യൂണിറ്റി ഹാൾ പണിതീർത്തതും പഞ്ചായത്തിന്റെ കൗൺസിൽ ഹാൾ ഉൾപ്പെടുന്ന ഇരുനിലക്കെട്ടിടം പണികഴിപ്പിച്ചതും, ഇക്കാലത്താണ്. മണ്ണത്തൂരിൽ വെയിറ്റിംഗ് ഷെഡ്-കം-റീഡിംഗ് റൂം, നാവോളിമറ്റം, വടകര, ഒലിയപ്പുറം, ഒലിയപ്പുറം കോളേജ് ജംഗ്ഷൻ, തിരുമാറാടി പഞ്ചായത്ത് ജംഗ്ഷൻ, തിരുമാറാടി ഹൈസ്കൂൾ കവല, കാക്കൂർ, കുരാപ്പിള്ളി കുരിശുകവല എന്നിവിടങ്ങളിൽ സ്ഥലം സമ്പാദിച്ച് വെയിറ്റിംഗ് ഷെഡ്ഡുകൾ തീർത്തു. തിരുമാറാടി ശുദ്ധജല വിതരണ പദ്ധതി രൂപകല്പന ചെയ്ത് ടാങ്കിനും മറ്റും ആവശ്യമായ സ്ഥലം വെട്ടിമൂട്ടിലും, കുഴിക്കാട്ടുകുന്നിലും സൗജന്യമായി സമ്പാദിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതും ഇക്കാലഘട്ടത്തിലാണ്. ഒലിയപ്പുറം കേന്ദ്രമായി ആരംഭിച്ച റൂറൽ എഡ്യൂക്കേഷൻ സൊസൈറ്റി വാങ്ങിയ സ്ഥലത്ത് ഗവൺമെന്റ് കോളേജ് അനുവദിക്കപ്പെട്ടതും ഇക്കാലയളവിലാണ്. അതേവരെ ലേലം വിളിച്ചയാൾ നടത്തിയിരുന്ന കാക്കൂർ കാളവയൽ ജനപങ്കാളിത്തത്തോടെ, ജനകീയ ഉത്സവമായി മാറിയത് ഈ കാലത്താണ്. കമ്മറ്റി 5 വർഷ കാലാവധി പൂർത്തിയാക്കി പിരിഞ്ഞതിനുശേഷം 88 ജനുവരിയിൽ തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ ഉദ്യോഗസ്ഥ ഭരണമായിരുന്നു പഞ്ചായത്തിൽ നിലനിന്നത്.

·1988 ജനുവരിയിൽ 4-ാം തെരഞ്ഞെടുപ്പ് നടന്നപ്പോൾ 2 വനിതാസംവരണ വാർഡുകളും ഒരു ഹരിജൻ സംവരണ വാർഡുമടക്കം 9 വാർഡുകളായി പഞ്ചായത്ത് പുനർവിഭജനം നടത്തപ്പെട്ടിരുന്നു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. ഒ.എൻ. വിജയൻ, ഊളകുന്നേൽ. |
| II. | ശ്രീമതി പെണ്ണമ്മ ജേക്കബ്, കൊച്ചുപറമ്പിൽ. |
| III. | ശ്രീ. എം. ജെ. ജേക്കബ്, മുട്ടപ്പിള്ളിൽ. |
| IV. | ശ്രീ. റ്റി. നാരായണൻ, അമ്പാട്ട്. |
| V. | ശ്രീ. പി.കെ. കുര്യാക്കോസ്, പനച്ചിയിൽ. |
| VI. | ശ്രീ. പി.വി. ചെറിയാൻ, പാലത്തിങ്കൽ. |
| VII. | ശ്രീ. എം.എൻ. ചന്ദ്രശേഖരപണിക്കർ, മഠത്തിൽ. |
| VIII. | ശ്രീമതി കുഞ്ഞൂഞ്ഞമ്മ ഐപ്പ്, തെക്കേക്കര. |
| IX. | ശ്രീ. വി.സി. പൗലോസ്, വടക്കേൽ. |

പി.കെ. കുര്യാക്കോസ് പ്രസിഡന്റായും, പി.വി. ചെറിയാൻ വൈ: പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവായപ്പോഴേക്കും കേന്ദ്രഗവൺമെന്റിൽനിന്നും J.R.Y. ഫണ്ടും, സംസ്ഥാന ഗവൺമെന്റിൽനിന്ന് അൺടൈഡ് ഫണ്ടും, നേരിട്ട് കിട്ടിത്തുടങ്ങിയതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെട്ടു. കാക്കൂർ അമ്പലപ്പടി, വിലങ്ങുപാറ, അണ്ടിച്ചിറ എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകളും, നാവോളിമറ്റത്തും കുഴിക്കാട്ടുകുന്നിലും വെയിറ്റിംഗ് ഷെഡ്ഡ്-കം-റീഡിംഗ് റൂമുകളും ഇക്കാലത്ത് നിർമ്മിക്കപ്പെട്ടു. കളപ്പാറ, നെടുങ്ങോട് നാല് സെന്റ് കോളനി, എന്നിവിടങ്ങളിലെ സാംസ്കാരിക നിലയങ്ങൾ, വെട്ടിമൂട് ലൈബ്രറി കെട്ടിടം,, കുറ്റത്തിനാൽ കോളനിയിലെ ടി.വി. കിയോസ്ക് എന്നിവ പണികഴിപ്പിച്ചതും ഈ കമ്മറ്റിയുടെ കാലത്താണ്. തിരുമാറാടി പ്രൈമറി ഹെൽത്ത് സെന്ററിനാവശ്യമായ ഒരേക്കർ സ്ഥലം സമ്പാദിച്ച് കെട്ടിടം പണികഴിപ്പിച്ചതും, പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് വീട് കൂടുതലായി അനുവദിച്ചതും, കുറ്റത്തിനാൽ, മുട്ടത്തുകുന്നേൽ കോളനികൾ I.H.D.P. കോളനികളായി ഉയർത്തപ്പെട്ടതും പഞ്ചായത്ത് മിനി ഓഡിറ്റോറിയം തിരുമാറാടിയിൽ പണിതതും ഇക്കാലത്താണ്.

1995 സെപ്റ്റംബറിൽ നടന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഗ്രാമ പഞ്ചായത്തിലേക്ക് 3 വനിതാ സംവരണവാർഡുകളും, ഒരു ഹരിജൻ വാർഡുമടക്കം 9 വാർഡുകളിൽനിന്ന് താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീമതി എൻ. പി. കമലാക്ഷി, വാലാശേരിൽ. |
| II. | ശ്രീമതി മോളി എബ്രാഹം, കണ്ണന്താനത്ത്. |
| III. | ശ്രീ. എം.ജെ. ജേക്കബ്, മുട്ടപ്പിള്ളിൽ. |
| IV. | ശ്രീമതി ഏലിയാമ്മ കുര്യാച്ചൻ, തട്ടംപാറയിൽ. |
| V. | ശ്രീ. ജോസഫ് ബാബു, ചിറക്കുഴിയിൽ. |
| VI. | ശ്രീ. ഏ. പി. സോമൻ, ആനിപ്പിള്ളിൽ. |
| VII. | ശ്രീ. എം.എ. ടോമി, മീമ്പിള്ളിക്കാവിൽ. |
| VIII. | ശ്രീ. വി.ഒ മത്തച്ചൻ, വെട്ടിമൂട്ടിൽ. |
| IX. | ശ്രീ. പി.ജെ. ബേബി, പടിഞ്ഞാറേവീട്ടിൽ. |

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായ ശ്രീ. അനിൽ ചെറിയാൻ, തിരുമാറാടി പഞ്ചായത്ത് വാർഡിൽനിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. തിരുമാറാടി പഞ്ചായത്ത് ഉൾപ്പെടുന്ന കൂത്താട്ടുകുളം ജില്ലാ പഞ്ചായത്ത് ഡിവിഷനിൽനിന്ന് കുമാരി പി.പി. സുധാദേവിയും തെരഞ്ഞെടുക്കപ്പെട്ടു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായി എം.ജെ ജേക്കബും, വൈസ് പ്രസിഡന്റായി എ.പി. സോമനും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനായി എം. എ ടോമിയും തെരഞ്ഞെടുക്കപ്പെട്ടു.

# ഭൂപ്രകൃതിയും വിഭവങ്ങളും

തിരുമാറാടി പഞ്ചായത്തിന്റെ കിടപ്പ് തെക്കു ... ഭാഗത്തേക്ക് ചെരിവോടുകൂടിയാണ്.

**തിരുമാറാടിപഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് മൂന്നായി തരം തിരിക്കാം.**

1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ
2. ചരിവ് പ്രദേശങ്ങൾ
3. സമതലങ്ങൾ

## 1. ഉയർന്ന കുന്നിൻ പ്രദേശം

ഒൻപതാം വാർഡിലെ കോൽക്കുന്ന് മലയാണ് പഞ്ചായത്തിലെ ഉയരം കൂടിയ മല. പഞ്ചായത്തിനെ പ്രാദേശികമായി നാല് കരകളായി തിരിക്കാം. വടക്കുഭാഗമായ മണ്ണത്തൂർകരയിലാണ് ഉയർന്ന മലകൾ സ്ഥിതി ചെയ്യുന്നത്. 1-ാം വാർഡിലെ ഊളക്കുന്ന്, തട്ടേക്കാട്, പട്ടിയാനിപുഴ മലകളും 3- ാം വാർഡിലെ വെട്ടിക്കാട്ടുപാറ, 3-4 വാർഡിലെ കഴിക്കാട്ടുകുന്ന് മലകളും 5-ാം വാർഡിലെ എടാട്ടുമലയും 6- ാം വാർഡിലെ വിലങ്ങപ്പാറ, 8-ാം വാർഡിലെ നെല്ലരിക്കുന്ന്, 9-ാം വാർഡിലെ ചുറ്റും പുറം, കളപ്പാറ, മണ്ഡലം മല എന്നിവയാണ് പഞ്ചായത്തിലെ പ്രധാനമലകൾ. താഴ്ന്ന പ്രദേശങ്ങളിലെ കൃഷിക്കാവശ്യമായ ചവറുകൾ വളർന്നിരുന്ന മലകളായിരുന്നു ഇവയെങ്കിൽ ഇപ്പോൾ റബ്ബർകൃഷിയാൽ സമ്പന്നമാണ്. ഇവയിൽ മണ്ഡലം മലയുടെ മുകൾഭാഗത്ത് ചുരുക്കം ചില കശുമാവ് ഒഴിച്ചാൽ 14 ഏക്കർ തരിശു ഭൂമിയായി കിടക്കുന്നു. വിസ്തൃതമായിക്കിടക്കുന്ന ഈ കുന്നിന്റെ ചെരുവിൽ പുരാതനമായ ഒരു ഗുഹയുണ്ട്. പഞ്ചായത്തിൽ വിരളമായിക്കാണുന്ന കുറുക്കൻ കാട്ടുകോഴി എന്നിവയുടെ ആവാസകേന്ദ്രവും ഈ മല തന്നെ.മണ്ണത്തൂർ കരയിലെ കുന്നിൻ പ്രദേശങ്ങളിലാണ്.റബ്ബർ, കുരുമുളക്, മുതലായ നാണ്യവിളകൾ കൂടുതലായുള്ളതും ഉൽപാദനക്ഷമതയേറിയതും വളക്കൂറുള്ള കറുത്ത മണ്ണ് ഇവിടെയുണ്ട്.പൊതുവെ മലകളിൽ വെള്ളാരൻ കലർന്ന ചെങ്കൽമണ്ണുകൾ ഉണ്ട്.ഏതാനും ചില ഓലികളുള്ള പ്രദേശമൊഴിച്ചാൽ ജലക്ഷാമം നേരിടുന്ന പ്രദേശമാണിവിടം.നാവോളിമറ്റം കളപ്പാറ ഭാഗത്ത് ചുരുക്കം ചില സ്ഥലങ്ങളിൽ മണ്ണൊലിപ്പ് നിവാരണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

## 2. ചെരിവ് പ്രദേശങ്ങൾ

താഴ്‌വാരങ്ങളെ ഉയർന്ന ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളാണിവ. കുരുമുളക്, തെങ്ങ്, റബ്ബർ, വാഴ എന്നിവ കൃഷി ചെയ്യുന്നു. പഞ്ചായത്തിന്റെ ഉയരം കുറഞ്ഞ ചെരുവുകളിൽ കുടിവെള്ള ശ്രോതസ്സുകൾ നാമമാത്രമായി ഉണ്ട്.വെട്ടുകല്ലുകലർന്ന പശിമരാശി മണ്ണാണ് തെക്കൻ പ്രദേശങ്ങളിൽ. മദ്ധ്യത്തുള്ള ചെരുവുകളിൽ വെള്ളാരൻ കലർന്ന ചെങ്കൽ പ്രദേശങ്ങളാണ്. പ്രധാന കൃഷിയിടങ്ങളിൽ വാഴ, മഞ്ഞൾ, ഇഞ്ചി, മുതലായവ ഇടവിള കൃഷികളുണ്ട്.


## 3. സമതലങ്ങൾ

പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളാണിവിടം. നെല്ല്, കവുങ്ങ്, റബ്ബർ തുടങ്ങിയ കൃഷി രീതികളുണ്ട്. ചെരിവുകളോടുകൂടി ചേർന്ന സമതല പ്രദേശങ്ങളിൽ പാർപ്പിടങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭക്ഷ്യവിളഭൂമികളിൽ മണ്ണിട്ടു നികത്തി നാണ്യവിളകൃഷിയിടങ്ങളാക്കുകയോ ആവാസകേന്ദ്രങ്ങളാക്കി മാറ്റുകയോ ചെയ്യുന്നുണ്ട്.

# ജലലഭ്യത

മഴയെ ആശ്രയിക്കുന്ന കാർഷിക വ്യവസ്ഥയാണിപ്പോൾ നിലവിലുള്ളത്. കുടിവെള്ളത്തിന് വാട്ടർ അതോറിട്ടിയുടെ പദ്ധതിയുമുണ്ട്. കുളങ്ങളിലെയും കിണറുകളിലെയും ജലലഭ്യത മഴമാറുന്നതോടൊപ്പം കുറയുകയും ചെയ്യുന്നുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ (വാർഡ് 1) ഉള്ള വറ്റാത്ത് നീർക്കാനകളിലെ ജലലഭ്യതയിൽ കുറവ് സംഭവിക്കുന്നുണ്ട്. ഊഴവൂർതോട്, മണ്ണത്തൂർ തോട് അവയുടെ കൈതോടുകൾ പതിനെട്ടു പഞ്ചായത്ത് കുളങ്ങൾ എന്നിവയാണ് പൊതുജലസ്രോതസ്സുകൾ.

താഴ്ന്ന പ്രദേശങ്ങളിലെ നെൽപ്പാടങ്ങൾ നികത്തുന്നതും, ചെരിവ് പ്രദേശങ്ങളിലെ ചെങ്കൽ ക്വാറികളും, കുന്നിൻ പ്രദേശങ്ങളിലെ മെറ്റൽ ക്രഷറും, ക്വാറികളും പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. അവയുണ്ടാക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സാക്ഷ്യപത്രമില്ലെങ്കിൽ തന്നെയും ഭൂവിഭവങ്ങളെ അനിയന്ത്രിതമായി കൈകാര്യം ചെയ്യുന്നതിനെ അശങ്കയോടെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.



| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പാറക്കെട്ടുകൾ | സമതലം | ചെരിവുള്ള പ്രദേശം | സമതലം | ചെരുവു പ്രദേശം | കുത്തനെയുള്ള ചെരിവ് | സമതലം | ചെരിവ് | താഴ്‌വര | താഴ്‌വര | കുന്നിൻ മണ്ട | ചെരിവ് |
| മണ്ണിനം | പശിമരാശി മണ്ണ് | വെട്ടുകൽ മണ്ണ് | വെള്ളാരൻ കലർന്ന ചെങ്കല്ല് | കളിമണ്ണ് | വെട്ടുകൽ കലർന്ന മണ്ണ് | പശിമ രാശി മണ്ണ് | പശിമ രാശി മണ്ണ് | വെള്ളാരൻ കലർന്ന മണ്ണ് | കറുത്ത മണ്ണ് | കറുത്ത ലൂസ് Soil | വെട്ടുകൽ കരിങ്കല്ല് | വെട്ടുകൽ കലർന്ന മണൽ |
| സസ്യാവരണം | റബ്ബർ | കമുക്, വാഴ ഇഞ്ചി | റബ്ബർ | നെൽകൃഷി | റബ്ബർ,വാഴ കുരുമുളക് | കമുക്, വാനില, തേക്ക് വാഴ | റബ്ബർ കുരുമുളക് | റബ്ബർ | നെല്ല്, വാഴ കുരുമുളക് പൈനാപ്പിൾ | റബ്ബർ | റബ്ബർ | റബ്ബർ മരച്ചീനി വാഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വരൾച്ച | -------------- | മണ്ണൊലിപ്പ് | നെൽപ്പാടം നികത്തൽ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | -------- | മണ്ണൊലിപ്പ് |

# വിവിധ വികസന തുറകളെക്കുറിച്ചുള്ള അവലോകനം



# പ്രാഥമിക മേഖല

## 1. കൃഷി

തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ സമ്പത് ഘടനയും ജനജീവിതവും മുഖ്യമായും കാർഷിക മേഖലയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. കൃഷിയുമായി നേരിട്ട് ബന്ധമുള്ളവരാണ് 80% കുടുംബങ്ങളും. എന്നാൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന കൃഷിച്ചെലവ് , രോഗബാധയും കൃഷിനാശവും, ഉൽപ്പാദനത്തിലുള്ള മാന്ദ്യം, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവ്, ശാസ്ത്രീയ കൃഷിരീതി അവലംഭിക്കുന്നതിനുള്ള വിമുഖത എന്നീകാരണങ്ങളാൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കാനാവാത്ത സ്ഥിതി വന്നിരിക്കുന്നു. കാർഷിക രംഗത്തെ ഈ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം.

### ചരിത്ര പശ്ചാത്തലം

ഭൂപരിഷ്കരണം നടപ്പിലാവുന്നതിന് മുമ്പ് സംസ്ഥാനത്താകെ നിലനിന്നിരുന്ന ഭൂവുടമ സമ്പ്രദായം തന്നെയാണ് നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നത്. ഭൂമിയുടെ സിംഹഭാഗവും ബ്രഹ്മസ്വത്തിന്റേയും ദേവസ്വത്തിന്റേയും ചുരുക്കം വ്യക്തികളുടേയും അധീനതയിലായിരുന്നു. കൃഷിക്കാർ പാട്ടം, പങ്ക്, വ്യവസ്ഥകളിൽ കൃഷിചെയ്ത് പോന്നു. അക്കാലത്ത് നെല്ലും, കപ്പയും മറ്റ് ഭക്ഷ്യവിളകളുമായിരുന്നു മുഖ്യകാർഷിക വിളകൾ. കരഭൂമിയിൽ ഒരു നല്ലഭാഗം മലകളാണ്. ആ പ്രദേശങ്ങളാകട്ടെ നെൽപ്പാടങ്ങൾക്കുള്ള ചവറ്റുമലകളായി ഉപയോഗിച്ചു വന്നു. ക്രമേണ മലകളിൽ കശുമാവും തെരുവയും വ്യാപകമായി കൃഷിചെയ്യാൻ തുടങ്ങി. ഇഞ്ചി, മഞ്ഞൾ, കച്ചോലം, കുരുമുളക് എന്നിവയാണ് മറ്റ് നാണ്യവിളകൾ. വീണ്ടും ഏറെക്കാലം കഴിഞ്ഞാണ് റബ്ബർക്കൃഷിവ്യാപകമായതും മുഖ്യവിളയായി മാറിയതും. ഭക്ഷ്യാവശ്യം കഴിഞ്ഞ് വിറ്റുകിട്ടുന്ന പണമുപയോഗിച്ചാണ് മറ്റ് ജീവിതാവശ്യങ്ങൾ നിർവ്വഹിച്ചു പോന്നത്. ഇതിന്റെ വിപണന കേന്ദ്രമായി മാറിയത് കൂത്താട്ടുകുളം ചന്തയും. ചവറും, ചാണകവും, ചാരവുമടങ്ങുന്ന ജൈവവളമുപയോഗിച്ച് നടത്തിയിരുന്ന കൃഷിയുടെ ഉൽപ്പാദന ക്ഷമത വലിയ ഏറ്റക്കുറച്ചിലില്ലാതെ തുടർന്നു പോന്നു.

ഭൂമിയുടെ കേന്ദ്രീകരണവും നാടൻ വിത്തിനങ്ങളും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും കാർഷികോപകരണങ്ങളുടെ പ്രാകൃതാവസ്ഥയുമായിരുന്നു അന്നത്തെ കാർഷിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

ഭൂപരിഷ്കരണം നടപ്പാക്കപ്പെട്ടതിനെ തുടർന്ന് പങ്ക് പാട്ട വ്യവസ്ഥ പൂർണ്ണമായി ഇല്ലാതാവുകയും കൃഷിക്കാർ ഭൂമിയുടെ ഉടമസ്ഥരായി മാറുകയും ചെയ്തു. സ്വന്തമായി കിട്ടിയ തുണ്ടുഭൂമിയിൽ മെച്ചപ്പെട്ട വിത്തിനങ്ങളും, രാസവളവും,ട്രാക്ടർ, ടില്ലർ, പമ്പ് സെറ്റ് തുടങ്ങിയ യന്ത്രോപകപരണങ്ങളും ഉപയോഗിച്ച് കഠിന പ്രയത്നത്തിലൂടെ നടത്തിയ കൃഷിയാണ് ഈ പഞ്ചായത്തിന്റെ ഇന്നത്തെ വികസനത്തിനും, പുരോഗതിക്കും കാരണമായി തീർന്നിട്ടുള്ളത്.

എന്നാൽ ഈ അനുകൂല സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി വർദ്ധിച്ചുവന്ന ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ തക്കവണ്ണം കൃഷി ആദായകരമാക്കുന്നതിന് ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത പ്രധാന തട[illegible]യി നിലനിന്നു. തന്മൂലം 10 സെന്റ് ഭൂമിയുള്ളവർ [illegible]ും റബ്ബർക്കൃഷിയെ ആശ്രയിക്കാൻ നിർബന്ധിത[illegible] തീർന്നു.

ജലസേ[illegible] മാത്രമല്ല, മറ്റ് പശ്ചാത്തല സൗകര്യങ്ങളും ആവ[illegible]ുസരണം ലഭിക്കുകയുണ്ടായില്ല. കഴിഞ്ഞ 3 ദശ[illegible]നിടയിൽ തിരുമാറാടി പഞ്ചായത്തിലെ കാർഷി[illegible]വദായത്തിൽ അതിശീഘ്രഗ

തിയിലുള്ള മാറ്റമാണ് ഉണ്ടായിട്ടുള്ളത്. നെല്ലും, കപ്പയും മുഖ്യവിളയുടെ സ്ഥാനത്ത് നിന്നും മാറി നാമമാത്ര കൃഷിയായി കഴിഞ്ഞിരിക്കുന്നു. കല്ലുണ്ടിയും കല്ലിടആര്യനും വെള്ളാര്യനും കട്ടമോടനും പുത്തുവിളഞ്ഞ മലഞ്ചരുവുകളിൽ നിന്നു മാത്രമല്ല മാനാമ്യാലിൽ നിന്നും മാരിക്കണ്ടത്തിൽ നെൽക്കൃഷികുടിയിറക്കപ്പെട്ടു. കാലം മാറി കടലിനക്കരെ നിന്നും എണ്ണപ്പണം നാട്ടിലെത്തുകയും പാർപ്പിടപ്രശ്നം രൂക്ഷമാവുകയും ചെയ്തതോടെ പനിനീർപ്പാടങ്ങളിൽ നിന്നും മുണ്ടകൻപാടങ്ങളിൽ നിന്നും നെല്ല് പിഴുത് മാറ്റി മണ്ണിട്ടു. കെട്ടിടങ്ങൾ പൊങ്ങി. റബ്ബറും തെങ്ങും കമുകുമുൾപ്പെടെ നാണ്യം വിളയുന്ന വിളകളും ഇപ്പോൾ തേക്ക്, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങളും, ജീവനും കൈക്കരുത്തും നൽകിയ അന്നവും, കപ്പയും അന്യം നിൽക്കുന്ന ഭീതിതമായ അവസ്ഥയെക്കുറിച്ച് ഇനിയെങ്കിലും നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

നെല്പാടം നികത്തി പുരയിടമാക്കുമ്പോൾ ഭൂമിയുടെ വിലയിൽ വരുന്ന ഭീമമായ വർദ്ധനവ് നിലങ്ങൾ നികത്താൻ പ്രധാന കാരണമാകുന്നു. കൃഷിപ്പണിക്ക് പ്രത്യേകിച്ച് കൊയ്ത്തിന് ആളെകിട്ടാനില്ലെന്നതും കൂലിച്ചെലവടക്കം കൃഷിച്ചെലവിൽ വന്ന വർദ്ധനവും യന്ത്രവൽക്കരണത്തിന്റെ അഭാവവും നെൽക്കൃഷിയിൽനിന്നും കൃഷിക്കാരെ അകറ്റുന്നു. നെൽപ്പാടങ്ങളുടെ വിസ്തൃതി ഇപ്പോൾ കേവലം 652 ഏക്കറാണ്.

പാടശേഖര സമിതിയെ ശക്തിപ്പെടുത്തിയും, ചിട്ടപ്പെടുത്തിയും, വിത്തുതിരഞ്ഞെടുക്കലും, വിളവിറക്കലും തൊട്ട് വിളവെടുപ്പ് വരെ കൃഷിക്കരുടെ യോജിച്ച പ്രവർത്തനം നിഷ്കർഷയോടെ നടപ്പിലാക്കണം. കൃഷിപ്പണികളിൽ കൂലിക്കാരെ മാത്രം ആശ്രയിക്കാതെ കഴിഞ്ഞ കാലങ്ങളിലേപ്പോലെ കർഷക കുടുംബങ്ങൾ നേരിട്ട് പങ്കാളികളാകണം. കൂടാതെ നടീൽ, കൊയ്ത്ത്, മെതി തുടങ്ങിയ പണികൾക്ക് അടിയന്തിരമായി യന്ത്രവൽക്കരണം ഏർപ്പെടുത്തണം. സർക്കാർ തലത്തിൽ കൂടുതൽ നെൽക്കൃഷി പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുകയും വേണം.

മുൻപ് സൂചിപ്പിച്ചതുപോലെ ജലസേചനത്തിന്റെ അപര്യാപ്തതയും നാണ്യവിളകളോടുള്ള ആഭിമുഖ്യവും താരതമ്യേന മെച്ചപ്പെട്ടവിലയും റബ്ബറിനെ നമ്മുടെ മുഖ്യ കാർഷിക വിളയാക്കി മാറ്റി. നമ്മുടെ പഞ്ചായത്തിന്റെ അമൂല്യമായ ജൈവവൈവിധ്യത്തെ തകർത്ത് കളഞ്ഞു. മണ്ണിന്റെ ജലസംഭരണ ശേഷിയെ തീർത്തും ദുർബലമാക്കി. തൽഫലമായി സ്വതവേ ജല ദൗർലഭ്യമുള്ള നമ്മുടെ നാട്ടിലെ കിണറുകളും കുളങ്ങളും വറ്റാനും കുടിനീർക്ഷാമം പോലും അതി രൂക്ഷമാകാനും ഇടയാക്കി. റബ്ബർക്കൃഷിക്ക് ഇത്തരം ദോഷവശങ്ങളുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ കാർഷിക സമ്പദ് ഘടനയെ താങ്ങിനിർത്തുന്നതിനും ജനജീവിതത്തെ മുന്നോട്ട് നയിക്കുന്നതിനും റബ്ബറിന്റെ ആദായം നിർണ്ണായക പങ്ക് വഹിക്കുന്നു.

ചെറുകിട ഇടത്തരം കൃഷിക്കാരാണ് മൊത്തം റബ്ബറുൽപ്പാദകരിൽ ഭൂരിപക്ഷവും. ശരാശരി ഉൽപ്പാദനക്ഷമത നിലനിൽക്കുന്നു. എന്നാൽ മണ്ണുപരിശോധന കൂടാതെയുള്ള അശാസ്ത്രീയമായ വളപ്രയോഗം ചെലവ് വർദ്ധിപ്പിക്കുകയും അതിനനുസരണമായ ഉൽപ്പാദന വർദ്ധനവ് ഉണ്ടാകാതിരിക്കുന്നതിന് കാരണമാവുകയും ചെയ്തു. റബ്ബർഷീറ്റ് സംസ്കരണത്തിലും ഗുണനിലവാരം കുറയുന്നത് മൂലം വിലയെ സാരമായി ബാധിക്കുന്നു. സംഭരണം സ്വകാര്യമേഖലയിലാണ്. ഇതും വിലക്കുറവിന് കാരണമാണ്. റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ പഞ്ചായത്തിൽ 3 എണ്ണം പ്രവർത്തിക്കുന്നുണ്ട്. അതും കൂടുതൽ സജീവമാകണം.

റബ്ബർ ബോർഡ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൃഷിക്കാർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും ഒട്ടേറെ സഹായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. എന്നാൽ ഒരു വലിയ വിഭാഗം കൃഷിക്കാരും തൊഴിലാളികളും അത് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കപ്പെടണം.

## കേരവികസനം

ജലസേചനത്തിന്റെ തികഞ്ഞ അപര്യാപ്തത, രോഗബാധ, നാളികേരത്തിന്റെ വിലയിടിവ്, രാസവള വില വർദ്ധന, ജൈവവളത്തിന്റെ ലഭ്യതക്കുറവും ഗുണനിലവാരമില്ലായ്മയും എല്ലാം തെങ്ങുകൃഷിയെ വമ്പിച്ച പ്രതിസന്ധിയിൽ കൊണ്ടെത്തിച്ചിരിക്കുന്നു.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി പ്രാവർത്തികമാക്കിയാൽ ജല സേചനകാത്തിൽ മുഖ്യ പരിഹാരമാകും. കേരവികസന സമിതി രൂപീകരണം കൃഷിക്കാർക്ക് ഏറെ പ്രതീക്ഷ നൽകിയിരുന്നു. എന്നാൽ അനുഭവത്തിൽ ഏറെയൊന്നും ഉണ്ടായിട്ടില്ല. കേര വികസനത്തിന് കൃഷിക്കാരുടെ യോജിച്ച പ്രവർത്തന മല്ലാതെ മറ്റ് പരിഹാരമില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. മുഴുവൻ കൃഷിക്കാരെയും സമിതിയിൽ അംഗങ്ങളാക്കുന്നതിന് കഴിഞ്ഞിട്ടില്ല. കൃഷിവകുപ്പിന്റെ ആനുകൂല്യങ്ങൾ വിതരണം നടത്തുന്ന ഏജൻസികളായി സമിതികളുടെ പ്രവർത്തനം പരിമിതപ്പെടുത്തി. സമിതിയുടെ നേതൃത്വത്തിൽ പരമാവധി ജലസേചന സൗകര്യം സാദ്ധ്യമാക്കിയും കൂട്ടായ രോഗപ്രധിരോധ നടപടികളും പരിചരണപ്രവർത്തനങ്ങളും സംഘടിപ്പിച്ചും സഹകരണമേഖലയിൽ വിപണന സൗകര്യമേർപ്പെടുത്തി ഇടത്തട്ടുകാരെ ഒഴിവാക്കിയും തെങ്ങകൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. അതോടൊപ്പം ശാസ്ത്രീയമായ ഇടവിളക്കൃഷി നടപ്പാക്കി മൊത്തം ആദായം വർദ്ധിപ്പിക്കാനും തെങ്ങുകൃഷി മെച്ചപ്പെടുത്താനും കഴിയേണ്ടതാണ്. നാളികേര സംസ്കരണത്തിനും നാളികേരമുപയോഗിച്ചുള്ള പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാനും പദ്ധതിയുണ്ടാകണം

## പച്ചക്കറിക്കൃഷി

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായി നെൽപ്പാ

ങ്ങളിലെ വേനൽക്കാല കൃഷിയാണ് പച്ചക്കറികൃഷി. ഈ പഞ്ചായത്ത് അതിർത്തിയിൽ പ്രതിവർഷം ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറി പുറത്തുനിന്നും കൊണ്ടുവന്ന് വിറ്റഴിക്കപ്പെടുന്നു. പഞ്ചായത്തിലുള്ള സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ ഗൗരവപൂർവ്വമായ ശ്രദ്ധ ഉണ്ടായിട്ടില്ല. പച്ചക്കറി വേനൽക്കാല കൃഷിയായി 2,6,7 വാർഡുകളിൽ നേരിയ തോതിൽ നടക്കുന്നു. വളത്തിന്റെ വിലവർദ്ധനവും, രോഗബാധയും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ജലദൗർലഭ്യമാണ് മറ്റൊരു തടസ്സം.

ജലസേചനം സാദ്ധ്യമായ മുഴുവൻ നെൽപ്പാടങ്ങളിലും ഒരു പൂ കൃഷി പച്ചക്കറി തോട്ടങ്ങളാക്കി മാറ്റണം. പച്ചക്കറികൃഷിക്ക് അനുയോജ്യമായ കരഭൂമിയിലേക്ക് കൃഷിവ്യാപിപ്പിക്കണം. ഒരു വീടിന് ' ഒരു അടുക്കളത്തോട്ടം' എന്ന ലക്ഷ്യം നടപ്പിലാക്കണം. പച്ചക്കറി കൃഷിക്കാരുടെ ഒരു സഹകരണ സംഘം രൂപീകരിച്ചു മേൽത്തരം വിത്തുകളുടെ ഉൽപ്പാദനവും വിതരണവും പച്ചക്കറിയുടെ വിപണനവും നടത്തണം. ഈ സംഘം വഴി ഉൽപ്പാദനത്തിന് സാമ്പത്തിക സഹായവും എത്തിക്കാൻ കഴിയും.

## നടപ്പുപദ്ധതി

1. ഗ്രാമ പഞ്ചായത്തും കൃഷിഭവനും പച്ചക്കറി കർഷകരും സംയുക്തമായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ' പച്ചക്കറി വികസന പദ്ധതി' പഞ്ചായത്തിൽ നടപ്പാക്കണം. V.H.S.C അഗ്രികൾച്ചറൽ വിദ്യാർത്ഥികളേയും സ്കൂൾ വിദ്യാർത്ഥികളേയും പദ്ധതിയിൽ കൊണ്ടുവരണം.

2. പച്ചക്കറി ഉൽപ്പാദകരുടെ സഹകരണ സംഘം രൂപീകരിക്കണം.

## കുരുമുളക്

87 1/2 ഏക്കർ ഭൂമിയിൽ കുരുമുളക് കൃഷി ചെയ്യുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ദ്രുതവാട്ടം തുടങ്ങിയ രോഗ ബാധ കൃഷിക്ക് ഭീഷണിയാണ്. കുരുമുളക് വികസന സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ കൃഷിക്കാരേയും അംഗങ്ങളായി ചേർക്കാനോ പ്രവർത്തനം സജീവമാക്കാനോ കഴിഞ്ഞിട്ടില്ല. ഈ സമിതിയെ കൃഷിക്കാരുടെ അനുഭവങ്ങൾ പങ്കുവക്കാനും അതുവഴി കൃഷിമെച്ചപ്പെടുത്താനുമുള്ള വേദിയാക്കിമാറ്റണം.

## നടപ്പുപദ്ധതി

100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന കുരുമുളക് വികസന പദ്ധതി നിലവിലുണ്ട്. സൗജന്യമായി കുരുമുളക് വള്ളികൾ വിതരണം ചെയ്യാനും ഒരു ഹെക്ടർ കൃഷിക്ക് ഒന്നാം വർഷം 5000 രൂപയും രണ്ടാം വർഷം 3000 രൂപയും മൂന്നാം വർഷം 2000 രൂപയും സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.

## ഹ്രസ്വകാലവിളകൾ

ഒരുകാലത്ത് കൃഷിക്കാർക്ക് സമ്പത്തായി കരുതിയ മലഞ്ചരക്ക് ഇനങ്ങളായ ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നീ കൃഷികൾ ചുരുങ്ങി വരികയാണ്. റബ്ബർ പുതുകൃഷിയുടെ ഇടവിള എന്ന സ്ഥാനമായിരുന്നു ഇടക്കാലത്ത് ഇതിനുണ്ടായിരുന്നത്. പൈനാപ്പിളിന്റെ കടന്നുവരവ് ഈ കൃഷികളെ വീണ്ടും പരിമിതപ്പെടുത്തി. സ്പൈസസ് ബോർഡ് ഈ കൃഷിക്ക് സഹായ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന ഓഫീസിന്റെ സേവനം നമുക്ക് ലഭ്യമാണ്.

## ജാതി, ഗ്രാമ്പൂ, വാനില

സുഗന്ധദ്രവ്യങ്ങളുടെ കൃഷിയിൽ നമ്മുടെ പഞ്ചായത്ത് ഇപ്പോഴും പിൻനിരയിലാണ്. സമൃദ്ധമായ ജലസേചനമാണ് കൃഷിക്ക് മുഖ്യമായ പശ്ചാത്തലം. ജലദൗർലഭ്യം ഈ കൃഷിക്ക് പ്രധാന തടസ്സമാണ്. സുഗന്ധദ്രവ്യങ്ങളിൽ നവാഗതമായ വാനിലക്കൃഷി തിരുമാറാടി പഞ്ചായത്തിൽ നല്ല പ്രചാരത്തിൽ വരുന്നുണ്ട്. കൂത്താട്ടുകുളത്തുള്ള സ്പൈസസ് ബോർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ കൃഷി നല്ല ആദായകരമാകുമെന്ന് കരുതപ്പെടുന്നു. നടീൽ വസ്തുവും സാമ്പത്തീക സഹായവും ലഭ്യമാണ്.

## ഓർക്കിഡ്, മുല്ല, കൂൺകൃഷി

വീട്ടുമുറ്റത്തേയും ടെറസ്നേയും ഉപയോഗപ്പെടുത്തി കൃഷിചെയ്യാവുന്ന വമ്പിച്ച വാണിജ്യ പ്രധാനവും, വരുമാനമുണ്ടാക്കുന്നതുമായ കൃഷിയാണ് ഓർക്കിഡ്. ഓർക്കിഡ് പൂക്കളുടെ കയറ്റുമതി സാദ്ധ്യതയും തെളിഞ്ഞുവരിയയാണ്. ഈ കൃഷിക്ക് സ്ഥലവും, ജലവും വളരെ കുറച്ചുമതി എന്നതും സ്ത്രീകൾക്ക് കൃഷിയിൽ നല്ല പങ്കാളിത്തം വഹിക്കാൻ കഴിയുമെന്നതും പ്രത്യകതയാണ്. വമ്പിച്ച വികസന സാദ്ധ്യതയുള്ള ഈ കൃഷിക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹോട്ടി കൾച്ചറൽ ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായ പദ്ധതികൾ ഉണ്ട്.

ഓർക്കിഡ്, കൂൺ കൃഷികൾക്ക് യുവതീയുവാക്കൾക്ക് പരിശീലനം നൽകാൻ ഹ്രസ്വകാല കോഴ്സുകൾ പഞ്ചായത്തിൽ സംഘടിപ്പിക്കാനും ഔർക്കിഡ്, മുല്ല, കൂൺ കൃഷിക്ക് താൽപ്പര്യമുള്ള വരുടെ സമിതി രൂപീകരിച്ച് ഉൽപ്പാദന വിപണനം സംവിധാനമേർപ്പെടുത്തി ഈ കൃഷിയുടെ സാദ്ധ്യത വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിയണം.

## കൃഷിവികസന സമിതികൾ

കാർഷിക മേഖലയുടെ മുരടിപ്പും ഉൽപ്പാദന തകർച്ചയും നേരിടാനും കൃഷിക്ക് പുതുജീവൻ പകരാനുമാണ് കാർഷിക സംഘടനകളുടേയും കൃഷിവിദഗ്ധരുടേയും ദീർഘകാലത്തെ ചർച്ചയുടേയും പഠനത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥനത്തിൽ 1987 -ൽ പാടശേഖര സമിതികളും കേര സമിതികളും രൂപീകരിച്ചത്. പാടശേഖര സമിതികളുടെ 88-89 കാലത്ത് നടന്ന പ്രവർത്തനം നെല്ലുൽപ്പാദനത്തിൽ വമ്പിച്ച വർദ്ധനവുണ്ടാക്കി. കേരളത്തിന്റെ പുത്തൻ അനുഭവം ദേശീയ ശ്രദ്ധയാകർഷിച്ചു. സമിതികളുടെ പ്രവർത്തനത്തെ ചിട്ടയായി, കൂടുതൽ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. ക്രമേണ സർക്കാരിന്റെ സഹായങ്ങൾ വിതരണം ചെയ്യുന്ന ഏജൻസി മാത്രമായി ചുരുങ്ങിപ്പോയി. ബന്ധപ്പെട്ട മുഴുവൻ കർഷകരേയും അംഗങ്ങളാക്കി ചേർക്കാനും കാർഷികാനുഭവങ്ങൾ ചർച്ചയിലൂടെ പരസ്പരം പങ്കുവക്കാനും ജലസേചനം, രോഗപ്രതിരോധം, കാർഷിക പരിചരണം എന്നീരംഗങ്ങളിലെ പ്രശ്നങ്ങൾക്ക് ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെ കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം തേടാനും കർഷക സമിതികൾ പ്രാപ്തമാകണം. ഓരോ സമിതികളേയും അത്തരത്തിൽ ചിട്ടപ്പെടുത്താൻ നടപടി ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിൽ 9 പാടശേഖര സമിതികളും കേരവികസന സമിതിയും കുരുമുളക് വികസന സമിതിയും നിലവിലുണ്ട്. അവ സജീവമാക്കുകയും പച്ചക്കറിക്കും പൂക്കൃഷിക്കും സമിതികളോ, സഹകരണ സംഘങ്ങളോ രൂപീകരിക്കുകയും വേണം.

## കൃഷിഭവൻ

ഒരു കൃഷിവികസന ഓഫീസറും രണ്ട് ജീവനക്കാരുമടങ്ങുന്ന ആഫീസ് പ്രവർത്തിക്കുന്നു. സർക്കാർ സഹായങ്ങളുടെ വിതരണത്തിൽ മാത്രം പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു. കൃഷിക്കാർക്ക് ശാസ്ത്രീയ കൃഷി രീതി പരിചയപ്പെടുത്തി കൊടുക്കാനോ ഉൽപ്പാദന പ്രക്രിയയിൽ ഏതെങ്കിലും പങ്കുവക്കാനോ കഴിയുന്നില്ല. സ്റ്റാഫിന്റ കുറവ് പ്രധാന തടസ്സമാണ്. ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും മാറ്റം ആവശ്യമാണ്.

## ജലസേചനം

ജീവന്റെ അടിസ്ഥാനം ജലമാണ് . ഒരു പ്രദേശത്തിന്റെ സമൃദ്ധി ജലലഭ്യതയെ ആശ്രയിച്ചാണ്. കൃഷി മാത്രമല്ല വ്യവസായത്തിനും ജലം കൂടാതെ തുടങ്ങാനോ നിലനിൽക്കാനോ സാദ്ധ്യമല്ല. ആയതിനാൽ ആധുനിക വികസന ആസൂത്രണ പ്രക്രിയയിൽ ജല മാനേജ്മെന്റിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. ആദ്യപഞ്ചായത്ത് കമ്മിറ്റിയുടെ ധാരണയും കാഴ്ചപ്പാടും നിലനിർത്താനോ അവർ തുടങ്ങി വച്ചിടത്തുനിന്ന് ഏറെ മുന്നോട്ടു പോകാനോ ഈ നമുക്ക് കഴിഞ്ഞിട്ടില്ലന്നത് ഗൗരവമായി കാണണം.

മഴ, കുളം, കിണറുകളിലെ നീരുറവകൾ, തോട് എന്നിവയാണ് നമ്മുടെ പ്രധാന ജല സ്രോതസ്സുകൾ. മഴയിൽ നിന്നാണ് പ്രധാനമായി നമുക്ക് ജലമെത്തുന്നത്. മലകളും ചെരിവുകളും നിറഞ്ഞ ഗ്രാമത്തിൽ പെയ്തു കിട്ടുന്ന ജലം ഒഴുകി പാഴായി പോകുന്നു. താഴ്ന്ന പ്രദേശങ്ങളാകട്ടെ മഴക്കാല്ത്ത് വെള്ളപ്പൊക്കക്കെടുതിയിലാണ്.

ഈ പഞ്ചായത്തിന്റെ ജീവനാഡി ഉഴവൂർ തോടും മണ്ണത്തൂർ തോടും അതിന്റെ പോഷക കൈത്തോടുകളുമാണ്. ഈ തോടുകളുടെ കരകളിലാണ് നെൽപ്പാടങ്ങൾ. അതിന്റെ ജലസേചനത്തിന് തോട്ടിൽ പണി കഴിപ്പിച്ചിട്ടുള്ള 12 ഓളം ക്രോസ്സ് ബാറുകളുണ്ട്. ഈ തോട്ടിലെ ജലവിതാനവുമായി ബന്ധപ്പെട്ടാണ് മണ്ണത്തൂർ തട്ടേക്കാടുൾപ്പടെ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തേയും നീരുറവയും സ്ഥിതിചെയ്യുന്നത്.

ഈ തോടുകൾ വീതിയും ആഴവും കുറഞ്ഞ് നാമമാത്രാവസ്ഥയിലാണ്. കൃഷിക്കാർ തീരസംരക്ഷണത്തിന് കൈത വച്ചുപിടിപ്പിച്ച് വീതി കുറഞ്ഞും നീരൊഴുക്ക് തടസ്സപ്പെട്ടും പോയിരിക്കുന്നു. ക്രോസ്സ് ബാറുകളുടെ അശാസ്ത്രീയമായ നിർമ്മാണം ആഴംകുറഞ്ഞ് തോട് നികന്ന് പോകുന്നതിനും കാരണമായി. തൽഫലമായി വേനൽക്കാലത്ത് തോടിന്റെ ജലസംരക്ഷണ ശേഷി പൂർണ്ണമായി നഷ്ടപ്പെടുകയും മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം കൃഷിതുടർച്ചയായി നശിക്കുകയും ചെയ്യുന്നു.

ഈ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ കാർഷിക സമ്പത്തിനെ മാത്രമല്ല കുടി നീർ പ്രശ്നത്തിനും അടിസ്ഥാന പരിഹാരമാണ്. ആസൂത്രണത്തിലെ മുൻഗണനാ വിഷയമാണ് തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കണമെന്നത്. ക്രോസ്സ് ബാറു കളുടെ അപാകത പരിഹരിക്കണം. ഈ പ്രവർത്തനം ജന പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തും സർക്കാരും ചെയ്യണം. ഈ പഞ്ചായത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് മാനേജ് മെന്റിന്റെ ഒരു സബ് സെന്റർ 1992 മുതൽ മണിമലക്കുന്നിൽ പ്രവർത്തനം നട ത്തിക്കൊണ്ടിരിക്കുന്നു. 8 സ്ഥിരം ജീവനക്കാരുൾപ്പെടെ 12 ജീവനക്കാർ ഈ ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ജലവിഭവ വിനിയോഗത്തിന്റെ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ടി ഓഫീസിന്റെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. സംസ്ഥാനത്ത് ഇത്തരം ഓഫീസുകൾ വിരള മായിട്ടേ ഉള്ളു. ഈ പഞ്ചായത്തിൽ ടി ഓഫീസ് പ്രവർത്തി ക്കുന്നു എന്നുള്ളത് ജല മാനേജ്മെന്റ് പ്രവർത്തനങ്ങൾ പരമാവധി ഫലപ്രധമാക്കാൻ സഹായകമാണ്.

## ക്രോസ്സ് ബാറുകൾ

തക്കസമയത്ത് അറ്റകുറ്റപ്പണികൾ ചെയ്യാറില്ല. ഷട്ടറുകൾ സൂക്ഷിക്കാൻ സംവിധാനമില്ല. ഇക്കാര്യങ്ങൾ പാടശേഖര സമിതിയുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടേയും നടപ്പിലാക്കണം. ഈ ക്രോസ്സ് ബാറുകളിൽ അനുയോജ്യമായത് വേനൽക്കാല തടയണകളായി കുറഞ്ഞ ചെലവിൽ മാറ്റിത്തീർക്കാൻ നടപടിയുണ്ടാകണം.

## കിണർ, കുളം

ഭൂരിപക്ഷം വീടുകൾക്കും സ്വന്തമായി കിണറുണ്ട്. പൊതുകുളങ്ങളും, കിണറുകളും ഉണ്ടങ്കിൽ പോലും കാർഷികാവശ്യത്തിന് വേനൽക്കാലത്ത് ആവശ്യമായ ജലം കിട്ടുന്ന കുളങ്ങൾ വളരെ അപൂർവ്വമാണ്.

നിലവിലുള്ള പദ്ധതികളിൽ നിന്നും 200 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം കിട്ടുമെന്ന് ഔദ്യോഗിക രേഖകളിൽ പറയുന്നുണ്ടെങ്കിലും പകുതി പോലും യഥാർത്ഥത്തിലില്ല. ഒരു പൂ മുണ്ടകൻ കൃഷിക്ക് വെള്ളം കിട്ടുന്നത് പോലും പൂർണ്ണ ജലസേചിതമായി കണക്കാക്കപ്പെട്ടിരിക്കുന്നു.

## മൂവാറ്റുപുഴ വാലി പദ്ധതി

നമ്മുടെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന ബ്രഹത് പദ്ധതിയാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി. മെയിൻ കനാൽ 1,2,3,4 വാർഡിലൂടെ കടന്നു പോകുന്നു. ഇതിന്റെ പണി ഏതാണ്ട് പൂർത്തീകരണ ഘട്ടത്തിലാണ് രാമമംഗലം ബ്രാഞ്ച് 8, 9 വാർഡുകളിലും പൂർത്തീകരിച്ചു എന്നാൽ 5,6,7,8 വാർഡുകൾക്ക് പ്രയോജനപ്പെടുന്ന കാക്കൂർ ഡിസ്ട്രിബ്യൂട്ടറിയും ഒലിയപ്പുറം, കക്കാട് ഡിസ്ട്രിബ്യൂട്ടറികളും പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ പരമാവധി കൃഷിഭൂമിക്ക് ജലസേചനം കിട്ടത്തക്കവിധം ഈ പദ്ധതിയുടെ ലീഡിംഗ് ചാനൽ പണികഴിക്കാനും നാവോളി മറ്റം വെട്ടിക്കാട്ടുപാറ പോലുള്ള ഉയർന്ന പ്രദേശത്ത് ലിഫ്റ്റ് ഏർപ്പടുത്താനും നടപടിയുണ്ടാകണം. പദ്ധതിയുടെ പണി ഊർജ്ജിതപ്പെടുത്തി സമയബന്ധിതമായി കമ്മീഷൻ ചെയ്യണം. വരൾച്ചക്കെടുതിയിൽ നിന്നും പഞ്ചായത്ത് രക്ഷപെടാൻ ഈ പദ്ധതിയാണ് ഏകപരിഹാരം.

## മണ്ണു സംരക്ഷണം.

പ്രപഞ്ചത്തിൽ ഭൂമിയിൽ മാത്രമേ ജീവൻ കണ്ടത്തിയിട്ടുള്ളു. ജീവന്റെ ആവാസസ്ഥാനം മണ്ണാണ്. ഒരു പിടി മണ്ണിൽ ലക്ഷക്കണക്കായ ജീവാണു പ്രപഞ്ചമുണ്ടന്ന് നാം അറിയണം. മണ്ണിനെ ജീവസുറ്റതാക്കി സംരക്ഷിക്കപ്പെടേണ്ടത് കൃഷിയുടെ മാത്രമല്ല, ജീവസമൂഹത്തിന്റെ നിലനിൽപ്പിനാധാരമാണ്. മണ്ണ് സംരക്ഷണത്തിന് ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലും, ഒമ്പതാം വാർഡിലും ഏതാനും ഭാഗത്ത് മാത്രം പദ്ധതികൾ നിലവിലുണ്ട്. ചരിഞ്ഞ ഭൂപ്രകൃതി ആയതിനാൽ മണ്ണ് സംരക്ഷണ പ്രവർത്തനം ശക്തിപ്പെടുത്തണം. തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കപ്പെടണം. റബ്ബറിന്റെ ടെറസ് നിർമ്മാണമാണ് മണ്ണൊലിപ്പു തടയാനുള്ള പ്രധാനമാർഗ്ഗമായി നാം സ്വീകരിച്ചു പോരുന്നത്.

അമിതമായ രാസവളപ്രയോഗവും, കീടനാശിനി പ്രയോഗവും മണ്ണിന്റെ പുഷ്ടിമ നഷ്ടപ്പെടുത്തുന്നു. മണ്ണു പരിശോധനയിൽ കൂടി ഓരോ കൃഷിക്കും ആവശ്യമായ പോഷകങ്ങൾ ഏതെന്ന് മനസ്സിലാക്കി ശാസ്ത്രീയമായ ജൈവ രാസ വള പ്രയോഗം നടത്തി വിളവ് വർദ്ധിപ്പിക്കാനും കൃഷി ആദായകരമാക്കാനും സാധിക്കണം. പ്രകൃതിദത്തമായ കീടനാശിനികളുടെ നിർമ്മാണവും ഉപയോഗവും വ്യാപകമാക്കണം. മണ്ണുപരിശോധനക്ക് കൃഷിഭവൻ ആഫീസിൽ സൗകര്യമേർപ്പെടുത്തണം.

## ഉൽപ്പന്നങ്ങളുടെ വിലയും, വിപണനവും.

കാക്കൂർ ചന്തയാണ് പഞ്ചായത്തിലെ പ്രധാന വിപണന കേന്ദ്രം. ഇവിടെ മലഞ്ചരക്കും മറ്റ് കാർഷികോൽപ്പന്നങ്ങളും വിറ്റഴിക്കപ്പെട്ടിരുന്നു. കാക്കൂർ കാളവയൽ കാർഷിക ഉത്സവമായി മദ്ധ്യകേരളത്തിൽ പ്രസിദ്ധമായി. എന്നാൽ കാർഷിക മേഖലയിലെ മാറ്റങ്ങൾ ചന്തയേയും സാരമായി ബാധിച്ചു. അതിന്റെ കാർഷിക പ്രാധാന്യം അസ്തമിച്ചു. ചന്ത സജീവമാക്കണം.

മണ്ണത്തൂർ കേന്ദമായി ഒരു ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. റബ്ബറിന്റേയും, തേങ്ങയുടേയും കച്ചവടം സ്വകാര്യ ഏജൻസികളാണ്. കാക്കൂരും, ഒലിയപ്പുറത്തും, മണ്ണത്തൂരും ഓരോ റബ്ബർ ഉൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് സ്വകാര്യ കൊപ്ര ആട്ടികൾ പ്രവർത്തിക്കുന്നു. തേങ്ങ ഇടനിലക്കച്ചവടക്കാർ വാങ്ങി കൂത്താട്ടുകുളത്ത് വിറ്റഴിക്കുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ - വിപണന രംഗത്ത് സഹകരണ പ്രസ്ഥാനം രൂപീകരിച്ച് പ്രവർത്തിക്കേണ്ടത് കാർഷിക മേഖലയുടെ വളർച്ചക്ക് ആവശ്യമായിരിക്കുന്നു.


## സാദ്ധ്യതകൾ

1. ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ M.V.I.P പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുക. ഭാഗീകമായി കമ്മീഷൻ ചെയ്യാവുന്നത്ര ചെയ്യുക.
2. നാവോളിമറ്റത്തേക്കും കുഴിക്കാട്ടുകുന്നിലേയ്ക്കും ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഉറപ്പാക്കൽ.
3. പൊതുസ്ഥലത്തോടനുബന്ധിച്ച് തരിശ് ഭൂമിയിൽ അനുയോജ്യമായ കൃഷിനടത്തുക.
4. കർഷക സമിതി പ്രവർത്തനം മെച്ചപ്പെടുത്താൻ


ബന്ധപ്പെട്ട കർഷകർ സമിതികളിൽ അംഗങ്ങളാകണം

5. ഇടവിള കൃഷി ശാസ്ത്രീയമായി ചിട്ടപ്പെടുത്തൽ.
6. ഒരു വീട്ടിൽ ഒരു അടുക്കള തോട്ടം എന്ന പദ്ധതി നടപ്പാക്കൽ
7. പച്ചക്കറി കൃഷിക്കാരുടെ സഹകരണസംഘം രൂപീകരണം.
8. കൃഷിഭവനിൽ നിന്നും കർഷകർക്ക് ആവശ്യമായ ഉപദേശങ്ങൾ/വിദഗ്ദ്ധ അഭിപ്രായങ്ങൾ ലഭ്യമാക്കണം.
9. ശാസ്ത്രീയമായി കാർഷിക വിജ്ഞാനം പകരുന്ന "ഇൻഫോർമേഷൻ സെന്ററായി" കൃഷിഭവന്റെ പ്രവർത്തനം മാറണം.
10. തോടുകളുടെ ആഴവും വീതിയും ഉറപ്പാക്കാനുള്ള ജനകീയ പ്രവർത്തനം .
11. "പച്ചക്കറി വികസന പദ്ധതി" പഞ്ചായത്തിൽ നടപ്പാക്കണം.
12. ക്രോസ് ബാറുകളുടെ അറ്റകുറ്റപണികളും നിലവിലുള്ള ചിപ്പുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം.
13. നിലവിലുള്ള ക്രോസ് ബാറുകൾ വേനലിൽ തടയണകളായി മാറ്റാൻ കഴിയണം.

# THIRUMARADY GRAMA PANCHAYATH



# THIRUMARADY GRAMA PANCHAYATH



# മൃഗസംരക്ഷണം



കാർഷിക ഗ്രാമമായിരിക്കുന്ന തിരുമാറാടിയിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടിവലിക്കുന്നതിനും, പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. വർഷങ്ങൾക്ക് മുമ്പേ ഇവിടെ ആരംഭിച്ച് ഇപ്പോഴും തുടർന്നു പോരുന്ന കാക്കൂർ 'കാളവയൽ' ഇന്നാട്ടിലെ ആൾക്കാർക്ക് മൃഗസംരക്ഷണത്തോടുള്ള താൽപ്പര്യത്തെ വിളംബരം ചെയ്യുന്നു. ഇന്നത്തപ്പോലെ വേലിക്കെട്ടുകളോ മതിലുകളോ റബ്ബർ കൃഷിയോ പണ്ടുണ്ടായിരുന്നില്ല. അതിനാൽ വിശാലമായ ഭൂപ്രദേശങ്ങളിൽ കന്നുകാലികളെ അഴിച്ചുവിട്ട് തീറ്റാൻ അക്കാലത്ത് സൗകര്യമുണ്ടായിരുന്നു.

പശു, എരുമ, ആട് എന്നിവയാണ് തിരുമാറാടി പഞ്ചായത്തിൽ വളർത്തിവരുന്ന പ്രധാനമൃഗങ്ങൾ. കാളയും, പന്നിവളർത്തലും കുറേശ്ശേയുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴികളാണ്.

## വളർത്തുമൃഗസംഖ്യ

| പശുനാടൻ | | പശുസങ്കരം | | എരുമ | | പട്ടി |
|---|---|---|---|---|---|---|
| കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവഉള്ളത്, | ഇല്ലാത്തത് | |
| 102 | - | 2399 | - | 66 | 20 | 1333 |

## വളർത്തു പക്ഷി

| പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|
| മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 12535 | 1664 | - | 91 | - |

* അവലംബം 1987 സെൻസസ്.

കൃഷി ഭൂമിയുടെ വിസ്തൃതി കുറയുകയും കാലിത്തീറ്റക്കുള്ള ജൈവപദാർത്ഥങ്ങളുടെ ഉൽപ്പാദനം പരിമിതമാവുകയും ചെയ്തതോടെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള മൃഗസംരക്ഷണമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളിൽ കാള, എരുമ, ആട് എന്നീ മൃഗങ്ങളുടെ എണ്ണം കുറഞ്ഞതായി കാണാം. കാളകളുടെ കാര്യത്തിലാണ് ഏറ്റവും കുറവുണ്ടായിട്ടുള്ളത്. നെൽക്കൃഷി കുറഞ്ഞതും കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതും സംരക്ഷണച്ചിലവുകൾ ഏറിയതുമാണ് പൊതുവെയുള്ള കാരണങ്ങൾ. മൃഗപരിപാലന രംഗത്ത് കഴിഞ്ഞ ഏതാനും ദശാബ്ദക്കാലത്തിനിടക്ക് വലിയമാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മാറ്റം അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് തുടർന്ന് ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഉണ്ടായ വർദ്ധനവുമാണ്. ഒപ്പം നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു.

**വാർഡുതലത്തിൽ ഉയർന്നു വന്ന ആവശ്യങ്ങൾ / പ്രശ്നങ്ങൾ പൊതുവായി താഴെ കൊടുത്തിരിക്കുന്നു.**

1. കാലിത്തീറ്റ കുറഞ്ഞവിലക്ക് ലഭിക്കുന്നില്ല.
2. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.
3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്ത മാണ്.
4. പേപ്പട്ടി വിഷബാധക്കുള്ള പ്രതിരോധ കുത്തിവയ്പ് വ്യാപകമാക്കണം.
5. I.C.D.P സെന്ററുകൾ കൂടുതൽ സ്ഥാപിക്കുക.
6. പുൽക്കൃഷി വികസനത്തിന് പുൽവിത്തുകളുടെ വിപണന സംവിധാനം മെച്ചപ്പെടുത്തണം. സഹകരണ ബാങ്കുവഴി പശുവളർത്തലിന് വായ്പ ലഭ്യമാക്കണം.

## മൃഗസംരക്ഷണ രംഗത്തുള്ള പദ്ധതികൾ.

**1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.**

**ലക്ഷ്യങ്ങൾ**

a) ഗുണമേന്മയുള്ള പശുക്കുട്ടികൾക്ക് മികച്ച പരിചരണം നൽകി, 30 മാസത്തിനുള്ളിൽ ആദ്യപ്രസവം സാദ്ധ്യമാക്കുക.

b) ഗുണമേന്മയുള്ള കാലിത്തീറ്റ, പ്രതിരോധ കുത്തിവയ്പ് വിരമരുന്ന് ഇവയ്ക്ക് 50 ശതമാനം സബ്സിഡി ലഭ്യമാണ്.

c) സബ്സിഡിയോടു കൂടി ഒരു വർഷത്തെ കാലിത്തീറ്റ ലഭ്യമാണ്.

ഗുണഭോക്താക്കൾ ക്ഷീര സഹകരണ സംഘത്തിൽ അംഗമായിരിക്കുന്നത് അഭികാമ്യം. ഗുണഭോക്താവിന്റെ പ്രതിമാസ വരുമാനം 900 രൂപയിൽ അധികരിക്കരുത്. 10 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗത്തിനും 30 ശതമാനം വനിതകൾക്കും സംവരണം ലഭിക്കും. 500ലക്ഷം രൂപ 96-97 ലേക്ക് സംസ്ഥാനത്തിന് മൊത്തമായി വക കൊള്ളിച്ചിരിക്കുന്നു.

**2. കന്നുകാലി വസന്ത നിർമ്മാർജ്ജന പദ്ധതി.**

രോഗപ്രതിരോധത്തിനുള്ള കുത്തിവയ്പ് സൗജന്യമാണ്. വരുമാന പരിധിയില്ല.

എറണാകുളം ജില്ല ഈ പദ്ധതിയിൽ വരുന്നില്ല. ഈ ജില്ലകൂടി ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് നടപടിയെടുക്കണം.

**3. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി.**

a) 5 പെൺ പന്നിയും ഒരു ആൺ പന്നിയും ഉൾപ്പെട്ടതാണ് ഒരു യൂണിറ്റ്. പരമാവധി 1200 രൂപ സബ്സിഡി ലഭിക്കും. പന്നിക്കൂട് നിർമ്മാണത്തിന് 7000 രൂപയിൽ അധികരിക്കാത്ത സബ്സിഡിയും ലഭിക്കുന്നതാണ്.

**4. വിജ്ഞാന വ്യാപനവും പരിശീലനവും.**

മൃഗസംരക്ഷണ വകുപ്പ് ഏതാനും പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും കൃഷിക്കാർക്കും ഇവിടെ ട്രെയിനിംഗ് ലഭിക്കും. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമാണ് ഈ പരിശീലനം.

**5. മുയൽ വളർത്തൽ.**

50 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ന്യായമായ വിലയ്ക്ക് മുയൽ കുഞ്ഞുങ്ങളെ ലഭിക്കും. സൗജന്യമായ ചികിത്സ ലഭിക്കും പഞ്ചായത്ത് മൃഗാശുപത്രിവഴി പദ്ധതിയിൽ പദ്ധതിയിൽ പങ്കാളികളാകാം.

**6. വീട്ടുവളപ്പിലെ കോഴിവളർത്തൽ.**

60 ദിവസം പ്രായമുള്ള 5 പിടക്കോഴികൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഓരോ കോഴിക്കും 15 രൂപ സബ്സിഡി ലഭിക്കും. കോഴിക്കുഞ്ഞുങ്ങളെ വീട്ടുപടിക്കൽ എത്തിച്ചു തരും. ഒരു ജില്ലയിൽ രണ്ടു ബ്ലാക്കുകൾ മാത്രമേ പദ്ധതിയിൽ വരു.

**7. പേവിഷ നിർമ്മാർജന പദ്ധതി.**

1996-97 ലേക്ക് 400 ലക്ഷം രൂപ പദ്ധതി വിഹിതമായി മാറ്റിവച്ചിട്ടുണ്ട്. പകുതിവിലക്ക് വാക്സിൻ ലഭ്യമാക്കും. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുകയും ലൈസൻസുള്ള നായ്ക്കളെ സൂക്ഷിക്കുകയും ചെയ്യുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

**8. പുൽക്കൃഷി വികസനം.**

അമ്പതു ശതമാനം സബ്സിഡിയോടു കൂടി നടത്താവുന്ന ഒരു നടപ്പു പദ്ധതിയാണിത്.

## സാദ്ധ്യതയുള്ള ഏതാനും പദ്ധതികൾ.

**സ്കൂൾ പൗൾട്രി ക്ലബ്ബ്.**

പഠനത്തോടൊപ്പം സമ്പാദ്യം - 5 രൂപ അംഗത്വ ഫീസ് നൽകി കുട്ടികളെ പൗൾട്രി ക്ലബ്ബിൽ ചേർക്കുന്നു. 100 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളുള്ള യൂണിറ്റ് നൽകുന്നു.

**എഗ്ഗർ നേഴ്സറി.**

പഞ്ചായത്ത് തലത്തിൽ കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാൻ താൽപ്പര്യമുള്ള കർഷകർക്ക് ഒരു ദിവസം

പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി.

**കോഴിവളർത്തൽ.**

അടുക്കള മുറ്റത്തെ കോഴിവളർത്തൽ - പഞ്ചായത്തിലെ എല്ലാ വീടുകളിലും 5 കോഴികളുടെ ഒരു യൂണിറ്റ് ആരംഭിക്കുക. കോഴി വസന്തക്കെതിരേയുള്ള കുത്തിവയ്പ് ഉറപ്പുവരുത്തുവാൻ പഞ്ചായത്തിലെ മഹിളാസമാജക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തി പ്രധിരോധ കുത്തി വയ്പിനുള്ള പരിശീലനം നൽകുക. പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിൻ പുറമേ നിന്നു വാങ്ങുകയോ മൃഗാശുപത്രി വഴി ലഭ്യമാക്കുകയോ ചെയ്യാം.

**തീറ്റച്ചെലവ് കുറക്കുന്ന പദ്ധതി.**

യൂറിയ ഉപയോഗിച്ച് വയ്ക്കോൽ സമ്പുഷ്ടീകരിക്കുമ്പോൾ വയ്ക്കോലിന്റെ രുചി, ദഹനീയത, പോഷകമൂല്യം എന്നിവ വർദ്ധിക്കുന്നു. ഒരു ടൺ വയ്ക്കോൽ സംപുഷ്ടീകരിക്കുന്നതിന് 40 കിലോഗ്രാം യൂറിയ ആവശ്യമാണ്.

**കാലിരോഗനിയന്ത്രണം.**

വിരമരുന്ന് - ധാതുലവണം - മീനെണ്ണ എന്നിവ പശുക്കുട്ടികൾക്ക് നൽകൽ.

**സേവനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.**

മൃഗാശുപത്രിക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ റഫ്രിജറേറ്റർ - ലാബ് സൗകര്യങ്ങൾ ഇവ മെച്ചപ്പെടുത്തുക.

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ. 1995-1996**

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 2399 | 1276 | 125 |
| കിടാരി | 1000 | 120 | 30 |
| എരുമ | 81 | 55 | 5 |

**പേവിഷബാധ - പ്രതിരോധവും ചികിത്സയും**

പ്രതിരോധ കുത്തി വയ്പ് നടത്തിയവയുടെ എണ്ണം പട്ടി - 240

**രോഗവിവരങ്ങൾ 1995 - 96**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ദഹനസംബന്ധമായവ | 680 | 20 | 300 | 10 |
| 2 | ശ്വാസകോശ സംബന്ധം | 72 | 20 | 100 | - |
| 3 | ഉപാപചയ സംബന്ധം | 120 | 5 | 20 | - |
| 4 | ത്വക് രോഗങ്ങൾ | 120 | 5 | 10 | 5 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 180 | 5 | 84 | 5 |
| 6 | പാദരോഗങ്ങൾ | 720 | 30 | 300 | 60 |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 120 | 10 | 30 | - |
| 8 | വന്ധ്യത | 100 | 5 | - | |
| 9 | അകിടു വീക്കം | 120 | 5 | 30 | |
| 10 | മുടന്തൻ പനി | 150 | 15 | - | |
| 11 | പകർച്ചവ്യാധികൾ | - | - | - | |
| 12 | കാലിവസന്ത | - | - | - | |
| 13 | കുളമ്പുരോഗം | - | - | - | |

1994 - 95 ൽ കുളമ്പുരോഗം ഉണ്ടായിട്ടുണ്ട്.

1995 - 96 ൽ പകർച്ചവ്യാധികൾ തിരുമാറാടി പഞ്ചായത്തിൽ പൊട്ടിപ്പുറപ്പെട്ടിട്ടില്ല.



32

# വ്യവസായം

വ്യവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് തിരുമാറാടി. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഈ ശതകത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന വ്യവസായങ്ങളായ തെരുവ വാറ്റ്, കന്നുകാലികളെ ഉപയോഗിച്ചുള്ള ചക്ക്, കുടിൽവ്യവസായങ്ങളായിരുന്ന കുട്ട, വട്ടി, പായ, ചൂല് മുതലായവയുടെ നിർമ്മാണം ഇന്നു നാമാവിശേഷമായിരിക്കുന്നു. പരമ്പരാഗതവും ആധുനികവുമായ നാമമാത്രമായ സംരഭങ്ങളെ നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ളു.

പഞ്ചായത്തിലെ മുഖ്യ വ്യവസായ സ്ഥാപനങ്ങൾ പാമ്പാക്കുട "ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്", മണ്ണത്തൂർ കേന്ദ്രീകരിച്ചുള്ള മെറ്റൽ ക്രഷറുകളുമാണ്. ഇവ കൂടാതെ തീപ്പെട്ടിക്കൊള്ളി നിർമ്മാണം, "പെൻസിൽ വുഡ് ഇൻഡകസ്ട്രി", സ്റ്റീൽ-തടി ഫർണ്ണിച്ചർ നിർമ്മാണത്തിനുള്ള S.S.I യൂണിറ്റുകൾ, ക്വാറികൾ, ചെങ്കൽ മടകൾ, സിമിന്റ് ബ്രിക്കുകൾ, ഓയിൽ മില്ലുകൾ, വാഹനങ്ങൾക്കുള്ള ബോഡി നിർമ്മാണം, ബ്രയിസിയർ നിർമ്മാണം തുടങ്ങിയ സംരംഭങ്ങളുമുണ്ട്.

## "പാമ്പാക്കുട ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രി"

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. 1959ൽ സ്ഥാപിച്ച ഈ ഗ്രാമീണവ്യവസായത്തിന് സമീപ പഞ്ചായത്തുകളിലുമായി ആറു ശാഖകൾ വേറെയുമുണ്ട്. നൂലുനൂല്പിനും, നെയ്ത്തിനും പരിശീലനം നല്കുന്നുണ്ട്. പഞ്ചായത്തിലെ കാക്കൂർ ശാഖയിൽ 6 ഓഫീസ് സ്റ്റാഫുകളും 18 തൊഴിലാളികളും ജോലിചെയ്യുന്നു. ഈ സ്ഥാപനത്തിൻ കീഴിൽ ഒരു വില്പന ശാലയും കാക്കൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഖാദി ഗ്രാമവ്യവസായ ഫെഡറേഷന്റെ 95-96 വർഷത്തെ ഏറ്റവും നല്ല ഖാദിയ്ക്കുള്ള അവാർഡ് പാമ്പാക്കുട "ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിനു ലഭിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് പ്രാമുഖ്യമുള്ള സംരഭമാണിത്. പഞ്ചായത്തിലെ മണ്ണത്തൂർ ശാഖ പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഒട്ടേറെ വികസന സാദ്ധ്യതകൾ ഈ രംഗത്തുണ്ട്. കേടുപാടു സംഭവിച്ച ഉല്പാദനോപകരണങ്ങൾ, ജോലിഭാരത്തിന് അനുസൃതമായ വേതനമില്ലായ്മ എന്നിവയും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

ഉപകരണങ്ങളുടെ കേടുപാടുകൾ പൂർണ്ണമായി പരിഹരിക്കുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്താൽ പരിശീലനവും ഉദ്പാദനവും വർദ്ധിപ്പിക്കാവുന്നതാണ്. പരിശീലനം ലഭിച്ചിട്ടും സ്ഥാപനവുമായി ബന്ധപ്പെടാത്തവരുണ്ട്.

കുടുംബാന്തരീക്ഷത്തിൽ നിന്ന് വിട്ടുമാറാൻ കഴിയാത്തതുകൊണ്ട് പൊതുകേന്ദ്രത്തിൽ കൂടിച്ചേരാൻ കഴിയാത്തവരുണ്ട്. വീടുകളിൽ നൂൽ നൂല്പിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്താൽ ഉല്പാദനരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാകും.

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ 'ഖാദി' എന്ന മേഖല മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. "വില്ലേജ് ഇൻഡസ്ട്രീ" ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ ഇനിയും വരാത്തത് മറ്റൊരു പ്രശ്നമാണ്. ഈ മേഖലയിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പ്രധാന കണ്ണിയായ തൊഴിലാളികളുമായി മാസത്തിലൊരിക്കലെങ്കിലും ചർച്ച നടത്തി കൂട്ടായ പ്രവർത്തനം ഉണ്ടാക്കിയാൽ സ്ഥാപനത്തിനു നേട്ടമായിരിക്കും.

## മെറ്റൽ ക്രഷറുകളും ക്വാറികളും

മണ്ണത്തൂർ പ്രദേശത്ത് കേന്ദ്രീകരിച്ച് കഴിഞ്ഞ ഒരു ദശകത്തിനുള്ളിലുണ്ടായ സ്വകാര്യ വ്യവസായ സംരഭങ്ങളാണ് ക്രഷറുകളും ക്വാറികളും. നാലു ക്രഷറുകളും ഏഴു ക്വാറികളും പ്രവർത്തിക്കുന്നുണ്ട്. തെക്കേക്കര ഗ്രാനേറ്റ് ഇൻഡസ്ട്രീസ്, പുൽപ്പാറ ഗ്രാനേറ്റ്, പടിഞ്ഞാറേടത്ത് അഗ്രഗേറ്റ്സ്, തേവർമഠം ഗ്രാനേറ്റ് ഇൻഡസ്ട്രീസ് എന്നിവയാണ് ക്രഷറുകൾ. ക്രഷറുകളിൽ 100 തൊഴിലാളികളും ക്വാറികളിൽ 120 തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്.

ചെങ്കല്ല്.

'വാളിയപ്പാടം, തിരുമാറാടി, കാക്കൂർ മേഖലകളിലായി ഒൻപതു ചെങ്കൽ മടകൾ ഉണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെങ്കൽ മടകളുടെ എണ്ണം കുറഞ്ഞുവരുന്നു. 90 തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു. യന്ത്രവത്ക്കരണം. ചെങ്കല്ല് ഉല്പാന തോത് വർദ്ധിപ്പിക്കുന്നുണ്ട്.

## സിമിന്റ് ഇഷ്ടിക

മൂന്നു [illegible]ളാണ് ഈ വ്യവസായവുമായി ബന്ധപ്പെട്ട് [illegible]ത്തിക്കുന്നത്. മണ്ണത്തൂർ, കാക്കൂർ, തിരുമാറാടി കേന്ദ്രങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. മണ്ണൂർ, കാക്കൂർ യൂണിറ്റുകളിൽ ഹോളോബ്രിക്കുണ്ടാക്കുന്നു. കുറഞ്ഞുവരുന്ന ചെങ്കൽ ശേഖരവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ഈ വ്യവസായത്തിന്റെ സാദ്ധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

## പെൻസിൽ വുഡ് ഇൻഡസ്ട്രീ

സ്വകാര്യമേഖല സ്ഥാപനമാണിത്. കാക്കൂരിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ മുപ്പത്തിരണ്ടുപേർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

## തീപ്പെട്ടി കൊള്ളി നിർമ്മാണം

കാക്കൂരിൽ പ്രവർത്തിക്കുന്ന സ്ഥാപനം. മരുന്നില്ലാത്ത കൊള്ളി നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. പഞ്ചായത്തിനു പുറത്തേക്കു കൊണ്ടുപോകുന്ന ഉല്പാദനം മറ്റു വൻകിട തീപ്പെട്ടി നിർമ്മാണ ശാലകളുടെ അസംസ്കൃത പദാർത്ഥമാണ്.

## ബ്രയ്സിയർ നിർമ്മാണം

തിരുമാറാടിയിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. ഏഴു പേർക്ക് ജോലി ലഭിക്കുന്നുണ്ട്.


## കുടിൽ വ്യവസായം

തിരുമാറാടി, കാക്കൂർ മേഖലകളിലെ പപ്പട നിർമ്മാണം, മണ്ണത്തൂരുള്ള മെഴുകുതിരി നിർമ്മാണം, പലഹാര നിർമ്മാണം, ഒലിയപ്പുറത്തെ ഓടുപാത്ര നിർമ്മാണം, വാളിയപ്പാടത്തുള്ള റെഡിമെയ്ഡ് വ്യവസായം,കാക്കൂരുള്ള കുട്ട, മുറം, പനമ്പ് നിർമ്മാണം മുതലായവയാണ് പ്രധാന കുടിൽ വ്യവസായങ്ങൾ.

വൈദ്യുതി ക്ഷാമം, ജലക്ഷാമം, സാമ്പത്തികം കണ്ടെത്തുവാനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയാണ് വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ.

## സാദ്ധ്യതകൾ

1. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
2. സഹകരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.
3. ചെറുകിട-കുടിൽ വ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം പഞ്ചായത്തു തലത്തിൽ.
4. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.



# ഊർജ്ജം

ഗാർഹികം, കൃഷി, വാണിജ്യം ഈ ആവശ്യങ്ങൾക്കായി ഊർജ്ജം ഇവിടെ ഉപയോഗിക്കപ്പെടുന്നു.ഗാർഹികാവശ്യങ്ങൾക്കായി വൈദ്യുതിയെയും, മണ്ണെണ്ണയെയും, വിറകിനെയും, വാതകത്തെയും, ആശ്രയിക്കുന്നുവെങ്കിൽ, കൃഷി ആവശ്യങ്ങൾക്കായി പ്രധാനമായും വൈദ്യുതിയും പരിമിതമായ തോതിൽ എണ്ണയുമാണ് ഉപയോഗിക്കപ്പെടുന്നത്.

പഞ്ചായത്തിലെ വീടുകളിൽ ഏറിയപങ്കും പാചകത്തിന് വിറകും, തെങ്ങുല്പന്നങ്ങളും ഉപയോഗിക്കുന്നു. ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിന് ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെ. ചുരുക്കം വീടുകളിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്. പാചക വാതകം ഗ്രാമത്തിൽ ലഭിക്കാൻ തുടങ്ങിയിട്ട് ഏറെ നാളുകൾ ആയിട്ടില്ല. പാചകവാതകം ഉപയോഗിക്കുന്ന വീടുകളിലും വിറകടുപ്പ് കരുതാറുണ്ട്. വെള്ളം തിളപ്പിക്കാനും നെല്ലു പുഴുങ്ങാനും വീടിനു പുറത്തുള്ള അടുപ്പിൽ തെങ്ങുല്പന്നങ്ങളോ കാർഷികാവശിഷ്ടങ്ങളോ ആണ് പലപ്പോഴും ഉപയോഗിക്കാറുള്ളത്. റബ്ബർകൃഷി വ്യാപകമായിട്ടുള്ളതു കൊണ്ട് റബ്ബറിന്റെ ഉണങ്ങിയ കൊമ്പുകളും, കേടായ മരങ്ങളും, വിറകിനായി ലഭിക്കുന്നുണ്ട്. എങ്കിൽപോലും ആവശ്യത്തിനുള്ളത്ര വിറക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതുകൊണ്ട് കൂടുതൽ സൗകര്യപ്രദമായ ഇന്ധനങ്ങളിലേക്ക് ഗ്രാമവാസികൾ മാറുന്നു എന്നതാണ് മുഖ്യ പ്രവണത.

ദക്ഷതയേറിയ അടുപ്പുകൾ, (പരിഷത്തടുപ്പ് മുതലായവ) ബയോഗ്യാസ് അടുപ്പുകൾ, വിളക്കുകൾ, റ്റ്യൂബ് ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്കുകൾ എന്നീ മെച്ചപ്പെട്ട ഉപകരണങ്ങൾ ഒന്നും തന്നെ വ്യാപകമായ തോതിൽ ഈ പഞ്ചായത്തിൽ പ്രചരിച്ചിട്ടില്ല. ഒറ്റപ്പെട്ട ഉപയോഗങ്ങൾ ഉണ്ടെന്നത് വാസ്തവമാണുതാനും. അടുപ്പ് വ്യാപനത്തിൽ പ്രധാനമായും ഇടപെടുന്ന ഒരു സംഘടന ശാസ്ത്രസാഹിത്യപരിഷത്താണ്. 1986 മുതൽ അടുപ്പ് വ്യാപനത്തെ നിയന്ത്രിക്കുന്ന മറ്റൊന്നാണ് അനർട്ട് (ANERT). അനർട്ടിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും വ്യാപകമായ പ്രവർത്തനം ടി കാര്യത്തിൽ ഇനിയും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. അനർട്ടിന്റെ ഓഫീസുകൾ നെല്ലിക്കുഴി, മുളന്തുരുത്തി എന്നീ ദൂരപ്രദേശങ്ങളിലാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്.

ഇന്ധനക്ഷമത കൂടുതലുള്ള അടുപ്പുകളുടെ പ്രചാരണം, കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ കാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ ഉപയോഗം, വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ വനവത്ക്കരണം എന്നിവയൊക്കെ പ്രശ്നപരിഹാര നിർദ്ദേശങ്ങളാണ്.

തിരുമാറാടി പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി പിറവത്തും, കൂത്താട്ടുകുളത്തും സ്ഥിതി ചെയ്യുന്ന 110 കെ.വി. സബ് സ്റ്റേഷനുകളിൽ നിന്നാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സബ്സ്റ്റേഷനുകൾ രണ്ടും പഞ്ചായത്തിന് വെളിയിൽ സ്ഥിതി ചെയ്യുന്നു.15 ട്രാൻസ്ഫോർമറുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും, ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ നിന്നും, പ്രാഥമികസ്ഥിതി വിവര ശേഖരണത്തിൽ നിന്നും, ട്രാൻസ്ഫോർമറുകൾ അധിക ഭാരം വഹിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധന ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഊർജ്ജ ഉപയോഗത്തിന്റെ നല്ല പങ്കും, ഗാർഹിക മേഖലയിലാണ്. കാർഷികമേഖലയിൽ വൈദ്യുതിയുടെ ഉപയോഗം കുറവാണ്. വീടുകളിൽ വൈദ്യുതി ഉപയോഗം മുൻപന്തിയിൽതന്നെ. ട്യൂബ്ലൈറ്റുകളുടെ എണ്ണം കുറവായിട്ടാണ് കാണുന്നത്. പുതിയ ഗ്രാനൈറ്റ് വ്യവസായങ്ങളും, തടി വ്യവസായ യൂണിറ്റുകളും, പ്രവർത്തനം ആരംഭിച്ചതോടെ വ്യാവസായികാവശ്യത്തിനും വൈദ്യുതി കൂടുതലായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

തിരുമാറാടി പഞ്ചായത്തിൽ പൊതുവെ വൈദ്യുതി ഉപഭോക്താക്കൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം വേണ്ടത്ര വോൾട്ടേജ് ലഭിക്കുന്നില്ല എന്നതാണ്. കൂത്താട്ടുകുളം, പിറവം സബ് സ്റ്റേഷനുകളിലെ കണക്കുകൾ സൂചിപ്പിക്കുന്നത് സബ്സ്റ്റേഷനിൽ തന്നെ ലഭിക്കുന്ന വോൾട്ടേജ്, യഥാർത്ഥത്തിൽ ലഭിക്കേണ്ടതിൽ നിന്നും താഴെയാണെന്നതാണ്. പീക് ലോഡു സമയത്ത് ഇതു തീരെ കുറഞ്ഞു പോകുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുഭവപ്പെടുന്ന പവ്വർകട്ട് ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളെ വെളിച്ചത്തിന്റെ ലഭ്യതക്ക് ഇതരമാർഗ്ഗങ്ങൾ

സ്വീകരിക്കുവാൻ നിർബന്ധിതരാക്കുന്നു.

പഞ്ചായത്തിൽ നടത്തിയ സാമ്പിൾ സർവ്വെ കാണിക്കുന്നത് വീടുകളിലെ കണക്ടഡ് ലോഡ് വൈദ്യുത ബോർഡിന്റെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതൽ ആണെന്നാണ്.അത്പോലെതന്നെ നിലവിലുള്ള മീറ്ററുകളിൽ പലതും കേടുള്ളവയായിക്കാണുന്നു.ആറുമാസത്തിൽ ഒരിക്കൽ മീറ്റർ പരിശോധിച്ച് ബില്ലുനിർണയിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറുകാരണമാണ്.ഈ നഷ്ടത്തിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്.

എനർജി നഷ്ടപ്പെടുത്താതിരിക്കുന്നത് എനർജി ഉൽപാദിപ്പിക്കുന്നതിന് സമമാണ് എന്ന കാഴ്ചപ്പാട് ഉണ്ടാകണം. പ്രേഷണ വിതരണനഷ്ടം കുറയ്ക്കാനുള്ള സാദ്ധ്യത ഇവിടെ ധാരാളമുണ്ട്.

1. വൈദ്യുതി ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക.

2. ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

3. പവ്വർ ലൈൻ മാപ്പിംഗ് നടത്തി വിതരണ ശൃംഖല പുനഃക്രമീകരിക്കുക.

4. ട്രാൻഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

5. കഴിയുന്നത്ര 3 ഫേസ് ലൈനുകൾ വലിക്കുക.

6. സിംഗിൾ ഫേസിന്റെ പരമാവധി ദൈർഘ്യം 1500 മീറ്ററാക്കി കുറയ്ക്കുക.

7. ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക.

L.T. ലൈൻ പോകുന്ന പ്രദേശത്തുള്ള ഉപഭോക്താക്കളുടെ സഹകരണത്തോടെയും, ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിലും, വൈദ്യുത ലൈൻ സ്പർശിച്ചിരിക്കുന്ന മരച്ചില്ലകളും കൊമ്പുകളും വെട്ടിമാറ്റുക.മരം വച്ചു പിടിപ്പിക്കുമ്പോഴേ വൈദ്യുതി ലൈനിൽ നിന്നും വേണ്ടത്ര അകലത്തിൽ നടുവാൻ ജനങ്ങൾ തയ്യാറാവുകയും അതിന് അവരെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യേണ്ടതാണ്.സിംഗിൾ ഫേസ് ലൈനിൽ ചില പുരയിടങ്ങളിൽ ഹോസുകൊണ്ട് കവറു ചെയ്യുന്നതായി കാണപ്പെടുന്നുണ്ട്. ഹോസിനകത്ത് വെള്ളം കെട്ടിനിൽക്കുകയും, ഭാരം കൂടി കമ്പികൾ തൂങ്ങിപ്പോകുകയും കെട്ടിക്കിടക്കുന്ന വെള്ളം കണ്ടക്ടർ ആയി മാറുകയും, തദ്വാരാ വൈദ്യുതി നഷ്ടവും ലൈൻ പൊട്ടിപ്പോകാൻ സാദ്ധ്യതയും ഉണ്ട്.ഹോസിന് ഇടയ്ക്കിടക്ക് തുളകളിട്ടാൽ വെള്ളം കെട്ടിക്കിടക്കുന്നതിന് പരിഹാരമാകും.ട്യൂബ്ബ് ലൈറ്റുകളുടെ ഉപയോഗം വർദ്ധിപ്പിക്കണം. മോട്ടോറുകൾ ഉപയോഗിക്കുമ്പോൾ അതിന്റേതായ കപ്പാസിറ്ററുകൾ ഉപയോഗിക്കുവാൻ K.S.E.B. അനുശാസിക്കുന്നുണ്ടെങ്കിലും കേടായവ പലരും മാറ്റി വയ്ക്കുന്നില്ല. കപ്പാസിറ്ററുകൾ ഉപയോഗിച്ചാൽ പവ്വർ ഉയർത്തപ്പെടുന്നു.മോട്ടോർ കൂടുതൽ കാര്യക്ഷമതയുള്ളതാക്കപ്പെടുന്നു.ലൈ നിലെ വോൾട്ടേജ് സ്റ്റെഡിയായി നിർത്തുന്നതിനും ഇടയാകുന്നു. യഥാസമയം മോട്ടോറിന്റെ കേടായ ബയറിംഗുകൾ മാറ്റുകയും, ഗ്രീസ് ഇടുകയും ചെയ്താൽ വൈദ്യുതി ലാഭിക്കാവുന്നതാണ്. പീക്ക് പീരിയഡിലെ (വൈകിട്ട് 6 മണി മുതൽ 9 മണിവരെ) വൈദ്യുതി ഉപയോഗം പരമാവധി നിയന്ത്രിയ്ക്കണം. സ്ട്രീറ്റു ലൈറ്റുകൾ ഓട്ടോമാറ്റിക് ആയി തെളിയുന്നതിനും കെടുന്നതിനും ഉള്ള സംവിധാനങ്ങൾ ചെയ്യേണ്ടതാണ്. അതു വഴി ബൾബുകളുടെ ആയുസ്സ് കൂടുകയും എനർജി നഷ്ടം ഒഴിവാക്കപ്പെടുകയും ചെയ്യും.

വൈദ്യുതി ലൈനിൽ സുരക്ഷിതത്വത്തിനായി വച്ചിരിക്കുന്നതാണല്ലോ ഫ്യൂസ് യൂണിറ്റുകൾ . അവ കത്തിപ്പോയാൽ അതിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി അത് പരിഹരിക്കാതെ വീണ്ടും ഫ്യൂസ് കെട്ടുന്നത് കണ്ടക്ടർ (അലുമിനീയം കമ്പി മുതലായവ) മുറിഞ്ഞു പോകുന്നതിനും പൊട്ടിക്കിടക്കുന്ന ലൈനിൽ വൈദ്യുതി പ്രവഹിച്ച് വൈദ്യുതി നഷ്ടം ഉണ്ടാവുകയും അപകടങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്യുന്നു.ഗ്രാമവാസികൾ സ്വയം ഫ്യൂസു കെട്ടുന്ന പ്രവണത കൂടി വരുന്നത് നഷ്ടവും അപകടങ്ങളും ക്ഷണിച്ചു വരുത്തുന്നുവെന്ന് ഓർക്കേണ്ടതാണ്.ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൃത്യനിർവ്വഹണത്തിൽ ശുഷ്ക്കാന്തി കാണിക്കണമെന്നതാണ് ഇതിനുള്ള പരിഹാരം. മാസം തോറും മീറ്ററുകളുടെ പരിശോധനയും റീഡിംഗ് എടുക്കലും സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കലും ആവശ്യമാണ്. തിരുമാറാടി പഞ്ചായത്തിൽ ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് തുറക്കേണ്ടതാണ്.

**പഞ്ചായത്തിലെ വൈദിയുതിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.**

**വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ**

1. നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| a. ഗാർഹികം | 1762 |
| b. വ്യാപാരം | 202 |
| c. വ്യാവസായികം | 37 |
| d. കാർഷികം | 241 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | |
|---|---|
| a. Ordinary | 192 |
| b. O.T.P. | 9 |
| c. OYEC | 43 |

3. സ്ട്രീറ്റുലൈറ്റുകളുടെ എണ്ണം

| | |
|---|---|
| a. ബൾബ് 25W | 60 |
| 40W | 158 |
| b. ട്യൂബ് | 13 |
| c. മെർക്കുറി വേപ്പർ | - |
| d. സോഡിയം വേപ്പർ | 25 |
| 4. ആകെ വൈദ്യുതീകരിച്ച കോളനികൾ: | 8 |
| 5. തൻവർഷത്തെ കണക്ഷൻ | |
| a. ഓർഡിനറി | 14 |
| b. OTP | 23 |
| c. OYEC | 96 |

6. പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം.

1. ഒലിയപ്പുറം
2. വടകര
3. കരിമ്പന
4. ഇടയാർ പള്ളിപ്പടി
5. വെട്ടിമൂട്
6. തിരുമാറാടി
7. അണ്ടിച്ചിറ
8. മണ്ണത്തൂർ ടൗൺ
9. മണ്ണത്തൂർ തീയേറ്റർ ഭാഗം
10. നാവോളിമറ്റം
11. വാളിയപ്പാടം
12. കിഴുകുന്ന്
13. കാക്കൂർ
14. മണ്ണത്തൂർ ഈസ്റ്റ്
15. മണ്ണത്തൂർ ക്രഷർ സൈറ്റ്

7. സ്ട്രീറ്റുലൈറ്റിന് വേണ്ടി പ്രതിമാസം അടക്കുന്ന രൂപ 6482-00

# ഗതാഗതം



തിരുമാറാടി പഞ്ചായത്തിൽ റോഡു ഗതാഗതം മാത്രമാണ് നിലവിലുള്ളത്. സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല ഇവിടെയുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 112 കി. മീറ്റർ വരും. ഇതിൽ 58 കി. മീറ്റർ റോഡ് ടാർ ചെയ്തിട്ടുള്ളതാണ്. പഞ്ചായത്തിന്റെ കീഴിലുള്ള റോഡ് ദൈർഘ്യം 71 കി. മീറ്റർ ആണ്. ഇതിൽ 17 കി. മീറ്റർ റോഡ് ടാർ ചെയ്തിട്ടുള്ളതാണ്.

യാത്രാസൗകര്യം ഈ പഞ്ചായത്തിൽ ചില മേഖലകളിൽ ഒരു വിധം തൃപ്തികരമാണ്. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതും, പുതിയവ നിർമ്മിക്കേണ്ടതുമായ മേഖലകൾ ഇനിയും നിരവധിയാണ്. വാഹനങ്ങളുടെ ഉപയോഗം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളില്ല. കലുങ്കുകൾ കുറവാണ്. വർഷക്കാലത്ത് റോഡുകൾ കൂടുതൽ മോശമാകുന്നു. കലുങ്കുകളുടെ അപര്യാപ്തതയും ഓവുചാലുകൾ അടയുന്നതും ഓവുചാലുകൾ ഇല്ലാത്തതു മാണ് ഇതിന് കാരണം. ശരിയായ രീതിയിൽ ഓവുചാലുകൾ മെച്ചപ്പെടുത്തിക്കൊണ്ടും പുതിയവ ഉണ്ടാക്കി കൊണ്ടും റോഡുകളുടെ നില മെച്ചപ്പെടുത്താവുന്നതാണ്.

## വാർഡുകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ.

### വാർഡ് I

ഗതാഗത യോഗ്യമല്ലാത്തവ ഗതാഗത യോഗ്യമാക്കുക. ടെൻഡർ ചെയ്ത റോഡു ജോലികൾ ക്യാൻസൽ ചെയ്തത് പുനർ ടെൻഡർ ചെയ്ത് നടപ്പാക്കുക. ഹരിജൻ കോളനിയിലേക്കുള്ള റോഡു നിർമ്മാണം, ശ്രമദാനമായി വെട്ടിയ റോഡുകളുടെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുക. ഇവയൊക്കെയാണ് ചെയ്യേണ്ട ജോലികൾ.

### വാർഡ് II

റീടാറിംഗ് ജോലികൾ - ഉരുൾ പൊട്ടലിൽ ബലക്ഷയം വന്ന പാലങ്ങൾ ബലപ്പെടുത്തൽ - പുതിയ റോഡുകളുടെ നിർമ്മാണം - നിലവിലുള്ളതിന്റെ അറ്റകുറ്റപ്പണികൾ - ഇതൊക്കെ ചെയ്യേണ്ടതായിട്ടുണ്ട്.

### വാർഡ് III

ടെൻഡർ ചെയ്തതിന് ശേഷം നടപ്പാക്കാത്ത റോഡുപണികൾ നടപ്പാക്കികിട്ടുക. നിലവിലുള്ള റോഡുകളുടേയും ഓടകളുടേയും അറ്റകുറ്റപ്പണികൾ - പുതിയ റോഡുകളുടെ നിർമ്മാണം റീ ടാറിംഗ് ജോലികൾ ഇവയൊക്കെയാണ് ആവശ്യങ്ങൾ.

### വാർഡ് IV

നിലവിലുള്ള റോഡുകളുടേയും ഓടകളുടേയും അറ്റകുറ്റപ്പണികൾ - പുതിയറോഡുകളുടെ നിർമ്മാണം - ടാറിംഗ് ജോലികൾ ഇവയൊക്കെ ആവശ്യങ്ങളാണ്.

### വാർഡ് V

ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കുക. റോഡുകളുടെ അറ്റകുറ്റപ്പണികൾ - ഭാഗീകമായി തീർത്ത റോഡുകളുടെ പൂർത്തീകരണം - പുതിയ റോഡുകൾ ഈ പണികൾ അവശേഷിക്കുന്നു.

### വാർഡ് VI

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ - ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കുക - ലിങ്കുറോഡുകളുടെ നിർമ്മാണം - ഓടകളുടെ നിർമ്മാണം - ടാറിംഗ് ജോലികൾ ഇവയൊക്കെ ആവശ്യങ്ങളാണ്.

### വാർഡ് VII

ഭാഗികമായി ചെയ്തു തീർത്തിരിക്കുന്ന റോഡുകളുടെ പൂർത്തീകരണം - പുതിയ റോഡുകൾ നിർമ്മിക്കുക - ലിങ്കുറോഡുകളുടെ നിർമ്മാണം - അറ്റകുറ്റപ്പണികൾ ഇവയൊക്കെ ആവശ്യങ്ങളാണ്.

### വാർഡ് VIII

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ലിങ്കുറോഡുകളുടെ നിർമ്മാണം. പുതിയ റോഡുകൾ ഇവയൊക്കെ ആവശ്യങ്ങളിൽപ്പെടുന്നു.

### വാർഡ് IX

റോഡിന്റെ മെറ്റലിംഗ് ജോലികൾ, ടാറിംഗ് ജോലികൾ - പുതിയവയുടെ നിർമ്മാണം - റോഡിന്റെ അറ്റകുറ്റപ്പണികൾ ഇവയൊക്കെയാണ് ആവശ്യങ്ങൾ.

സമീപപഞ്ചായത്തുകളുമായി ബന്ധിക്കുന്ന റോഡുകളും, പാലങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുവേണ്ട നടപടികൾ ആവശ്യമാണ്. ഏറ്റവും പഴക്കമുള്ളതും PWD യുടെ നിയന്ത്രണത്തിലുള്ളതുമായ പിറവം - അഞ്ചൽപ്പെട്ടി - ഒലിയപ്പുറം - കൂത്താട്ടുകുളം വഴിയുള്ള റോഡ് നിർദ്ദശത്തിലിരിക്കുന്ന സംസ്ഥാന ഹൈവേയുടെ ഭാഗമാവുകയെന്നുള്ളത് ഈ ഗ്രാമവാസികളുടെ ഒരു പ്രധാന ആവശ്യമാണ്.

പൊതുനിരത്തുകൾ സംരക്ഷിക്കുക എന്നതും ഇരുവശങ്ങളിലും മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്ന പുത്തൻ സംസ്കാരം നാം വളർത്തേണ്ടിയിരിക്കുന്നു.



## റോഡുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ

| റോഡിന്റെ സ്വഭാവം നീളം കിലോമീറ്ററിൽ | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | ടാർ | | | മറ്റുള്ളവ | ആകെ |
| | | | പഞ്ചായത്ത് | P.W.D | N.H | | |
| 28 | 20 | 6 | 17 | 41 | - | 11 | 123 |

## മാർക്കറ്റ്

തിരുമാറാടി പഞ്ചായത്തിലെ പൊതുമാർക്കറ്റുകൾ കാക്കൂരും മണ്ണത്തൂരും സ്ഥിതിചെയ്യുന്നു. ഈ മാർക്കറ്റുകളിൽ നിന്നും 7000 രൂപ വാർഷിക വരുമാനമുണ്ട്. നിലവിലുള്ള മാർക്കറ്റുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഒലിയപ്പുറം തിരുമാറാടി എന്നിവിടങ്ങളിൽ മാർക്കറ്റുകൾ ആവശ്യമാണ്.

# ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

## ഭവനനിർമ്മാണം

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങൾ 5129 എണ്ണമാണ്. ഇതിൽ വാസയോഗ്യമായ വീടുകൾ 4401 ഉണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെയും ഭവന നിർമ്മാണ സഹകരണസംഘങ്ങളുടെയും മറ്റു ഏജൻസി കളുടെയും സഹായം പഞ്ചായത്തിൽ പ്രയോജനപ്പെ ടുത്തുന്നുണ്ട്. ജെ,ആർ.വൈ പദ്ധതിയിലൂടെ 33 വീടു കളും കൈരളി ഭവന പദ്ധതിയിലൂടെ 50 വീടുകളും തീർത്തിട്ടുണ്ട്. താഴ്ന്ന വരുമാനക്കാർക്കുള്ള മറ്റു ഭവന പദ്ധതിയിലൂടെ 70 വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട്. പുതു തായി 400 വീടുകൾ കൂടി നിർമ്മിക്കേണ്ടതുണ്ട്.

ഇന്ന് നിലനിൽക്കുന്ന ഭവനനിർമ്മാണരീതിക ളിൽ കരാർ സമ്പ്രദായത്തിലുള്ളവ കൂടിവരുന്നു. ഇത് ഓരോ വ്യക്തിയുടെയും നിർമ്മാണചെലവ് വർദ്ധിപ്പി ക്കുന്നു. വിദേശപണസ്വാധീനം ആർഭാടപൂർവ്വമായ നിർമ്മാണത്തിലെത്തിക്കുന്നു. നിർമ്മാണ ചെലവ് വർദ്ധി പ്പിക്കുന്ന മറ്റൊരു ഘടകം അനുകരണ ഭ്രമവുമാണ്. നിർമ്മാണസാമഗ്രികളുടെ വിലവർദ്ധനവും വിഷമം സൃഷ്ടിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണത്തൊഴിലിലേർപ്പെട്ടിരിക്കുന്നവ രുടെ കൂലിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വിദഗ്ധ തൊഴി ലാളിക്ക് 150 മുതൽ 175 രൂപ വരെയും സഹായിക ളായ പുരുഷന്മാർക്ക് 100 മുതൽ 125 രൂപ വരെയും സ്ത്രീകൾക്ക് 80 മുതൽ 100 രൂപയുമാണ്. എങ്കിലും ഈ രംഗത്ത് തൊഴിലാളികളുടെ കുറവുണ്ട്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ വായ്പാസൗ കര്യങ്ങളുടെ അപര്യാപ്തത, ലഭിക്കുന്നതിനുള്ള ബുദ്ധി മുട്ട്, ധനകാര്യസ്ഥാപനങ്ങളുടെ നൂലാമാല, ഭൂമിയുടെ ഉട മസ്ഥത കൈമാറ്റത്തിന് വരുന്ന ബുദ്ധിമുട്ട് ഇവ ഭവന നിർമ്മാണത്തിനുള്ള പദ്ധതികൾക്ക് തടസ്സം നിൽക്കുന്നു.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സൗജ ന്യവീട് വേണം.
2. 5 വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്നതിന് 'പ്രത്യേകപദ്ധതി' ഉണ്ടാക്കണം.
3. ലക്ഷംവീട് കോളനികളുടെ ശോച്യാവസ്ഥ പരിഹ രിക്കുക.

### സാദ്ധ്യതകൾ

1. പഞ്ചായത്തിലെ കെട്ടിടനിർമ്മാണ തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് സൊസൈറ്റിയുണ്ടാക്കണം.
2. ചെലവ് കുറഞ്ഞ വീട് പദ്ധതി തുടങ്ങാൻ കഴിയണം.
3. കോളനിയിലെ (ലക്ഷംവീട്) വീടുകളുടെ അറ്റകുറ്റ പണികൾ തീർക്കണം.

### കെട്ടിടങ്ങളുടെ പൊതുവിവരം

വാർഡ്നമ്പർ 1-ലധികം നിലയുള്ളത് വാർക്ക ഓട് ഓല മറ്റുള്ളവ ആൾപ്പാർപ്പുള്ളത് ദേവാലയങ്ങളും കടകളും മറ്റും ആകെ

**കെട്ടിടങ്ങളുടെ പൊതുവിവരം**

| വാർഡ് നമ്പർ | ഒന്നിലധികം നിലയുള്ളത് | വാർക്ക | ഓട് | ഓല | മറ്റുള്ളവ | ആൾപ്പാർപ്പുള്ളത് | ദേവാലയങ്ങളും കടകളും മറ്റും | ആകെ |
|---|---|---|---|---|---|---|---|---|
| I. | 19 | 144 | 430 | 49 | 3 | 645 | 13 | 658 |
| II. | 2 | 127 | 306 | 24 | 14 | 473 | 21 | 494 |
| III. | 10 | 95 | 269 | 44 | 3 | 421 | 66 | 487 |
| IV. | 10 | 98 | 379 | 57 | 6 | 550 | 111 | 661 |
| V. | 9 | 95 | 353 | 31 | 1 | 489 | 116 | 605 |
| VI. | 4 | 62 | 247 | 44 | 4 | 361 | 103 | 464 |
| VII. | 21 | 71 | 301 | 26 | 4 | 423 | 145 | 568 |
| VIII. | 4 | 54 | 320 | 38 | 1 | 417 | 146 | 563 |
| IX | 20 | 166 | 370 | 63 | 3 | 622 | 7 | 629 |

## സാമൂഹ്യക്ഷേമം

സമൂഹ്യ വികാസത്തിന്റെ വഴിയിൽ അശാസ്ത്രീയമായ സമ്പത്തിന്റെ വിതരണം വഴിവച്ച ഫ്യൂഡലിസത്തിന്റെ, ചൂഷണത്തിന്റെ മുഖം ധനികവൽക്കരണ-ദരിദ്രവൽക്കരണ പ്രക്രിയയ്ക്ക് ആവേശം കൂട്ടി. ശാസ്ത്രസാങ്കേതിക പുരോഗതിയാൽ കൈവരിച്ച നേട്ടങ്ങൾ ചെറു ന്യൂനപക്ഷം കൈയ്യടക്കി. ജനസംഖ്യാവളർച്ചപോലെ തന്നെ ദരിദ്രവൽക്കരണ പ്രക്രിയയിലും ലോകത്തിലെ മുൻനിര രാജ്യങ്ങളുടെ പട്ടികയിൽപ്പെട്ടു നമ്മുടെ രാജ്യവും. ഈ ദുർഗ്ഗതിയിൽനിന്നു രാജ്യത്തെ മോചിപ്പിക്കുവാൻ അധികാരിവർഗ്ഗമാകുന്ന ചൂഷണവർഗ്ഗം ആവിഷ്കരിച്ച സാമൂഹ്യ ക്ഷേമപദ്ധതികൾ ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 36% ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് IRDP പഠനങ്ങൾ കാണിക്കുന്നു. ഇതിൽതന്നെ 5% പട്ടികജാതി വിഭാഗത്തിൽപെടുന്നു. സർവ്വേ സൂചിപ്പിക്കുന്ന പ്രകാരം 9% ദുർബ്ബലജനവിഭാഗങ്ങൾക്ക് സാമൂഹ്യക്ഷേമപദ്ധതിപ്രകാരമുള്ള സാമ്പത്തികസഹായം ലഭിച്ചപ്പോൾ ഇതിൽ 60% പേർ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളതായി കണക്കാക്കപ്പെടുന്നു.

ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ പലതും യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കാതെ പോകുന്ന സാഹചര്യം നിലനിൽക്കുന്നതായി കാണാം. വിവിധ സാമൂഹ്യക്ഷേമപദ്ധതികളെപ്പറ്റിയുള്ള വിശദാംശങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിലും, വ്യാപിപ്പിക്കുന്നതിലും സാമൂഹ്യക്ഷേമവകുപ്പിന്റെ പങ്ക് ദുർബ്ബലമാണ്. ഗ്രാമസഭകളിൽനിന്നും പ്രധാനമായും ഉയർന്നുവന്ന മുറവിളി സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ അപര്യാപ്തതകളെപ്പറ്റിയാണ് യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുവാനായി പാനൽ രൂപീകരിക്കപ്പെടേണ്ടതാണെന്നും ഗ്രാമസഭ നിർദ്ദേശിച്ചു. തുടർവിദ്യാഭ്യാസത്തിന് മുൻഗണന നൽകേണ്ട കാര്യവും പരാമർശിക്കപ്പെട്ടു.

വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ എന്നീ പദ്ധതികൾ പ്രകാരം പഞ്ചായത്തിലെ ജനങ്ങൾക്ക് ഇപ്പോൾ സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്.

| പദ്ധതിയുടെ പേര് | നിലവിൽ ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| 1. വികലാംഗ പെൻഷൻ | 21 |
| 2. കർഷകതൊഴിലാളി പെൻഷൻ | 199 |
| 3. വാർദ്ധക്യകാല പെൻഷൻ | 18 |
| 4. വിധവാ പെൻഷൻ | 25 |


വിധവയുടെ പെൺമക്കൾക്ക് വിവാഹധനസഹായം, വാർദ്ധക്യകാല പെൻഷൻ എന്നീ ഇനങ്ങളിൽ ഇനിയും വേണ്ടത്ര സഹായം ലഭ്യമാക്കേണ്ടതുണ്ട്.

ട്രൈസം പദ്ധതി പ്രകാരം പഞ്ചായത്തിൽ തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം 20. ഇതിൽ പരിശീലനം സിദ്ധിച്ച മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ 50% മാത്രമാണ്.

തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ എണ്ണം 1991 വരെ 321 ആണ്. തുടർന്നുള്ള വർഷങ്ങളിൽ അപേക്ഷ ക്ഷണിച്ചുവെങ്കിലും മേൽനടപടിയൊന്നും ഉണ്ടായിട്ടില്ല.

### സാദ്ധ്യതകൾ

1. പദ്ധതികൾക്കർഹരായവരെ കണ്ടെത്തുന്നതിനും കാലതാമസം കൂടാതെ അപേക്ഷകൾ നൽകുന്നതിനും പഞ്ചായത്തുതല ജനകീയസമിതി.
2. അവശ ജനവിഭാഗങ്ങൾക്കുള്ള സർക്കാർക്ഷേമ പരിപാടികളെക്കുറിച്ചുള്ള ബോധവൽക്കരണം.
3. ദുർബ്ബലവിഭാഗക്കാർ താമസിക്കുന്ന ലക്ഷംവീട് കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കാനുള്ള കർമ്മപരിപാടി.
4. സാക്ഷരതാ തുടർവിദ്യാഭ്യാസം തുടങ്ങുവാനുള്ള യുവജന-സന്നദ്ധ പ്രവർത്തകരുടെ സ്ക്വാഡുകൾ വാർഡുതലം.



# പൊതുജനാരോഗ്യം

"വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്നപോലെ ആരോഗ്യം ധനമാണ് എന്നൊരു ചൊല്ലുണ്ട്. ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള ഒരു മനസ്സിനെ സൃഷ്ടിക്കുന്നു. ആരോഗ്യമുള്ള മനസ്സുകൾ ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നു. ഇത്തരം ഒരുസമൂഹത്തെ സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടിൽ നിന്ന് കൊണ്ടും, ഇത് സമൂഹം സ്വയം ഏറ്റെടുക്കേണ്ട കർത്തവ്യമാണെന്ന ബോധം ഉൾക്കൊണ്ടും, ഈ കർത്തവ്യം നിറവേറ്റുന്നതിലേക്കുള്ള ശക്തമായ ഒരു കാൽവയ്പ് എന്ന നിലയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി തിരുമാറാടി പഞ്ചായത്തിന്റെ പൊതുജനാരോഗ്യം എന്ന വിഷയത്തെ അവലോകനം ചെയ്യുന്നത് നന്നായിരിക്കും.

വ്യക്തിശുചിത്വം, പരിസര ശുചിത്വം, പോഷകാഹാരം, ശുദ്ധവായു, ശുദ്ധജലം, ആരോഗ്യകരമായ തൊഴിൽരംഗം, മുതലായവയുടെ ഏറിയും കുറഞ്ഞുമുള്ള അഭാവമാണ് നമ്മുടെ സമൂഹത്തിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട പല രോഗങ്ങളുടേയും കാരണം. ഇത് സാമൂഹിക പ്രശ്നമാണ്. ഇത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിരവധിയുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. രോഗം വന്നിട്ട് ശുശ്രൂഷചെയ്യുന്നതിൽ ഭേദം രോഗം വരാതെ നോക്കുന്നതാണെന്നും ഇതിന് വേണ്ടിയുള്ള മുൻകരുതലുകളും പരിപാടികളുമാണ് നല്ലതെന്നും നമുക്കറിയാം. എന്നാൽ മുൻപറഞ്ഞപോലെ സംവിധാനങ്ങൾ ഉണ്ടെങ്കിലും കാര്യക്ഷമതയില്ലാത്തതിനാലും, ജനശ്രദ്ധയില്ലാത്തതിനാലും മറ്റും കാര്യങ്ങൾ ഭംഗിയായി നടക്കുന്നില്ല. രോഗങ്ങൾ വന്നതിന് ശേഷമുള്ള ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിലും അല്ലാതേയും നിരവധിയുണ്ട്.

തിരുമാറാടിയിലെ പ്രൈമറി ഹെൽത്ത് സെന്റർ, മണ്ണത്തൂരിലെ ആയുർവ്വേദ ആശുപത്രി, കാക്കൂരിലെ ഹോമിയോ ഡിസ്പെൻസറി എന്നിവയാണ് സർക്കാർ മേഖലയിലെ ചിതിത്സാകേന്ദ്രങ്ങൾ. നാവോളി മറ്റത്ത് ഒരു ലേഡി ഹെൽത്ത് വിസിറ്ററുടെ സേവനവും ലഭ്യമാണ്. ഇത് തിരുമാറാടി P.H.C യുടെ കീഴിൽ പ്രവർത്തിക്കുന്നു. P.H.C യിൽ ഒരു ഡോക്ടറും ഓഫീസ് സ്റ്റാഫുമായി 12 ജീവനക്കാരും, ആയുർവ്വേദ ഡിസ്പെൻസറിയിൽ ഡോക്ടർ ഉൾപ്പെടെ 11 പേരും ഹോമിയോ ആശുപത്രിയിൽ 3 പേരും ജീവനക്കാരായുണ്ട്. ഇതിന് പുറമേ പഞ്ചായത്ത് നിവാസികൾ പഞ്ചായത്തിന് വെളിയിലുള്ള ആതുരസേവനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. നാവോളി മറ്റത്തും, കാക്കൂരും ഓരോ സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒലിയപ്പുറത്തുള്ള സാമൂഹ്യക്ഷേമ കേന്ദ്രം ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

സ്വകാര്യമേഖലയിലെ ആതുരസേവനം ഒന്നു നോക്കാം. അലോപ്പതി വിഭാഗത്തിൽ വാളിയപ്പാടത്തും മണ്ണത്തൂരിലും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഒലിയപ്പുറത്തും, വാളിയപ്പാടത്തും തിരുമാറാടിയിലും മണ്ണത്തൂരും ഓരോ ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദവിഭാഗത്തിൽ കാക്കൂരിൽ ഒന്നും തിരുമാറാടിയിൽ രണ്ടും മണ്ണത്തൂരിൽ നാലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന് വെളിയിലുള്ള ചികിത്സാ സൗകര്യങ്ങളും ഇവിടത്തുകാർ ഉപയോഗിക്കുന്നുണ്ട്.

ഇതിന് പുറമേ നിരവധി നാട്ടുവൈദ്യന്മാരുടെ സേവനവും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. പൊതുജനാരോഗ്യ നിലവാരത്തിന്റെ ഏറ്റവും നല്ല അളവുകോലാണ് ആ പ്രദേശത്തെ കുറഞ്ഞ ശിശുമരണ നിരക്ക്. കേരളത്തിന്റെ ശിശുമരണനിരക്ക് 16 ആണ്. പഞ്ചായത്തിന്റെ ശിശുമരണ നിരക്ക് സംസ്ഥാനത്തിന്റേതിനേക്കാൾ താഴെയാണ് എന്നത് പൊതുജനാരോഗ്യ രംഗത്ത് നാം മുന്നിലാണ് എന്ന് സൂചിപ്പിക്കുന്നു. മറ്റുചില നിരക്കുകൂടി നോക്കാം. സംസ്ഥാനത്തിന്റെ പൊതുമരണ നിരക്ക് 5.9 ആണ്. ഇക്കാര്യത്തിലും നമ്മുടെ അവസ്ഥ ഭേദമാണ്.

സംസ്ഥാന മാതൃ മരണ നിരക്ക് ഒന്നിൽ താഴെയാണ് . നമ്മുടെ പഞ്ചായത്തിൽ മാതൃമരണം 1995 വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കേരളത്തിന്റെ ശരാശരി ജനനനിരക്ക് 17 ആണ്. നമ്മുടെ പ്രദേശത്തിന്റെ ജനനനിരക്ക് സംസ്ഥാത്തിന്റെ ശരാശരിയേക്കാൾ വളരെ താഴ്ന്നിരിക്കുന്നു. കുടുംബാസൂത്രണ മാർഗ്ഗങ്ങളും അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവും ഫലപ്രദമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. 1995 -ലെ P.H.C കണക്കുകളാണ് ഈ വസ്തുതകൾക്കാധാരം.

സ്കൂളുകൾ വഴിയും സർക്കാർ/ സ്വകാര്യ ആശുപത്രികൾ വഴിയും പ്രധിരോധ കുത്തിവയ്പുകൾ നട

ക്കുന്നു. കേരളത്തിലെ ഒരു വ്യക്തിയുടെ ആയുർദൈർഘ്യം 70.5ആണ്. സ്ത്രീയുടേത് 72 ഉം പുരുഷന്റേത് 69 വയസ്സുമാണ്. പഞ്ചായത്തിലെ ഒരു വ്യക്തിയുടെ ആയുർദൈർഘ്യം ശരാശരി 77 വയസ്സാണ്.

വികസിത രാജ്യങ്ങളേപ്പോലെ വൃദ്ധജനസംഖ്യയുടെ അനുപാതം കേരളത്തിൽ കൂടിവരുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും വ്യത്യസ്ഥമല്ല. ഇവരുടെ ആരോഗ്യ-ആരോഗ്യേതര ക്ഷേമപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ പഞ്ചായത്ത് തലത്തിൽ ആലോചന വേണം. ആധുനിക സമൂഹങ്ങളുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് നാഗരിക പ്രശ്നങ്ങൾ കൊച്ചു കേരളത്തിലേക്കും കടന്നു കയറ്റമാരംഭിച്ചിരുക്കുന്നു. വ്യക്തതയില്ലായ്മ, പരക്കം പാച്ചിൽ, ലക്ഷ്യബോധക്കുറവ്, അലസത, ക്രിമിനലിസം, വസ്തുനിഷ്ഠതാ രാഹിത്യം, അച്ചടക്കമില്ലായ്മ, പാരസ്പരികത നഷ്ടമാകൽ എന്നിവ ഉയർത്തുന്ന വെല്ലുവിളികൾ, മൂല്യങ്ങൾക്കായുള്ള അന്വേഷണം ഊർജ്ജിതമാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ ഈ കാഴ്ചപ്പാടിൽ നിന്നു വേണം കാണുവാൻ.

നമ്മുടെ പഞ്ചായത്തിലെ അംഗവൈകല്യം ബാധിച്ചവരുടെ പ്രശ്നങ്ങളോടു സഹാനുഭൂതിയോടെ പ്രതികരിക്കാനുള്ള ബാദ്ധ്യത നാം ഏറ്റെടുക്കണം.

ക്ഷയം, തിമിരം എന്നീ രോഗങ്ങളുടെ ആക്രമണം പഞ്ചായത്തിൽ ഉണ്ട്. കുഷ്ഠരോഗവും വിരളമായിട്ടുണ്ട്. പ്രമേഹം, ആസ്തമ, പ്രഷർ സംബന്ധമായ അസുഖങ്ങൾ ക്യാൻസർ എന്നിവയും ധാരാളമുണ്ട്. ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാണ് എങ്കിലും ആവശ്യവും ലഭ്യതയും തമ്മിൽ അന്തരമുണ്ട്. വാങ്ങൾ ശേഷിയുടെ കാര്യത്തിലും പ്രശ്നങ്ങൾ ഉണ്ട്.

കുട്ടികളുടെ പോഷകാഹാരക്കുറവ് പഞ്ചായത്തിന്റെ ഒരു പ്രശ്നമാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് പ്രധാനകാരണം. എന്നാലും അശ്രദ്ധ വരുത്തുന്ന വിന ഗുരുതരമാണ്. വിവിധഇനം ചീരകൾ, പച്ചക്കറികൾ, പേരയ്ക്ക, കപ്പളങ്ങ, കോഴിമുട്ട എന്നിവയെല്ലാം സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കു പോലും പ്രാപ്യമായ കാര്യമാണ്. സ്കൂളുകൾ വഴിയുള്ള ഉച്ചഭക്ഷണ പരിപാടി പഞ്ചായത്തിലെ സ്കൂളുകളിൽ നടക്കുന്നുണ്ട്.

സാമൂഹ്യ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ആരോഗ്യമേഖലയിലേക്ക് കൂടി കടന്നു വരാൻ പ്രോത്സാഹിപ്പിക്കണം.

പഞ്ചായത്തിലെ 3465 വീടുകളിൽ 768 വീടുകളിൽ കക്കൂസ് ഇല്ല. കക്കൂസ് നിർമ്മിക്കാൻ കഴിയാത്തത് സാമ്പത്തിക കാരണങ്ങളാലാണ്. ഈ കുടുംബങ്ങൾ സഹായമർഹിക്കുന്നു. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ പൊതു കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കേണ്ടതാണ്.

പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. മലിനീകരണം പഞ്ചായത്തിൽ പ്രശ്നമായിട്ടില്ലെങ്കിലും സമീപഭാവിയിൽ അതിനുള്ള സാദ്ധ്യതയുണ്ട്. അത് മുൻകൂട്ടി കണ്ട് പരിപാടികൾ ആവിഷ്കരിക്കണം. ഈച്ച. കൊതുക്, എലി മുതലായവയുടെ ശല്യം ഇല്ലാതാക്കുവാൻ പൊതുപരിപാടികൾ ആവശ്യമാണ്.

## പ്രശ്നങ്ങൾ

1. ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടം ജീർണ്ണിച്ചതാണ്. വാർഡുകളിലെ കട്ടിൽ, കിടക്ക മറ്റ് സൗകര്യങ്ങൾ അപര്യാപ്തമാണ്. ചികിത്സാ സൗകര്യം പരിമിതമാണ്. വിഷചികിത്സയില്ല, ശുദ്ധജല വിതരണം ഫലപ്രദമല്ല.
2. ഹോമിയോ ഡിസ്പെൻസറി കെട്ടിടം ശോച്യാവസ്ഥയിലാണ്. അവിടേക്കുള്ള വഴിയും ചുറ്റുമതിലും ഉണ്ടാക്കേണ്ടതാണ്.
3. പ്രൈമറി ഹെൽത്ത് സെന്ററിന് ചുറ്റുമതിലില്ല. ബെഡ്ഡ് സൗകര്യമില്ല, വീടുസന്ദർശനം തൃപ്തികരമല്ല. ജീവനക്കാർ കുറവാണ്, ശുദ്ധജല സൗകര്യം ഇല്ല.
4. ചില വാർഡുകളിൽ P.H.C യുടെ പ്രയോജനം ലഭ്യമല്ല.
5. നാവോളി മറ്റത്തിലെ ഫാമിലി വെൽഫയർ സെന്റർ പ്രവർത്തനം കാര്യക്ഷമമല്ല.
6. കുട്ടികളുടെ പോഷകാഹാര പരിപാടി അപര്യാപ്തമാണ്.
7. ശുദ്ധജല വിതരണ സംവിധാനങ്ങൾ കാര്യക്ഷമമല്ല.
8. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നില്ല.
9. പൊതു ശ്മശാനമില്ല.
10. ഹോട്ടൽ മാലിന്യം ജലം മലിനമാക്കുന്നു.
11. പൊതു സ്ഥല ശുചിത്വബോധം അപര്യാപ്തമാണ്.
12. M.P.I യിൽ നിന്നുള്ള മാലിന്യം ആറാം വാർഡിലെ ചേലക്കൽ ഭാഗത്ത് നിക്ഷേപിക്കുന്നത് ജലം മലിനമാക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ആരോഗ്യ പ്രവർത്തകരുടെ സേവനം മെച്ചപ്പെടുത്തുക.
2. ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക.
3. ആരോഗ്യകേന്ദ്രങ്ങളിൽ ശുദ്ധജല സംവിധാനം, വൈദ്യുതി, കക്കൂസുകൾ ഇവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. ആയുർവ്വേദാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5. പ്രതിരോധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

6. പ്രധാന കേന്ദ്രങ്ങളിൽ പൊതുകക്കൂസ് സ്ഥാപിക്കുക.

7. വീടുകൾ തോറും കമ്പോസ്റ്റ് കുഴികൾ പ്രോത്സാഹിപ്പിക്കുക.

8. പ്രധാനകേന്ദ്രങ്ങളിൽ Dust Bin സ്ഥാപിക്കുക.

9. P.H.C സൗകര്യങ്ങൾ ശാസ്ത്രീയമായി വിന്യസിക്കുക.

10. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് നിർമ്മാണ സഹായം നൽകുക.

11. തിരുമാറാടി P.H.C, ആശുപത്രിയായി ഉയർത്തുക.

12. സ്കൂളുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തുക.

13. ആശുപത്രി വികസന സമിതികൾ കാര്യക്ഷമമാക്കുക.

14. ഈച്ച, കൊതുക്, എലി നശീകരണ സൗകര്യങ്ങൾ വ്യാപകമാക്കുക.

6. താഴെക്കിടയിലുള്ള ജീവനക്കാരുടെ തസ്തികകൾ ആവശ്യങ്ങൾക്കനുസരിച്ച് സൃഷ്ടിക്കുകയും ചെലവിൽ പരിശീലനം കൊടുത്ത് അവയിൽ ആളുകളെ നിയമിക്കുകയും ചെയ്യണം.

7. സർക്കാരിലും സ്വകാര്യമേഖലയിലും കാര്യക്ഷമത വർദ്ധിപ്പിക്കാനായി ഈ സ്ഥാപനങ്ങളിൽ ഹെൽത്ത് മാനേജ്മെന്റിൽ പരിശീലനം ഡോക്ടർമാരുടെ ഒരു കേഡർ ഉണ്ടാക്കാവുന്നതാണ്.

8. തിരുമാറാടി P.H.C ആശുപത്രി നിലവാരത്തിലേക്കുയർത്തണം.

9. മണ്ണത്തൂർ സാമൂഹ്യക്ഷേമ കേന്ദ്രത്തിൽ P.H.C തുടങ്ങാവുന്നതാണ്.

10. പ്രാദേശികമായി കൂടുതലായി കാണുന്ന രോഗങ്ങൾക്ക് ആവശ്യമായ മരുന്ന് വിതരണം ഉറപ്പാക്കണം.

## ജനസംഖ്യ - തിരുമാറാടി പഞ്ചായത്ത്

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം | വീടുകളുടെ എണ്ണം | മൊത്തം ജനസംഖ്യ | | പട്ടികജാതി | | പട്ടിക വർഗ്ഗം | |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 | | 6 | |
| | | | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. |
| തിരുമാറാടി | 2924.29 | 3465 | 8276 | 8186 | 761 | 694 | 2 | 3 |

ആധാരം - സെൻസസ് - 1991

## സാദ്ധ്യതകൾ

1. ആശുപത്രികളെ കേന്ദ്രീകരിച്ചുള്ള വികസന സമിതികൾ കാര്യക്ഷമമാക്കുക.


2. പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യ വിദഗ്ധ സമിതി ഉണ്ടാകണം.

3. സ്ഥാപനങ്ങൾക്കാവശ്യമായ സൗകര്യങ്ങളും വികസനത്തിനാവശ്യമായ ഉപകരണങ്ങളും മറ്റും വികസനസമിതിയുടെ തീരുമാനമനുസരിച്ച് ഉണ്ടാകണം.

4. ഗവ. ഗ്രാന്റ് എങ്ങിനെ വിനിയോഗിക്കണമെന്നതും അധികച്ചെലവിന് ആവശ്യമായ വിഭവസമാഹരണം എങ്ങിനെ കണ്ടെത്താമെന്നതും വികസന സമിതിയുടെ തീരുമാനത്തിന് വിടണം.

5. പ്രാഥമിക തലത്തിൽ എന്തെല്ലാം സേവനങ്ങൾ ഉറപ്പാക്കണം എന്നത് പഞ്ചായത്ത് തല ആരോഗ്യ വിദഗ്ധസമിതിയുടെ അഭിപ്രായം പട്ടികപ്പെടുത്തി സേവനങ്ങൾ ലഭ്യമാക്കണം.

11. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് ഉപകരണങ്ങളുടെ നിർമ്മാർജ്ജനവും, എല്ലാവീടുകളിലും സമ്പോസ്റ്റ് കുഴി എന്നതും സമയബന്ധിതമായി നടപ്പാക്കണം.



# കുടിവെള്ളം

ജലലഭ്യതയിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മെച്ചപ്പെട്ട കാലവർഷവും മോശമല്ലാത്ത തുലാവർഷവും ഉണ്ടാകുന്ന വർഷങ്ങളിലും അതിനു തൊട്ടുപുറകേ വരുന്ന വേനലിൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത കുറയുന്നില്ല. ഒരു വർഷം ലഭ്യമാകുന്ന മഴവെള്ളം ഫലപ്രദമായി ശേഖരിച്ചു നിർത്തുവാൻ കഴിയാതെ പോകുന്നു. കാർഷിക രീതിയിൽ വന്ന മാറ്റവും, നിലങ്ങൾ ആവാസ കേന്ദ്രങ്ങളായി മാറിയതും ഇതിനു കാരണമായി. ഇതു കൂടാതെ ജലവിതരണത്തിനായുള്ള ശേഖരണത്തിന്റെ കുറവുകൂടി ആകുമ്പോൾ കുടിവെള്ളക്ഷാമം കടുത്തതും ബുദ്ധിമുട്ടുള്ളതുമായി മാറുന്നു.

തിരുമാറാടി പഞ്ചായത്തു കമ്മിറ്റിയുടെ ഉത്ഭവകാലം മുതൽ കുടിവെള്ളക്ഷാമം നേരിടുന്ന ഭാഗങ്ങളാണ് നാവോളിമറ്റവും, കുഴിക്കാട്ടുകുന്നും. കാലക്രമേണ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളപ്രശ്നം വ്യാപകമായിട്ടുണ്ട്. പഞ്ചായത്തിലെ മുഖ്യ കുടിവെള്ള ശ്രോതസ്സ് വീടുകളിലെ കിണറുകളും, കേരള വാട്ടർ അതോറിട്ടിയുടെ വിതരണ ശൃംഖലയുമാണ്. ഇവ തന്നെ കടുത്ത വേനലിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അപര്യാപ്തമാണ്.

വാട്ടർ സപ്ലേ സ്കീം നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുന്നത് രണ്ടു ഘട്ടമായിട്ടാണ്. രാമമംഗലം പുഴയിലെ ജലം മെതിപാറയിൽ ശുദ്ധീകരിച്ച്, വെട്ടിമൂട് ശേഖരിച്ച് താഴ്ന്ന പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ താഴ്ന്ന പ്രദേശത്തേക്ക് വിതരണം ചെയ്യുന്ന ജലം ഒലിയപ്പുറത്ത് ശേഖരിച്ച്, ഉയർന്ന പ്രദേശങ്ങളായ കുഴിക്കാട്ടുകുന്ന്, കാഞ്ഞിരംപാറ, വെട്ടിക്കാട്ടുപാറ ഭാഗങ്ങളിലേക്ക് വിതരണം ചെയ്യുന്നു. പദ്ധതി പ്രദേശത്തിന്റെ ഏറ്റവും ഉയർന്ന ഭാഗമായതുകൊണ്ടും, അവസാന കേന്ദ്രമെന്ന നിലയിലും നമ്മുടെ പഞ്ചായത്തിലേക്ക് വിതരണം ചെയ്യുന്ന ജലമെത്തുമ്പോഴേക്കും ലഭ്യത വിരളമാകുന്നു. തുടക്കത്തിൽ തിരുമാറാടി, പാമ്പാക്കുട പഞ്ചായത്തുകളെ ഉദ്ദേശിച്ചായിരുന്നു പദ്ധതി വിഭാവനം ചെയ്തതെങ്കിൽ, രാമമംഗലംപഞ്ചായത്തിനു കൂടി വിതരണം ചെയ്യുന്നതുവഴി തിരുമാറാടി പഞ്ചായത്തിനു ലഭിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വന്നിട്ടുണ്ട്. കേരള വാട്ടർ അതോറിട്ടി 248 പൊതുടാപ്പുകൾക്കും 276 വീടുകൾക്കും 18 സ്ഥാപനങ്ങൾക്കും ജലവിതരണം ചെയ്യുന്നുണ്ട്. 4 കുഴൽക്കിണറുകൾ പഞ്ചായത്തിലുണ്ട്. എങ്കിൽത്തന്നെയും അവ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമല്ല.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. അരീക്കൽ കാവിന്റെ സമീപത്തുള്ള പൊതുസ്ഥലത്തും, നാവോളിമറ്റത്തും, പുളിന്താനത്ത്താഴത്ത് പാടത്തും, വലിയ കുളങ്ങൾ നിർമ്മിച്ച് ഉയർന്ന പ്രദേശങ്ങളിലേക്ക് പമ്പ് ചെയ്ത് വെള്ളം ശേഖരിച്ച് വിതരണം ചെയ്യണം.
2. അണിപുത്രം കുളം വിപുലീകരിക്കണം.
3. തട്ടേക്കാട് നീർക്കാനയിലെ വെള്ളം കെട്ടിനിർത്തി സംരക്ഷിക്കണം.
4. കുഞ്ചുകുന്ന് ഭാഗത്ത് കുളം താഴ്ത്തി വാട്ടർടാങ്കിൽ ജലം ശേഖരിച്ച് വിതരണം ചെയ്യണം.
5. മണ്ണത്തൂർ പള്ളിത്താഴത്ത് MVIP അക്വഡേറ്റിന് സമീപം കുളം താഴ്ത്തി ജലവിതരണം നടത്തണം.
6. എടാക്കിൽഭാഗത്ത് കുളംതാഴ്ത്തി മൈലാടും പാറയിലേക്ക് വെള്ളമെത്തിക്കാം.
7. മറ്റംകുളം, മുട്ടപ്പിള്ളിക്കുളം, പൂതക്കുഴി, കണ്ടംകുളം എന്നീ കുളങ്ങൾ നന്നാക്കാനുള്ള പദ്ധതി ഉണ്ടാവണം.
8. വെട്ടിമൂട് നിന്നും ഒലിയപ്പുറം ജലസംഭരണിയിലേക്ക് പുതുതായ ഒരു പൈപ്പുലൈൻ കൂടി വേണം.
9. ഭജനമഠം ഭാഗത്തെ കിണർ താഴ്ത്തുകയോ, ഇൻടേക്ക് വെൽ കുഴിക്കുകയോ ചെയ്യുക.
10. കുരീക്കണ്ടം, കുഴികണ്ടം ഭാഗങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക.

11. എടത്തിപ്പറമ്പിൽ, ചാത്തനാട്ട്, മാളിയേക്കൽ എന്നിവിടങ്ങളിൽ കിണറുകൾ താഴ്ത്തണം.

12. പഞ്ചായത്തു കുളമായ കൂരിയകുളം ഉപയോഗയോഗ്യമാക്കണം.

13. കപ്പിലാംകുന്ന് പഞ്ചായത്തു കിണർ റിംഗ് ഇറക്കി സംരക്ഷിക്കണം.

14. കിണർ കുഴിച്ച് ടാങ്കിൽ ജലം സംഭരിച്ച് വിതരണം ചെയ്യണം.

15. കാക്കൂർ ലക്ഷംവീട് കോളനിയിലെ കിണർ ഉപയോഗശൂന്യമായി കിടക്കുന്നു. അത് ആഴം കൂട്ടി നന്നാക്കണം.

16. കള്ളാട്ടുകുഴിക്കവല മുതൽ മനയ്ക്കപ്പാലം വരെയും മുകുളേകുന്നുവരെയും പൈപ്പ്ലൈൻ നീട്ടിക്കിട്ടണം.

17. കൈതാടിക്കടവിൽ മോട്ടോർ വച്ച് കൈതാടിമുകളേൽ ഭാഗത്തേക്ക് വിതരണം ചെയ്യണം.

18. കാക്കൂർ മാർക്കറ്റ് കിണർ ആഴം കൂട്ടി നെല്ലരികുന്നിലേക്ക് ജലവിതരണം വേണം.

19. മുട്ടത്തുകുന്നേൽ കോളനിയിലും ഇഞ്ചിക്കാലഭാഗത്തും വെട്ടിക്കുഴി ഭാഗം പൊതുകിണർ കുഴിക്കണം.

20. 9-ാം വാർഡിലെ ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കാൻ മണ്ഡലം മലയിലോ, കോൽക്കുന്നു മലയിലോ ടാങ്ക് കെട്ടണം.

21. നാലു സെന്റ് കോളനിയിലെ കിണർ റിംഗ് ഇറക്കി സംരക്ഷിക്കണം.

## സാദ്ധ്യതകൾ

1. ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും തിരുമാറാടി പഞ്ചായത്തിന് പ്രത്യേകമായി, ഉയർന്ന പ്രദേശമെന്ന പരിഗണനയോടെ, അധിക സമയം നൽകി ജലവിതരണം നടത്തണം.


2. പഞ്ചായത്തിലെ ജലസംഭരണികളിലേക്ക് മാത്രമായി നേരിട്ട് ഓരോ ലൈൻ കൂടി ആവശ്യമുണ്ട്.

3. കേടു സംഭവിക്കുന്ന പൈപ്പുലൈൻ കാലതാമസം കൂടാതെ നന്നാക്കുവാനുള്ള കാര്യക്ഷമമായ സംവിധാനം ഉണ്ടാകണം.

4. വാർഡുതല ജലസമിതികൾ രൂപീകരിച്ച് തോടുകളിൽ കഴിയുന്നത്ര തടയണ നിർമ്മാണം, പുരയിടങ്ങളിൽ നീർകുഴികളുടെ നിർമ്മാണം. വാർഡിലെ പൊതുകിണറുകളുടെ ആഴം കൂട്ടലും സംരക്ഷണവും ഉറപ്പുവരുത്തണം.

5. നിലവിലുള്ള സ്കീമിന്റെ ഓഗ്മെന്റേഷനും, നിർദ്ദിഷ്ട കക്കാട് ഓഗ്മെന്റേഷനും ത്വരിതപ്പെടുത്തണം.

6. നാവോളിമറ്റം, പുറ്റുംപുറം, കുഴിക്കാട്ടുകുന്ന്, വെട്ടിക്കാട്ടുപാറ, ചേലയ്ക്കൽ, കപ്പിലാംകുന്ന്, കല്ലുവളവു ഭാഗം,തട്ടേക്കാട്, ആടുകുഴി, പട്ടിയാനിപ്പുഴ, പാലത്താനം ഭാഗങ്ങളുടെ സമീപത്തുള്ള താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് പമ്പുചെയ്ത് ഉയർന്ന ഭാഗങ്ങളിലേക്ക് ജലം എത്തിക്കാൻ കഴിയണം.



# വിദ്യാഭ്യാസം

സമൂഹത്തിലെ അംഗങ്ങളായി നിലനില്ക്കാനുള്ള വളരുന്ന തലമുറയുടെ പരിശീലനമാണല്ലോ. വിദ്യാഭ്യാസം. സമൂഹത്തിൽ ജീവിക്കുമ്പോൾ അനുഷ്ഠിക്കേണ്ട കടമകളും, പാലിക്കേണ്ട മര്യാദകളും കയ്യാളാവുന്ന അവകാശങ്ങളെയും കുറിച്ചുള്ള ബോധവത്ക്കരണവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള ഉല്പാദന പ്രവർത്തനത്തിനുവേണ്ട പരിശീലനവുമാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ. മേൽപ്പറഞ്ഞ പരിശീലനങ്ങൾ കേരളത്തിലെ കുട്ടികൾക്ക് ലഭിച്ചുവന്നിരുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ വരെ കുടുംബങ്ങളിൽ നിന്നായിരുന്നു. പടിപടിയായി സമൂഹത്തിൽ വന്ന മാറ്റങ്ങൾ ഉത്പ്പാദനം വൈവിധ്യവത്ക്കരിച്ചതും, വിദ്യാഭ്യാസത്തിന്റെ സാർവ്വത്രിക സ്ഥാപനവത്ക്കരണത്തിന് കാരണമായി.

വിദ്യാഭ്യാസത്തിന്റെ സാർവ്വത്രീകരണം നമ്മുടെ പഞ്ചായത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. മണ്ണത്തൂരിൽ കണിലകത്ത് കുട്ടൻ നായർ നടത്തിയിരുന്ന ആശാൻ കളരി ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ "മണ്ണത്തൂർ വെർണ്ണാക്കുലർ പ്രൈമറി സ്ക്കൂൾ" എന്ന പേരിൽ ആരംഭിച്ചു. ഇതോടൊപ്പം കാക്കൂർ സെന്റ് ജോസഫ്സ് പള്ളിയുടെ കീഴിൽ തുടങ്ങിയ തിരുമാറാടി പ്രൈമറി 1905ൽ സർക്കാരിന് കൈമാറി. 1916ൽ നാവോളിമറ്റത്ത് "പാമ്പാക്കുട റൂറൽ സ്ക്കൂൾ" എന്ന പേരിൽ തുടങ്ങിയ സ്ഥാപനം 1926ൽ ആത്താനിയിലേക്കു മാറ്റി."പാമ്പാക്കുട വെർണ്ണാക്കുലർ പ്രൈമറി സ്ക്കൂൾ" എന്ന മൊഴി മാറ്റത്തിലൂടെ ആത്താനിയിലാരംഭിച്ച സ്ക്കൂളാണ് ഇന്നത്തെ ഗവ. ഹൈസ്ക്കൂൾ.

പഞ്ചായത്തിൽ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടായതോടുകൂടി സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള ആവശ്യമുയരുകയുണ്ടായി. വടകര സെന്റ് ജോൺസ് പള്ളിയുടെ കീഴിൽ ഇംഗ്ളീഷ് അധ്യയന മാധ്യമത്തിൽ 1918 ൽ ആരംഭിച്ച സെന്റ് ജോൺസ് സിറിയൻ ഹൈസ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ സെക്കന്ററി സ്ക്കൂൾ. റവ. ഫാ. സി. എസ്. സ്ക്കറിയ ആയിരുന്നു ഈ സ്ക്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ. സ്ക്കൂളിന്റെ തുടക്കം മുതൽ 32 വർഷക്കാലം ഈ സ്ക്കൂളിലെ പ്രധാന അധ്യാപകനായിരുന്നു അദ്ദേഹം. തിരുമാറാടി പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം അദ്ദേഹത്തിനുണ്ട്.

വടകര സെന്റ് ജോൺസ് ഹൈസ്ക്കൂൾ, മൂവാറ്റുപുഴ താലൂക്കിലെ തന്നെ ആദ്യകാല ഹൈസ്ക്കുളാണ് ബഹു: ഉപരാഷ്ട്രപതി ശ്രീ. കെ. ആർ നാരായണൻ, മുൻ സംസ്ഥാന മന്ത്രിമാരായ ശ്രീ. കെ. ടി. ജെക്കബ്, ശ്രീ. റ്റി. എം. ജെക്കബ്, ലോക കോടതി ജഡ്ജിംഗ് കമ്മറ്റി അംഗം ശ്രീ. എ. ടി. മർക്കോസ് എന്നിവരും മലയാളത്തിലെ പ്രശസ്ത ചിന്തകനും നാടകകൃത്തുമായിരുന്ന ശ്രീ. സി. ജെ. തോമസ്, ഫാ. എബ്രഹാം വടക്കേൽ, ഉലഹന്നാൻ മാപ്പിള, പ്രശസ്തനായ ചിത്രകാരനും ശില്പിയുമായ ശ്രീ. എൻ. എൻ. റിംസൺ തുടങ്ങിയവർ ഈ സ്ക്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളാണ്.

രാജ്യത്ത് മറ്റേത് സംസ്ഥാനത്തേക്കാളും വിദ്യാഭ്യാസ കാര്യത്തിൽ മുന്നിട്ടു നില്ക്കുന്നത് കേരളമാണ്. സാമൂഹ്യ പരിഷ്ക്കർത്താക്കളുടെയും, യൂറോപ്യൻ മിഷിനറിമാരുടെയും ശ്രമങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുവാൻ ആരംഭിക്കുകയും നിരക്ഷരരായ ജനങ്ങളിൽപ്പോലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും ക്രമമായി ഉയർന്നുവന്നു. നമ്മുടെ പഞ്ചായത്തിൽ 2 പ്രൈമറി സ്കൂളുകളും 3 ഹൈസ്കൂളുകളും 2 പ്രീ-പ്രൈമറി സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജുമാണ് ഉള്ളത്.

ഐക്യകേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസനിയമവും, കർഷകബന്ധങ്ങളിൽ ഉണ്ടായ മാറ്റവും, വിദ്യാഭ്യാസം 10 ക്ലാസ്സുവരെ സൗജന്യമാക്കിയതിന്റെയും ഫലമായി നാട്ടിൻപുറത്തെ കർഷകരുടെയും സാധാരണക്കാരുടെയും മക്കൾ സ്കൂളിലെത്തി. സൗജന്യവിദ്യാഭ്യാസവും, ഉച്ചക്കഞ്ഞിയും എല്ലാവിഭാഗം ജനങ്ങളുടെയും കുട്ടികളെ സ്കൂളിൽ എത്തിക്കുവാൻ ഒട്ടേറെ സഹായിച്ചു. ഏതാണ്ട് സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം നടപ്പിലായി. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വൻതോതിൽ കുറയ്ക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലെ 4 സ്കൂളുകളിലായി 1676 കുട്ടികൾ ആണ് ഉള്ളത്. ഇതിൽ

966 ആൺകുട്ടികളും 710 പെൺകുട്ടികളും, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളായി 202 കുട്ടികളും ഉണ്ട്. മൊത്തം കുട്ടികളിൽ 12.1% ആണിത്. പഞ്ചായത്തിലെ സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് 1%ത്തിൽ താഴെയാണ്. സാമൂഹ്യപരിഷ്ക്കർത്താക്കളുടെ ശ്രമത്തിന്റെയും, ജനമുന്നേറ്റത്തിന്റെയും ഫലമായി സാംസ്കാരികവും, സാമ്പത്തികവുമായി എല്ലാ വിഭാഗങ്ങളിലും പെട്ട കുട്ടികൾ ഒരേ സ്കൂളിൽ, ഒരേ ബഞ്ചിൽ ഇരുന്ന് പഠിക്കുകയും, ഒന്നിച്ച് കളിക്കുകയും ചെയ്യുന്ന സ്ഥിതി വന്നു. എന്നാൽ ഇന്ന് സാമ്പത്തിക-സാമുദായിക അടിസ്ഥാനങ്ങളിൽ വിഭജിക്കപ്പെട്ട് അവർ വെവ്വേറെ സ്കൂളുകളിലാണ് പഠിക്കുന്നത്. സാമൂഹ്യ വിഭജനം പ്രീ സ്കൂളുകളിൽനിന്ന് തുടങ്ങുന്നു. ഉയർന്ന ഫീസ് ഈടാക്കുന്ന നഴ്സറി സ്കൂൾ ഒരു വശത്ത്, ഫീസ് ഒന്നും കൊടുക്കാതെ ചില ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സാധുകുട്ടികൾ പഠിക്കുന്ന അംഗനവാടികളും ബാലവാടികളും മറുവശത്ത്. ഈ ശോചനീയമായ അവസ്ഥയിൽനിന്നും വേറിട്ടുനിൽക്കുവാൻ നമ്മുടെ പഞ്ചായത്തിനും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ തിരുമാറാടി, ആത്താനി ഗവ. ഹൈസ്കൂളിനോടനുബന്ധിച്ച് 2 പ്രീ-പ്രൈമറി സ്കൂളുകളും 3 നിലത്തെഴുത്ത് കളരികളും 7 നഴ്സറികളും 3 ബാലവാടികളുമുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ കുട്ടികൾ പ്രീ-സ്കൂൾ വിദ്യാഭ്യാസം അഭ്യസിക്കുന്നു. ഇത്രത്തോളം കുട്ടികൾ പഞ്ചായത്തിന് പുറത്ത് ഇംഗ്ലീഷ് മീഡിയം നഴ്സറികളിൽ പഠിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള സ്കൂളുകളിൽത്തന്നെ കുട്ടികളെ എത്തിക്കുവാൻ പ്രീ-പ്രൈമറി സ്കൂളുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ അതേ ഗൗരവത്തിൽ കാണുന്ന പ്രവണത മാറേണ്ടിയിരിക്കുന്നു. കുടുംബാന്തരീക്ഷത്തിൽ വളർന്ന രീതിയിൽത്തന്നെ ഔപചാരികതയുടെ കൃത്രിമത്വം ഒട്ടും കൂടാതെ നഴ്സറികൾ വളരേണ്ടിയിരിക്കുന്നു. സ്കൂളിനോട് അനുബന്ധിച്ചു നടത്തുന്ന പ്രീ-പ്രൈമറികളിലെ അദ്ധ്യാപകരുടെ വേതനം ക്ലിപ്തമല്ല. അദ്ധ്യാപക-രക്ഷകർതൃസമിതിയുടെ നിബന്ധനകൾക്ക് വിധേയമായി, കുട്ടികൾ നൽകുന്ന ഫീസുമായി ബന്ധപ്പെട്ടാണ് വേതനമെന്നതുകൊണ്ട്, കുട്ടികളുടെ കുറഞ്ഞ പ്രവേശനതോത്, കുറഞ്ഞ വേതനം ലഭ്യമാകുന്നു. പ്രീ-പ്രൈമറി തലത്തിൽ കുട്ടികൾക്ക് നൽകേണ്ട കായികവും വൈകാരികവും സർഗ്ഗാത്മകവുമായ വളർച്ച പലപ്പോഴും കിട്ടാതെ പോകുന്നു.

വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികത വിദ്യാലയത്തിൽ പ്രവേശിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചതോടൊപ്പം അവരുടെ പഠനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടില്ല എന്നു കാണാം. പഞ്ചായത്തിലെ മൊത്തം സ്കൂൾ വിദ്യാർത്ഥികളിൽ 28.95% പേർ പഠനത്തിൽ വളരെ പിന്നോട്ടാണ്. കേവലം 25.5% പേർ മാത്രമാണ് 60%ൽ കൂടുതൽ മാർക്ക് നേടുന്നത്. (പട്ടിക B കാണുക). പോയവർഷങ്ങളിലെ S.S.L.C വിജയശതമാനവും പിന്നോട്ടുപോക്കിനെ സൂചിപ്പിക്കുന്നു. (ബാർ ചാർട്ടുകൾ കാണുക). പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സർക്കാർ അനുവദിച്ച അദ്ധ്യാപകരുടെ എണ്ണം 81 ആണ്. എല്ലാ സ്കൂളുകളിലും എല്ലാ വിഷയങ്ങൾ പഠിപ്പിക്കുവാനും അദ്ധ്യാപകരുണ്ട്. ദീർഘകാല അവധിയിലുള്ള അദ്ധ്യാപകർ ഒരു സ്കൂളിലും ഇല്ല.

ബാഹ്യഘടനയിൽ കൈവരിച്ച നേട്ടങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ ആഭ്യന്തരഘടനയെ ബാധിച്ച ജീർണ്ണത വിദ്യാഭ്യാസത്തിന്റെ മൊത്തം ഫലത്തെ വല്ലാതെ ബാധിച്ചു. നമ്മുടെ പഠനബോധന രീതികൾ അങ്ങേയറ്റം പഴഞ്ചനാണ്. ക്ലാസ്സ് റൂം അനുഭവങ്ങൾ വിദ്യാർത്ഥിയെ സംബന്ധിച്ച് അത്യന്തം മുഷിപ്പനാണ്. അദ്ധ്യാപകസമൂഹത്തെ വൻതോതിലുള്ള അക്കാഡമിക ജാഡ്യം ബാധിച്ചിരിക്കുന്നു. മാർക്കിനെ ലക്ഷ്യം വച്ചുള്ള പരീക്ഷകളും അതിനായി സൃഷ്ടിക്കപ്പെട്ട ഗൈഡ് മാർക്കറ്റും നമ്മുടെ വിദ്യാഭ്യാസമേഖലയെ മൊത്തം വലയം ചെയ്തിരിക്കുന്നു. അതിരൂക്ഷമായ ഗുണനിലവാരത്തകർച്ചയാണ് നാം നേരിടുന്നത്. രക്ഷാകർതൃസമൂഹത്തിലെ നല്ലൊരു വിഭാഗമാകട്ടെ ഭീമമായ തെറ്റിദ്ധാരണയുടെ ഇരകളായിത്തീരുകയും "മെച്ചപ്പെട്ട വിദ്യാഭ്യാസം" തേടി സ്വകാര്യമേഖലകളിൽ തഴച്ചുവളരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ ആശ്രയിക്കുകയും ചെയ്യുന്നു.

സ്കൂൾ ലാബുകളിൽ വേണ്ടത്ര ഉപകരണങ്ങൾ ഉണ്ടെങ്കിൽത്തന്നെയും കുട്ടികളെ പരീക്ഷണശാലകളിൽ എത്തിക്കുന്ന രീതി ചില അദ്ധ്യാപകരിൽ മാത്രം ഒതുങ്ങുന്നു. എന്തിനേയും നിരീക്ഷിക്കുവാനും പരീക്ഷിക്കുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് ഇവ പ്രയോജനപ്പെടുത്തുന്നതോടൊപ്പം, സയൻസ് ക്ലബ്ബ് പ്രവർത്തനവും ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

അദ്ധ്യാപക-രക്ഷകർതൃസംഘടനയും, മാതൃസംഗമവും എല്ലാ സ്കൂളുകളിലുമുണ്ടെങ്കിലും മാതൃസംഗമമാണ് സജീവമായി പ്രവർത്തിക്കുന്നത്. തിരുമാറാടി ഗവൺമെന്റ് ഹൈസ്കൂളിൽ സൗഹൃദസമിതിയും പ്രവർത്തിക്കുന്നുണ്ട്.

കലാകായിക രംഗത്തും പഞ്ചായത്തിലെ കുട്ടികൾ ചെറുതല്ലാത്ത നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ ഇവ പലപ്പോഴും സമൂഹത്തിന്റെയോ, രക്ഷകർത്താക്കളുടെയോ പ്രോത്സാഹനത്തിന്റെ ഫലമായിട്ടാണെന്ന് പറയുകവയ്യ. പലപ്പോഴും സ്കൂളിന്റെ നേട്ടവും കുട്ടികളുടെ കഴിവും അളക്കുന്നത് അക്കാഡമിക് നിലവാരത്തെ നോക്കിയാണ്. അതുകൊണ്ടുതന്നെ എങ്ങനെയും മാർക്ക് നേടുക എന്ന കേവലലക്ഷ്യം ചില രക്ഷിതാക്കളിലും അതുവഴി കുട്ടികളിലേക്കും എത്തുന്നത്.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരവേദികളിലെത്താൻ നമ്മുടെ കുട്ടികൾക്കാവുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തെ കണക്കു പറയുന്നത് സ്ഥിരമായി കുട്ടികൾ സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുക്കാൻ അർഹത നേടുന്നു എന്നാണ്. കായികരംഗത്ത് പ്രോത്സാഹനം കൊടുക്കാതെ വരുമ്പോൾപ്പോലും നമ്മുടെ കുട്ടികൾ മത്സരവേദികളിലെത്തുന്നു. മതിയായ പരിശീലനങ്ങളില്ലാതെ നീന്തൽമത്സരത്തിൽ കുട്ടികളെത്തുന്നു. പഞ്ചായത്തിൽ ഒരു സ്ഥലത്തും നല്ല സ്റ്റേഡിയമോ,

സ്കൂൾഗ്രൗണ്ടോ ഇല്ല.

വടകര സെന്റ് ജോൺസ് സിറിയൻ ടി.ടി.ഐ. യിൽ കഴിഞ്ഞവർഷം 14 ആൺകുട്ടികളും 20 പെൺകുട്ടികളും ഉണ്ടായിരുന്നു. കെട്ടിടസൗകര്യം വേണ്ടത്ര ഇല്ല.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, തിരുമാറാടി ഗവ: ഹൈസ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്നു. ആകെ 66 കുട്ടികളുണ്ട്. 19 ആൺകുട്ടികളും, 47 പെൺകുട്ടികളും. കൃഷിയാണ് ഐഛികവിഷയം. ഗണിതവിഷയങ്ങൾക്ക് പ്രാധാന്യമുള്ള കമ്പ്യൂട്ടർ കോഴ്സ് കൂടി തുടങ്ങാവുന്നതാണ്.

## ഗവ:കോളേജ് മണിമലക്കുന്ന്

പഞ്ചായത്തിൽ ഒലിയപ്പുറത്ത് സ്ഥിതി ചെയ്യുന്ന ഗവ: കോളേജ് 1981 സ്ഥാപിച്ചതാണ്. 1976ൽ പ്രവർത്തനമാരംഭിച്ച റൂറൽ എഡ്യൂക്കേഷണൽ സൊസൈറ്റിയാണ് ഈ കോളേജ് സ്ഥാപിക്കുന്നതിന് പ്രാരംഭപ്രവർത്തനം നടത്തിയത്. പിറവം-കൂത്താട്ടുകുളം മേഖലയിലെ ജനങ്ങളുടെ സഹകരണത്തോടുകൂടു സൊസൈറ്റി വാങ്ങിയ 15 ഏക്കർ സ്ഥലം ഇന്ന് കോളേജിനുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളുടെ സംഗമസ്ഥാനത്തുള്ള ഈ കോളേജിന് ഇനിയും ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ആവശ്യമാണ്. കോളേജിന് കെട്ടിട സൗകര്യം ഉണ്ടാകണം. ഇവിടെ നിയമനം കിട്ടുന്ന അദ്ധ്യാപകർ നേരിടുന്ന പ്രധാന പ്രശ്നം അവർക്ക് താമസസൗകര്യമില്ല എന്നതാണ്. സ്റ്റാഫ് ക്വാർട്ടേഴ്സ് ആവശ്യമാണ്. പോസ്റ്റ് ഗ്രാജ്വേറ്റ് അടക്കമുള്ള പുതിയ കോഴ്സുകൾ തുടങ്ങണം. അതുപോലെ സർവ്വകലാശാലാ കായികമത്സരം നടത്തത്തക്ക സൗകര്യങ്ങളോടുകൂടിയ സ്റ്റേഡിയവും നിർമ്മിക്കാനുള്ള ഭൗതികസാഹചര്യമുണ്ട്. 1984-ൽ ഫസ്റ്റ് ഗ്രേഡ് കോളേജായി മാറി. 30 അദ്ധ്യാപകരും 809 കുട്ടികളുമുണ്ട്.

## സാങ്കേതികവിദ്യാലയം

സർക്കാർ അംഗീകൃത സ്വകാര്യ സാങ്കേതികവിദ്യാലയം തിരുമാറാടിയിലുണ്ട്. 85 കുട്ടികൾ പഠിക്കുന്നു. ആൺകുട്ടികൾ-83, പെൺകുട്ടികൾ-2. ട്രൈസം തൊഴിൽ പരിശീലനത്തിൽ 6 കുട്ടികളും ഇവിടെയുണ്ട്.

## ഗ്രാമസഭകളിൽവന്ന മറ്റു പ്രശ്നങ്ങൾ

1. ഗൈഡുകളെ അവലംബിക്കുന്ന ക്ലാസ്സ് നോട്ട് നൽകുന്നു.
2. ചുറ്റുമതിൽ, കളിസ്ഥലം, പൊതുസ്റ്റേജ് തുടങ്ങിയ ഭൗതികസാഹചര്യങ്ങളുടെ കുറവ്.
3. പ്രപഞ്ചബോധം വളർത്താനായി "ടെലസ്കോപ്പ്" ഇല്ല.
4. ലൈബ്രറിയും ലാബും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
5. അംഗൻവാടികൾ വാർഡുകളിൽ ഇല്ല.
6. സ്കൂളിൽ കലാ-സാഹിത്യ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല.
7. പ്രീ-പ്രൈമറികളിൽ പാഠ്യോപകരണങ്ങൾ ആവശ്യത്തിനില്ല.
8. വ്യാകരണപഠനത്തിന് വേണ്ടത്ര ഗൗരവം നൽകുന്നില്ല.
9. അദ്ധ്യാപക-വിദ്യാർഥി സംഘടനകളുടെ രാഷ്ട്രീയ അതിപ്രസരം.
10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എല്ലാ സ്കൂളിലും വേണം.

## സാദ്ധ്യതകൾ

1. സ്കൂൾ തലത്തിൽ അദ്ധ്യാപകരും, രക്ഷകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും, സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന ജനകീയസമിതികൾ രൂപീകരിക്കുക.
2. പഞ്ചായത്തുതലത്തിൽ "അക്കാഡമിക് കമ്മറ്റി" രൂപീകരിക്കുക.
3. സ്കൂളുകളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുക-രക്ഷകർത്താക്കളുടെ ശ്രദ്ധ വിദ്യാഭ്യാസകാര്യത്തിൽ വളർത്തിയെടുക്കുക.
4. അദ്ധ്യയനത്തിന് പഞ്ചായത്തുതല മാതൃക തയ്യാറാക്കലും പഠനോപകരണങ്ങളും ഉണ്ടാക്കുകയും ചെയ്യുക.
5. വിദ്യാഭ്യാസ കോംപ്ലക്സ് പരിപാടി തുടങ്ങുക.
6. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്.
7. മാതൃക നഴ്സറി സ്കൂൾ.
8. പഞ്ചായത്തുതല അദ്ധ്യാപകപരിശീലനം.
9. അക്ഷരവേദി പ്രവർത്തനം.
10. അവശജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുണ്ടാക്കണം.

# പട്ടിക A     അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലാബൊറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96ൽ ലഭിച്ച അധ്യയനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയനദിനങ്ങൾ | പ്രത്യേക പൊതുഅവധികളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലസ്റ്ററും, പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റിക്കാർഡറുകൾ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| ഗവ:എച്ച്.എസ്, ആത്താനിക്കൽ | ഉണ്ട് | ഉണ്ട് | കുറവാണ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 5 | 18 | 195 | ഇല്ല | 2 | സജീവം | പ്രവർത്തിക്കുന്നു |
| സെന്റ് ജോൺസ് എച്ച്.എസ്, വടകര | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 12 | 196 | ഇല്ല | 5 | സജീവമല്ല | ഭാഗികം. |
| ഗവ:എച്ച്.എസ്, തിരുമാറാടി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | പ്രവർത്തനക്ഷമമല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 24 | 20 | 1895 | 5 | 12 | സജീവം | പ്രവർത്തിക്കുന്നു |
| ഗവ:എൽ.പി. സ്കൂൾ മണ്ണത്തൂർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | സ്റ്റാൻഡ് ഇല്ലാത്തത് 4 | 195 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |
| ഗവ:എൽ.പി സ്കൂൾ, കാക്കൂർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 2 | 194 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |

# അക്കാദമിക് നിലവാരം

## പട്ടിക B

| സ്കൂൾ | ആകെ കുട്ടികൾ | പൊതു നിലവാരം | | | | | S.S.L.C വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | (3 മുതൽ) | 30% മാർക്കിൽ താഴെ | 30-40%മാർക്ക് നേടുന്നവർ | 40-50% | 50-60% | 60% ന് മുകളിൽ | 91-92 | 92-93(%) | 93-94(% | 94-95(%) | 96- 96(%) |
| ഗവ.ഹൈസ്കൂൾ-ആത്താനിക്കൽ | 523 | 167 | 104 | 98 | 67 | 87 | - | 85 | 69 | 68 | 71 |
| സെന്റ് ജോൺസ് സിറിയൻ-ഹൈസ്കൂൾ വടകര | 305 | 85 | 78 | 48 | 44 | 50 | 90 | 92 | 74 | 84.5 | 86.5 |
| ഗവ.വി.എച്ച്.സ് സ്കൂൾ-തിരുമാറാടി | 532 | 156 | 75 | 71 | 51 | 179 | 80.52 | 73.5 | 63.86 | 60 | 40.3 |
| ഗവ.എൽ.പി. സ്കൂൾ-മണ്ണത്തൂർ | 31 | - | - | - | 2 | 29 | - | - | - | - | - |
| ഗവ.എൽ.പി. സ്കൂൾ-കാക്കൂർ | 18 | - | - | - | 03 | 15 | - | - | - | - | - |
| | 1409 (28.95%) | 257 (18.23%) | 217 (15.40%) | 167 (11.85%) | 360 (25.55%) | 85.26 | 83.5 | 68.95 | 70.83 | 65.93 | |

പട്ടിക 1.

## സ്ക്കൂളിന്റെ ഭൗതീക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിന്റെ പേര് | കെട്ടിടങ്ങൾ എണ്ണം: ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം | അർദ്ധസ്ഥിരം, | മുറികളുടെ എണ്ണം: താത്ക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം, | താത്ക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള ഫർണിച്ചർ ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് പ്രയോജനപ്പെടും | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ ആവശ്യത്തിന് ഉണ്ട്/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം: ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ഗവ. H.S. ആത്താനിക്കൽ | 20 | 2 | 4 | 1 | 15 | 10 | 1 | 1 | ഇല്ല | 2 | 12 | 1 | 2 | 1 | ഉണ്ട് കിണർ | ഭാഗികമായി | താൽകാലികമായി | ഉണ്ട് | ഇല്ല | 50 | 50 | 30 | 35 | അലമാരി 3 |
| സെന്റ് ജോൺസ് ഹൈസ്ക്കൂൾ വടകര | 10 | 2 | - | - | 23 | - | - | ഇല്ല | ഉണ്ട് | 3 | 7 | 2 | 1 | - | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | - | - | - | - | ആവശ്യമില്ല |
| ഗവ. H.S. തിരുമാറാടി | 21 | 5 | - | - | 37 | - | - | ഇല്ല | ഇല്ല | 3 | 14 | 1 | 5 | - | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 3 | 15 | ആവശ്യമില്ല |
| L.P. സ്ക്കൂൾ മണ്ണത്തൂർ | 4 | - | 1 | - | - | 1 | - | 1 | ഉണ്ട് | 2 | 2 | 1 | ഇല്ല | - | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | - | - | 1 | 10 | 2 |
| L.P. സ്ക്കൂൾ കാക്കൂർ | 4 | 1 | - | - | 5 | - | 1 | ഇല്ല | - | 1 | 2 | - | ഇല്ല | - | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് താൽക്കാലികം | ഉണ്ട് | മതിയാകും | - | - | 1 | 3 | 2 |


| സ്കൂളിന്റെ പേര് | HS/UP/ LP/Pre-Primary | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | തരിശ് ഭൂമി | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| ഗവ. ഹൈസ്കൂൾHS ആത്താനിക്കൽ | HS UP LP | | - | - | - | 315 | 299 | 614 | 26 | 26 | ഇല്ല | ഇല്ല | 126 സെന്റ് | ഇല്ല | ഇല്ല |
| സെന്റ് ജോൺസ് സിറിയൻ ഹൈസ്കൂൾ, വടകര | UP & HS | - | - | - | - | 237 | 68 | 305 | 16 | 16 | ഇല്ല | ഇല്ല | 724.5 സെന്റ് | 150 സെന്റ് | 250 സെന്റ് |
| ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, തിരുമാറാടി | Pre-Pri. LP UP HS VHS | | - | - | - | 363 | 307 | 670 | 30 | 30 | ഇല്ല | ഇല്ല | 209സെന്റ് | ഇല്ല | 53 സെന്റ് |
| ഗവ. എൽ. പി. സ്കൂൾ മണ്ണത്തൂർ | LP | | - | - | - | 32 | 22 | 54 | 5 | 5 | ഇല്ല | ഇല്ല | 50 സെന്റ് | ഇല്ല | 10 സെന്റ് |
| ഗവ. എൽ. പി. സ്കൂൾ, കാക്കൂർ | LP | | - | - | - | 19 | 14 | 33 | 4 | 4 | ഇല്ല | ഇല്ല | 50 സെന്റ് | ഇല്ല | 10സെന്റ് |
| | · 3 HS, 3UP 4 LP | 4 | 1 | - | - | 966 | 710 | 1676 | 81 | 81 | - · | - | 1159.5 സെന്റ് | 150 | 323 സെന്റ് |

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം | വികലാംഗ സ്കോളർഷിപ്പ് | ജവാൻ | ബീഡി | മത്സ്യ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | ഗവ. H.S. ആത്താനിക്കൽ | 4 | 130 | - | - | - | - | - | LSS-3<br>USS-2 |
| 2 | സെന്റ് ജോൺസ് H.S. വടകര | 4*40=160 | 52 Rs.5640 | - | 4 Nos Rs. 4650 | - | - | - | - |
| 3 | ഗവ. H.S. തിരുമാറാടി | Nil | 116 | - | 8 | - | - | - | LSS-5<br>USS-2 |
| 4 | ഗവ. L.P. സ്കൂൾ, മണ്ണത്തൂർ | - | 10 | - | - | - | - | - | - |
| 5 | ഗവ. L.P. സ്കൂൾ കാക്കൂർ | - | 1 | - | - | - | - | - | - |


## എസ്.എസ്.എൽ.സി. വിജയശതമാനം

പഞ്ചായത്തിൽപ്പെടുന്ന സ്കൂളുകളുടെ ശരാശരി





## പഞ്ചായത്തിൽപ്പെടുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ

ആൺ-പെൺ




## എസ്.എസ്.എൽ.സി. വിജയശതമാനം


ഗവ. ഹൈസ്കൂൾ
അത്താണിയ്ക്കൽ




സെന്റ് ജോൺസ് ഹൈസ്കൂൾ
വടകര




ഗവ. ഹൈസ്കൂൾ
തിരുമാറാടി



## തിരുമാറാടി ഗ്രാമ പഞ്ചായത്ത്
## ഗവ: കോളേജ് - മണിമലകുന്ന് - പൊതുവിവരം......................1996

| കോളേജ് സ്ഥാപിച്ച വർഷം | ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തിയ വർഷം | വിദ്യാർത്ഥികൾ | | | | | | കോളേജ് കാമ്പസിന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു വിവരങ്ങൾ / പോരായ്മകൾ |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | |
| 1981 | 1984 | 403 | 406 | 809 | 100 | 3 | 103 | 15 ഏക്കർ | 2 ഏക്കർ | 1. വേണ്ടത്ര കെട്ടിടങ്ങളും സ്റ്റേഡിയവും സ്റ്റാഫ് ക്വാർട്ടേഴ്സുകളും ഇല്ല.<br>2. കോളേജിന്റെ ജലവിതരണ സംവിധാനം അപര്യാപ്തമാണ്.<br>3. വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം മതിയായതല്ല.<br>4. പോസ്റ്റു ഗ്രാജ്വേറ്റു ലവലിലുള്ളതും തൊഴിലധിഷ്ഠിതമായതും, ഇതര കോഴ്സുകളും ആരംഭിക്കേണ്ടതായുണ്ട്. |



# സംസ്കാരം

ക്രിസ്ത്യൻ - ഹൈന്ദവ വിഭാഗങ്ങളിൽ പെട്ടവരാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ. എണ്ണം കൊണ്ട് ഇരുവിഭാഗങ്ങളും ഏറെക്കുറെ സംതുലനം പാലിക്കുന്നു. തിരുമാറാടി മഹാദേവക്ഷേത്രം, തിരുമാറാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, എടപ്രക്കാവ്, ആമ്പശ്ശേരിക്കാവ്, മണ്ണത്തൂർക്കാവ്, ഒലിയപുറം കാവ്, താന്നിച്ചുവട് ക്ഷേത്രം തുടങ്ങിയവയാണ് പ്രധാന ഹൈന്ദവ ആരാധനാ കേന്ദ്രങ്ങൾ. ഇവയുടെ ഉത്സവങ്ങളോടനുബന്ധിച്ച് മുടിയേറ്റ്, ഗരുഢൻ തൂക്കം, കഥകളി തുടങ്ങിയ പല അടിസ്ഥാന കലകളും മുടങ്ങാതെ നടന്നുവരുന്നു. നാവോളി മറ്റം നെല്ലിക്കുന്ന് പള്ളി, മണ്ണത്തൂർ പള്ളി, ആട്ടിൻകുന്ന് പള്ളി, കുഴിക്കാട്ട് പള്ളി തുടങ്ങിയവയും കാക്കൂർ സെന്റ് ജോസഫ് പള്ളി തിരുമാറാടി സെന്റ് മേരീസ് പള്ളിയുമാണ് പ്രധാനമായ ക്രിസ്തീയ ആരാധനാകേന്ദ്രങ്ങൾ. കൂടാതെ നമ്മുടെ പഞ്ചായത്ത് അതിർത്തിക്ക് വെളിയിലാണെങ്കിലും വടകരയിലെ 2 പള്ളികളും നമ്മുടെ ആളുകളെ സംബന്ധിച്ച് പ്രസ്കതമാണ്.

കേരളത്തിലും ഗ്രാമീണ സംസ്കാരത്തിന്റ ഭാഗമായിരുന്ന ക്ഷേത്രോത്സവ മേളകളിലാണ് നമ്മുടെ പഞ്ചായത്തിന്റെ കലാപരിപാടികൾ നടന്നു വന്നത്. അപൂർവ്വം അനുഷ്ഠാനകലകൾ ഇന്നും അരങ്ങേറുന്നുണ്ട്. മേളങ്ങളുയുറയുന്ന ഉത്സവരാവുകൾ നമുക്കും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നാട്ടുവാഴിത്ത ബന്ധങ്ങൾ ശിഥിലമായപ്പോൾ തീയറ്ററുകളും, കലാസമിതികളും ഫൈൻ ആർട്ട്സ് സൊസൈറ്റികളും സജീവമായി.

മണ്ണത്തൂരിൽ പ്രവർത്തിച്ചിരുന്ന പുഷ്പ കലാ തീയറ്ററും, ഉദയാ ആർട്ട്സും, തിരുമാറാടിയിലെ കലാസദനവും അങ്ങനെ രൂപംകൊണ്ട സമിതികളായിരുന്നു. തിരുമാറാടിയിൽ പിന്നീട് ചൈതന്യയും, സമന്വയ സാംസാകാരിക സമിതിയും ശ്രദ്ധേയങ്ങളായ കലാ സാഹിത്യസംവാദ വേദികളായി വളർന്നു. മണ്ണത്തൂർ കേന്ദ്രമായി ദേശാഭിമാനി സ്റ്റഡി സർക്കിളും, പുരോഗമന കലാ സാഹിത്യ സംഘവും സംവാദങ്ങളുടെ വേദികളൊരുക്കി. സർഗ്ഗസംവാദത്തിന്റെ വേദികൾ ഇന്ന് സജീവമല്ല.

നമ്മുടെ പഞ്ചായത്തിൽ കാക്കൂരും മണ്ണത്തൂരും സിനിമാശാലകൾ ആരംഭിച്ചു എങ്കിലും മിനിസ്ക്രീനുകൾ വ്യാപക മായതോടെ കാക്കൂർ തീയറ്റർ പ്രവർത്തനം നിലച്ചു.

നാടകപരിശീലനവും, നൃത്തപഠനവും നടത്തുന്ന മീഡിയ ആർട്ട്സ് മാത്രമാണ് ഇന്ന് നിലവിലുള്ള കലാസമിതി. 1956 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച അത്ലറ്റിക് ക്ലബ്ബ് നാവോളി മറ്റം മുതൽ 'ടൈമ' തിരുമാറാടി വരെ കായിക കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന 18 ക്ലബ്ബുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മിക്ക ക്ലബ്ബുകളും ഓണാഘോഷങ്ങളും മറ്റും മാത്രംസംഘടിപ്പിക്കുന്നതിൽ പ്രവർത്തനം ഒതുക്കുന്നു. മണ്ണത്തൂർ പബ്ലിക്ക് ലൈബ്രറി, മഹാത്മജി വായനശാല വടകര, തിരുമാറാടി പഞ്ചായത്ത് വായനശാല എന്നിവ ഏറെക്കുറെ പ്രവർത്തനങ്ങൾ നടത്തുന്നു. നിലച്ചുപോയ കാക്കൂർ ഗ്രാമീണ വായനശാല പഞ്ചായത്ത് സൂഹായത്തോടെ കെട്ടിടം പുതുക്കിപ്പണിയുകയും സഹൃദയരുടെ സഹായത്തോടെ പുസ്തകസമാഹരണം നടത്തി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. പഞ്ചായത്ത് കെട്ടിടം പണിതു കൊടുത്തിട്ടും കുറെക്കാലം വെട്ടിമൂട് പബ്ലിക് ലൈബ്രറി പ്രവർത്തനരഹിതമായിരുന്നു. അടുത്തകാലത്തായി പുസ്തക വിതരണം പുനരാരംഭിച്ചിട്ടുണ്ട്. പുസ്തകവില വർദ്ധനവിനനുസരിച്ച് പുസ്ത ഗ്രന്റ് ലഭിക്കാത്തതായിരുന്നു പ്രധാനതടസ്സമായിരുന്നത്. ലൈബ്രേറിയനൻ അലവൻസും ഗ്രാന്റും വർദ്ധിപ്പിച്ചു കിട്ടുന്നതോടൊപ്പം ജനപങ്കാളിത്തത്തോടെ നിലച്ചുപോയ വായനാശീലം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം. സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ പരിമിതമാണ്. മണിമലക്കുന്ന് ഗവ. കോളേജിൽ മെച്ചപ്പെട്ട ലൈബ്രറി സൗകര്യങ്ങൾ ഉണ്ട്.

അടുത്തകാലത്തായി മണ്ണത്തൂർ മർച്ചൻസ് അസ്സോസിയേഷനും വിവിധ കലാ സാംസ്കാരിക സംഘടനകളും സംയുക്തമായി സംഘടിപ്പിച്ചു വരുന്ന ഓണാഘോഷ മേളകൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ്.

ഈ വർഷം "പ്രതിഭാ സംഗമം" എന്ന പേരിൽ ശ്രീ. പി.കെ. നരേന്ദ്രദേവിന്റെ നേതൃത്വത്തിൽ തിരുമാറാടിയിൽ നടത്തിയ സംസ്ഥാന ചെറുകഥാ ക്യാമ്പ്

സാഹിത്യ രംഗത്ത് നമ്മുടെ സാദ്ധ്യതകളിലേക്കുള്ള സൂചകമാണ്.

പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കുന്ന ദൃശ്യ ഫൈൻ ആർട്ട്സ് സൊസൈറ്റി നമ്മുടെ ഗ്രാമത്തിന്റെ നാഗര സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. പരിപാടികൾ അവതരിപ്പിക്കുവാൻ കഴിയുന്ന നല്ല ഒരു ആഡിറ്റോറിയത്തിന്റെ അഭാവം അവരുടെ പ്രവർത്തനങ്ങൾക്ക് വലിയ പ്രതിബന്ധമാണ്.

കായിക രംഗത്ത് പരിശീലനം നടത്തുവാൻ ഉതകുന്ന സ്റ്റേഡിയങ്ങളുടെ അഭാവം നിരന്തര പരിശീലനത്തിന് തടസ്സമാണ്. പരിമിതമായ സ്കൂൾ കോളേജ് ഗ്രൗണ്ടുകൾ മാത്രമാണ് നമുക്കുള്ളത്. കൊയ്ത്ത് കഴിയുന്ന പാടശേഖരങ്ങളിലും മറ്റുമാണ് വേനൽക്കാലത്ത് മാത്രം കായിക വിനോദങ്ങൾക്ക് സൗകര്യം കിട്ടുന്നത്. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായി ആരംഭിച്ച പ്രസിദ്ധമായ കാക്കൂർ കാളവയൽ നമ്മുടെ ഗ്രാമത്തിന്റെ പ്രശസ്തി ദേശാന്തരങ്ങളിലെത്തിക്കുന്നു. കാളവയൽ കാർഷീകോത്സവമായി എങ്ങനെ നിലനിർത്താം എന്ന ഗൗരവമായ ചർച്ച നടക്കേണ്ട കാലം അതിക്രമിച്ചു.

മണ്ണത്തൂർ, നാവോളി മറ്റം, കുഴിക്കാട്ടു കുന്ന് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് കം റീഡിംഗ് റൂം പണിതിട്ടുണ്ടെങ്കിലും നാവോളിമറ്റം റീഡിംഗ് റൂം പ്രവർത്തനമാരംഭിച്ചിട്ടില്ല. കളപ്പാറയിലും, വാളിയപ്പാടം നാലുസെന്റ് കോളനിയിലും ഉള്ള സാംസ്കാരിക നിലയങ്ങളും മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിന് തദ്ദേശീയരുടെ പങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിപാടികൾ ആവിഷ്കരിക്കണം.

സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന ശ്രീ.കെ.എൻ. വാസുദേവൻ നമ്പൂതിരി മുതൽ പ്രശസ്തരായ നിരവധി കലാസാഹിത്യപ്രവർത്തകരെ സംഭാവന ചെയ്യുവാൻ നമുക്ക് കഴിഞ്ഞു. ചിത്ര - ശില്പകലകളിൽ അന്താരാഷ്ട്ര ബഹുമതി നേടിയ എൻ.എൻ. റിംസണും സംസ്ഥാന അവാർഡു നേടിയ സാജു മണ്ണത്തൂരും മറ്റനേകം കലാകാരന്മാരും നമ്മുടെ അഭിമാന ഭാജനങ്ങളാണ്. കലാ സാഹിത്യരംഗത്ത് പ്രവർത്തിക്കുന്ന ഇവരെ ആദരിക്കുവാനും ഇവരുടെടൊക്കെ സേവനം നമ്മുടെ കലാ സാംസ്കാരിക രംഗത്ത് മുതൽക്കൂട്ടാക്കുവാനുമുള്ള പദ്ധതികൾ രൂപ കല്പന ചെയ്യണം.

ആമ്പിശ്ശേരിൽ കാവിൽ ഉത്സവത്തോടനുബന്ധിച്ച് നൂറ്റാണ്ടിനപ്പുറം ആരംഭിച്ച കാക്കൂർ കാളവയലും ഓണക്കാലത്തും മറ്റും സംഘടിപ്പിക്കപ്പെടുന്ന കലാകായിക മത്സരങ്ങളും മറ്റ് ആഘോഷങ്ങളും ദേശീയോത്ഗ്രദനാത്മകമാണ്.

## സാദ്ധ്യതകൾ

1. പഞ്ചായത്തു തലത്തിൽ കലാ - സാംസ്കാരിക സമിതി ഉണ്ടാക്കലും നിലവിലുള്ളയുടെ ഏകീകരണവും.
2. തിരുമാറാടി പബ്ലിക് ലൈബ്രറിക്ക് പുതിയ കെട്ടിടവും എല്ലാ ഗ്രന്ഥശാലകുളുടെയും പ്രവർത്തനം മെച്ചപ്പെടുത്തൽ
3. കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് സബ്കമ്മറ്റി.

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

ജാതീയമായ കാരണങ്ങളാൽ സമൂഹത്തിൽ നിന്ന് ഏറെപിന്നോക്കം പോയവരാണ് പട്ടികജാതി-പട്ടിക വർഗ്ഗക്കാർ. ജന്മിമാരും ഭൂവുടമകളും അവരുടെ പാടത്തും പറമ്പിലും പണിയെടുപ്പിക്കുന്നതിനായി വില കൊടുത്തും അല്ലാതെയും കൊണ്ടു വന്ന് വിളനിലത്തിനടുത്ത് താമസിപ്പിച്ചവരാണ് ഇവരിലധികവും.അവർ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളാണ് ഇന്ന് ഹരിജൻ കോളനികളായി അറിയപ്പെടുന്നത്.ചെറുതും വലുതുമായ ഹരിജൻ കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ പുലയ വിഭാഗത്തിൽ പെട്ടവരാണധികവും.തനതായ ആചാരങ്ങളും അനുഷ്ടാനങ്ങളും ഇവർക്കുണ്ട്. പരിചമുട്ടുകളി, കാളകളി, കോലടി തുടങ്ങിയ കായികപ്രധാനമായ വിനോദങ്ങളും തുടിയുടെയും മറ്റും രൗദ്രതാളത്തിനിണങ്ങുന്ന നാടൻ പാട്ടുകളും മറ്റും ഇവരുടെ സ്വന്തമാണ്.'ശ്മവക്കൊള്ളികൾ' എന്നറിയപ്പെടുന്ന പൊതുശ്മശാനങ്ങളുമുണ്ട്.

തീണ്ടൽ, തൊടീൽ തുടങ്ങിയ ജാത്യാചാരങ്ങൾ സൃഷ്ടിച്ച പീഡനങ്ങൾ ഏറ്റവും അനുഭവിച്ചതും ഇവരാണ്.ജോലി ചെയ്യുകയല്ലാതെ കൂലി ചോദിക്കാനും മറ്റുമുള്ള അറിവോ ധൈര്യമോ അവർക്കുണ്ടായിരുന്നില്ല.ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്താരംഭിച്ച പ്രക്ഷോഭങ്ങളും, ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഹരിജൻ സേവാ പ്രവർത്തനങ്ങൾ , അംബേദ്ക്കറുടെ നേതൃത്വത്തിൽ സംവരണത്തിന് വേണ്ടി നടന്ന പ്രക്ഷോഭങ്ങളും ക്ഷേത്രപ്രവേശനത്തിന് വേണ്ടി നടന്ന മറ്റു പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി പട്ടികജാതിക്കാരും മനുഷ്യരാണ്, അവർക്കും ജീവിതസൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ് എന്ന ആശയത്തിന് പ്രചാരം കിട്ടി.അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കലാസാഹിത്യനായകരും തങ്ങളാലാവുന്ന സംഭാവനകൾ നൽകി.സംവരണത്തിന്റെയും മറ്റും ആനുകൂല്യങ്ങളോടെയാണ് കുട്ടികളെ സ്ക്കൂളിലും മറ്റും അയയ്ക്കാൻ കഴിഞ്ഞത്. പഠനം പൂർത്തീകരിച്ച കുറെപ്പേർക്കെങ്കിലും സർക്കാർ ജോലികളിൽ പ്രവേശിക്കാൻ കഴിഞ്ഞു.

1991-ലെ സെൻസസ് അനുസരിച്ച് 1455 പട്ടികജാതിക്കാരും പട്ടിക വർഗ്ഗത്തിൽപ്പെട്ട 5 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. കുടികിടപ്പവകാശം കിട്ടിയതിന് ശേഷം ബഹുഭൂരിപക്ഷം കുടുംബങ്ങളും നാമമാത്രഭൂമിയുടെ ഉടമകളായി.റോഡ് പുറമ്പോക്കുകളിലും പാറ പുറമ്പോക്കുകളിലും താമസിക്കുന്ന 15 ഓളം കുടുംബങ്ങൾക്ക് ഇനിയും പട്ടയം കിട്ടേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ നിശ്ചിത ശതമാനം തുക പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി മാറ്റി വയ്ക്കുന്നുണ്ട്.കുറെയൊക്കെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.ചില വാർഡുകളിലെങ്കിലും എല്ലാ ഹരിജൻ കുടുംബങ്ങൾക്കും പുര പണിയുവാൻ സൗജന്യമായി സഹായം നൽകിക്കഴിഞ്ഞു.

25 ലധികം കുടുംബങ്ങൾ താമസിക്കുന്ന മണ്ണത്തൂർ കുറ്റത്തിനാൽ ഹരിജൻ കോളനിയാണ് ഏറ്റവും വലിയ കോളനി. I.H.D.P.യിൽപ്പെടുത്തിയെങ്കിലും, വഴിയുടെ പണി പൂർത്തീകരിച്ചിട്ടില്ല. ഉയർന്ന പ്രദേശത്ത് കുടിവെള്ളവും എത്തിയിട്ടില്ല.ഇനിയും രജിസ്റ്റർ ചെയ്യാത്ത ഹരിജൻകോളനികളുണ്ട്. കുറ്റത്തിനാൽ, കുഞ്ചുകുന്ന്, ആടുകുഴി, നാവേളിമറ്റം, മുട്ടത്തുകുന്ന്, മണ്ണത്തൂർ ചെറ്റയിൽ, തിരുമാറാടി ചെറ്റയിൽ, ഓലിയപ്പുറം ചെറ്റയിൽ തുടങ്ങി പല കോളനികളിലും സമ്പൂർണ്ണമായി, സൗജന്യമായി വൈദ്യുതി കൊടുത്തു കഴിഞ്ഞു.പൊതുവായി ബാധിക്കുന്ന വെള്ളം, വെളിച്ചം, വഴി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.

പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും, പരിഷ്കൃതാശയങ്ങളുടേയുമെല്ലാം മുൻകൈയോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി, ഹരിജനങ്ങളുടെ വീടുകളിലെ വിവാഹങ്ങളിലും മറ്റു ചടങ്ങുകളിലും പങ്കെടുക്കുകയും അവരോടൊത്ത് ആഹാരം കഴിക്കുകയും ചെയ്യുന്ന നിലയുണ്ടായിട്ടുണ്ട്. എന്നാൽ ഇതിന് മടിക്കുന്ന അപൂർവ്വം യാഥാസ്ഥിതികർ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്.രാഷ്ട്രീയപാർട്ടികളിലും ബഹുജനസംഘടനകളിലും പ്രവർത്തിക്കുന്ന ഹരിജനങ്ങളുണ്ട്.

ഹരിജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടെ 1982 ൽ ഓലിയപ്പുറം കേന്ദ്രമായി ഹരിജൻ Co-operative society രൂപീകരിച്ചു. ആദ്യ കാലഘട്ടങ്ങളിൽ ഭേദപ്പെട്ട പ്രവർത്തനങ്ങൾ നടന്നു. പിന്നീട് കാര്യമായ പ്രവർത്തനങ്ങൾ നടന്നിരുന്നില്ല. എന്നാൽ ഇപ്പോൾ നേരത്തെ വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുകയും പ്രവർത്തനം പുനഃരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ചില നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. വീടില്ലാത്ത ഹരിജനങ്ങൾക്ക് 2000 ആണ്ടിന് മുമ്പ് വീടും കക്കൂസും അനുവദിച്ചു കൊടുക്കണം.
2. വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികളിൽ വൈദ്യുതി സൗജന്യമായി എത്തിക്കണം.
3. കുഞ്ചുകുന്നു പോലുള്ള കോളനികളിൽ വൈദ്യുതി സൗജന്യമായി എത്തിക്കണം.
4. ശുദ്ധജലമെത്താത്ത കോളനികളിൽ ജലമെത്തിക്കണം.
5. പൊതുശ്മശാനങ്ങൾക്ക് ചുറ്റുമതിൽ പണിയണം.
6. കൃഷിഭൂമിയുള്ള ഹരിജനങ്ങൾക്ക് വിത്തും വളവും യഥാസമയം സൗജന്യമായി നൽകണം.
7. ഹരിജനങ്ങളുടെ പ്രശ്നം ചർച്ച ചെയ്യുന്നതിന് പഞ്ചായത്ത് നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിക്കണം.

# വനിതാക്ഷേമം

ഭാര്യയെ സഹധർമ്മിണി എന്നു വിശേഷിപ്പിച്ചിരുന്ന നാടാണ് നമ്മുടേത്. എന്നാൽ കാലാന്തരത്തിൽ ഭാര്യ വസ്ത്രം കഴുകുന്നവളും ഭർത്താവ് വസ്ത്രം ധരിക്കുന്നവനും, ഭാര്യ ഭക്ഷണം പാകം ചെയ്യുന്നവളും, ഭർത്താവ് ഭക്ഷണം കഴിക്കുന്നവനും എന്നതായി രീതി. പുരുഷമേധാവിത്തപരമായ ഘടന സ്വീകരിച്ചിട്ട് സ്ത്രീ-പുരുഷസമത്വം അനുഷ്ഠിക്കുന്നു എന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കുക. കാർഷിക സമ്പദ്ഘടന സുസ്ഥിതമായ നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെ പ്രാധാന്യം എടുത്തുപറയേണ്ടതുണ്ട്. നെൽകൃഷി ഇറക്കുന്നതിനു വേണ്ടി ചാറൊടി, ചാണകം ചുമട്, ഞാറുപറി, നടീൽ എന്നീ ജോലികൾ ചെയ്തുവന്നത് സ്ത്രീകൾ തന്നെയാണ് കളകൾ പറിച്ച് വിളകൾ സംരക്ഷിച്ചത്. കൊയ്ത്തും, മെതിയും, നെല്ലുണങ്ങലും, പുഴുങ്ങലും, കുത്തലും എല്ലാം അവരുടെ കായികാദ്ധ്വാനത്തിന്റെ ഭാഗമായിരുന്നു.

ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ കൃഷി ചെയ്യുന്നിടത്തും ഇഞ്ചിപ്പുല്ല് മുറിക്കുന്നിടത്തും സ്ത്രീകളുടെ അദ്ധ്വാനം നിർണ്ണായകമായിരുന്നു. പനമ്പ്, പായ്, കുട്ട, വട്ടി തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങളിലും മൺപാത്രനിർമ്മാണം,പപ്പടനിർമ്മാണം തുടങ്ങിയ രംഗത്തും സ്ത്രീകൾ അവരുടെ പങ്ക് വഹിച്ചുപോന്നു. തൊഴിലാളികളും കുടിയാന്മാരുമായ അധ:സ്ഥിതരായ കുടുംബങ്ങളിലെ സ്ത്രീകളാണ് ഇത്തരം ജോലികൾ ചെയ്തിരുന്നതെങ്കിൽ ഇടത്തരം കർഷക കുടുംബങ്ങളിലെ സ്ത്രീകൾ "ഗൃഹജോലികൾ" എന്ന ഓമനപ്പേരിൽ 14ഉം 16ഉം മണിക്കൂർ മിണ്ടാപ്രാണികളെപ്പോലെ അത്യധ്വാനം ചെയ്തുപോന്നിരുന്നു.

നമ്മുടേതുപോലുള്ള പഞ്ചായത്തിൽ ജാതീയമായും സാമ്പത്തികമായും ഉന്നതമായ കുടുംബങ്ങൾ 10% നു താഴെയായിരുന്നു. അവർ മാത്രമാണ് വലിയ കായികാദ്ധ്വാനമില്ലാതെ സുകുമാരകലകളിലും മറ്റും ഏർപ്പെട്ടത്. പൊതുവെ സ്ത്രീകൾ ഉന്നതവിദ്യാഭ്യാസത്തിന് പോയിരുന്നില്ല.

കാർഷിക പരിഷ്കരണത്തിന്റെയും, റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടെയും വ്യാപകമായ ഉത്പാദനം നമ്മുടെ സാമ്പത്തിക ബന്ധങ്ങളിൽ ഘടനാപരമായി മാറ്റങ്ങളുണ്ടാക്കി. സ്ത്രീധനം സ്വത്തവകാശം എന്ന ഓമനപ്പേരിൽ ആണെങ്കിലും ഒരു ഭീഷണിയായി അനുഭവപ്പെട്ടു. ഉന്നത വിദ്യാഭ്യാസം നേടുന്നുതിലൂടെ സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടായാൽ സ്വാശ്രയത്വമുണ്ടാകും എന്ന ധാരണ പരന്നതോടെ ഉന്നത സാങ്കേതിക വിദ്യാഭ്യാസരംഗങ്ങളിൽ സാർവ്വത്രികമായി സ്ത്രീകളും പങ്കാളികളായി. അതിന് കുറെയൊക്കെ ഫലം ഉണ്ടാകുകയും ചെയ്തു.

കായികാദ്ധ്വാനം കൂടുതൽ ഉപയോഗിച്ചിരുന്ന കൃഷിയുടെ മേഖലയിൽ വളർന്ന് വന്ന നൂതന പ്രവണതകൾ തൊഴിലവസരങ്ങൾ കുറച്ചു. നിർമ്മാണരംഗത്തേക്ക് അവർ പറിച്ച് മാറ്റപ്പെട്ടു. കല്ല് ചുമക്കുന്നവനും, തടി ചുമക്കുന്നവരുമെല്ലാം അധികവും സ്ത്രീകളാണ്. ഇത്തരം ജോലിക്ക് പോകാൻ മടിയുള്ളവർ അല്പമാത്ര വരുമാനമുള്ള നെയ്ത്ത് കേന്ദ്രങ്ങളിലും, തീപ്പെട്ടി, പെൻസിൽ, തടി നിർമ്മാണ കേന്ദ്രങ്ങളിലും മറ്റും ജോലിക്ക് പോകുന്നു. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള കടകളിൽ "സെയിൽസ് ഗേൾ" ആയി ജോലി നോക്കുന്നവരുമുണ്ട്.

തുന്നൽജോലികളും എംബ്രോയഡറിയും പഠിച്ച് വസ്ത്ര നിർമ്മാണ സ്ഥാപനങ്ങളിലും സ്വന്തമായി തയ്യൽ ജോലികൾ ചെയ്യുന്ന സ്ത്രീകളുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലായി 92 വനിതാ ജീവനക്കാരുണ്ട്. കോളേജ് പ്രൊഫസർമാരും പ്രിൻസിപ്പലും ഡോക്ടർമാരും തുടങ്ങി നിരവധി ഉന്നതതസ്തികകളിൽ പ്രവർത്തിക്കുന്നത് വനിതകൾ ആണ്. നമ്മുടെ പഞ്ചായത്തിനു പുറത്ത് ജോലിചെയ്യുന്ന വനിതാ ജീവനക്കാർ വേറെയുണ്ട്.എന്നാൽ ഇവരാകെ ചേരുന്നതിനേക്കാൾ കൂടുതൽ ഇന്നും കർഷക കുടുംബങ്ങളിൽ ഗൃഹജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരാണ് എന്നു കാണാം.

പഞ്ചായത്ത് രാജ് സംവിധാനങ്ങൾ നിലവിൽ വന്നപ്പോൾ 1/3 സ്ഥാനങ്ങൾ വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടു. അസംബ്ലി പാർലമെന്റ് സീറ്റുകളിലും സംവരണതോത് ഉയർത്തുവാനുള്ള ചർച്ചകൾ നടന്നുവരുന്നു. ഇങ്ങനെയൊക്കെ ആയിട്ടും പൊതുപ്രവർത്തന രംഗത്തേക്ക് വനിതകൾ കുടുതൽ കടന്നു വരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാൽ നൂറ്റാണ്ടിനു മുമ്പ് ശ്രീമതി പെണ്ണമ്മ ജേക്കബ് MLA ആയി നിയമസഭയിലെത്തിയിട്ടും നമ്മുടെ നാട്ടിൽ പൊതുപ്രവർത്തനരംഗത്ത് സ്ത്രീകൾ കടന്നുവരാത്തതിന്റെ കാരണം പഠനാർഹമാണ്. പഠന കാലത്തും ജോലിക്കുവേണ്ടി എഴുത്തു പരീക്ഷകൾക്ക് തയ്യാറാക്കുന്ന കാലഘട്ടത്തിലും കരഗതമാകുന്ന പൊതുവിജ്ഞാനവും യുക്തിബോധവും ഗൃഹസ്ഥാശ്രമപ്രവേശത്തോടെ പ്രായേണ ക്ഷയോന്മുഖമായിത്തീരുന്നു. അവർ വായിക്കുന്ന ജനപ്രീതിയുള്ള ആനുകാലികങ്ങളോ ടി.വി. പോലുള്ള മാധ്യമങ്ങളിലെ ജനപ്രിയ കലാപരിപാ

ടികളോ അവരെ തെല്ലും സഹായിക്കുന്നില്ല. ആകസ്മികമായി പൊതുപ്രവർത്തനരംഗത്ത് കടന്നുവരുമ്പോൾ ഇത്തരം പരിമിതികൾ അവരെ വിഷമിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സെൻട്രൽ മഹിളാ സമാജം പോലെ കുറെയൊക്കെ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുണ്ട്. SNDP, NSS കരയോഗങ്ങളോടനുബന്ധിച്ചും പള്ളികളിലും ചില വനിതാ സംഘടനകൾ പ്രവർത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികളോടാഭിമുഖ്യമുള്ള അപൂർവ്വം മഹിളാസംഘടനാ പ്രവർത്തരുണ്ട് ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ച സ്വാശ്രയപോലുള്ള തൊഴിലധിഷ്ഠിത മഹിളാ സംരംഭങ്ങളും പ്രവർത്തനങ്ങളും ഇന്ന് നിലവിലില്ല.

## ചില നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വനിതാ സംഘടനാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. റിട്ടയർ ചെയ്ത കാര്യപ്രാപ്തിയുള്ള വനിതകളുടെ നേതൃത്വത്തിൽ സബ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.

2. മണ്ണത്തൂർ, ഒലിയപ്പുറം, തിരുമാറാടി, കാക്കൂർ എന്നീ കരകൾ കേന്ദ്രീകരിച്ച് വനിതാ വ്യവസായ സൊസൈറ്റികൾ ആരംഭിക്കണം. വെൽഫേയർ സെന്ററുകൾ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അധികമുള്ള സ്ഥലങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തണം.

3. PH സെന്ററിന്റെയും സബ് സെന്ററുകളുടെയും പ്രവർത്തനം അമ്മമാരുടെയും കുട്ടികളുടെയും പരിപാലനത്തിന് പ്രാധാന്യം നൽകണം. ബോധവത്ക്കരണ ക്യാമ്പുകൾ നടത്തണം.

4. സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകണം. മുഴുവൻ വീടുകളിലും അടുക്കളതോട്ടങ്ങൾ അമ്മമാർ മുൻകൈയെടുത്ത് നിർമ്മിക്കണം.

# സഹകരണ മേഖല

തിരുമാറാടി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് തന്നെയാണ്. പഞ്ചായത്തിലെ ആദ്യ സഹകരണ സംഘം 1922 രൂപീകൃതമായ കാക്കൂർ സർവ്വീസ് സഹകരണസംഘമാണ്. സംസ്ഥാന അവാർഡ് ലഭിച്ച സംഘമാണിത്.

നമ്മുടെ പഞ്ചായത്തിൽ കാക്കൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന "കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്", "പാമ്പാക്കുട ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്" പഞ്ചായത്തിലെ 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, ഹരിജൻ സഹകരണ സംഘം, ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം എന്നിവയാണ് സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ. ഇവ കൂടാതെ റബ്ബർ ഉൽപ്പാദക സംഘങ്ങൾ മൂന്നെണ്ണമുണ്ട്.

## കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്

മേൽപ്പറഞ്ഞവയിൽ ക്രെഡിറ്റ് സൊസൈറ്റിയുടെ പരിധിയിൽ വരുന്നത് കാക്കൂർ സർവ്വീസ് സഹകരണ ബാങ്കാണ്. 74 വർഷം മുമ്പ് തുടങ്ങിയ ഈ സംഘത്തിന് നിലവിൽ 7485 അംഗങ്ങൾ ഉണ്ട്. അംഗീകൃത മൂലധനം 26,50,000 രൂപയും പത്തുരൂപ ഓഹരി വഴി 24,80,025 രൂപയും മൂലധനമായുണ്ട്. വായ്പകളിലൂടെയും നിക്ഷേപങ്ങളിലൂടേയും 3,54 ,40,846 രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ബാങ്കിന്റെ പ്രവർത്തനങ്ങളിൽ മുഖ്യമായും അംഗങ്ങൾക്ക് കാർഷിക - കാർഷികേതര വായ്പകൾ നൽകുന്നതും, നിക്ഷേപങ്ങൾ സ്വീകരിക്കുന്നതുമാണ്. സംഘം ചിട്ടികൾ നടത്തുന്നതോടൊപ്പം എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു. കൺസ്യൂമർ സ്റ്റോറുകളും, വളം ഡിപ്പോകളും നടത്തുന്നുണ്ട്.

ബാങ്കിന്റെ ശാഖകൾ ഒലിയപ്പുറം, മണ്ണത്തൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ബാങ്കിൽ 15 ജീവനക്കാരുണ്ട്.

## പാമ്പാക്കുട ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രി

നോൺ ക്രെഡിറ്റ് സ്വഭാവത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഘമാണിത്. 1959 ൽ സ്ഥാപിച്ച ഈ സൊസൈറ്റിയുടെ പ്രവർത്തന പരിധി പാമ്പാക്കുട ബ്ലോക്കും, മുളന്തുരുത്തി വടവുകോട് ബ്ലോക്കുകൾ ഭാഗികമായും ഉൾപ്പെടുന്നതാണ്. സൊസൈറ്റി എടുത്ത പ്രധാന വായ്പകൾ വെൽഫെയർ ലോൺ, സി.ഇ. ലോൺ, എസ്.ഇ. ലോൺ തുടങ്ങിയവയാണ്.

ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളുടെ തുടക്കം വെട്ടിമൂട് സംഘത്തിൽ നിന്നാണ്. 1978 ൽ രൂപം കൊണ്ട വെട്ടിമൂട് ക്ഷീരോൽപ്പാദക സഹകരണ സംഘമാണ് പഞ്ചായത്തിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭം. ഇപ്പോൾ ചെറ്റേപ്പീടിക, തിരുമാറാടി, ഒലിയപ്പുറം എന്നിവിടങ്ങളിലുമായി നാലു സംഘങ്ങൾ പ്രവർത്തിക്കുന്നു.

## ഹരിജൻ സൊസൈറ്റി:

പ്രവർത്തനമില്ലായിരുന്നു. 1982ൽ സൊസൈറ്റി രൂപംകൊണ്ടെങ്കിലും ചില ചടങ്ങുകളിൽ ഒതുങ്ങി നിൽക്കുന്ന സംഘമായി മാറി. ഇപ്പോൾ പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമം നടക്കുന്നുണ്ട്.

## ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി

എല്ലാവിധ നാണ്യവിളകളുടേയും പ്രത്യേകിച്ച് റബ്ബറിന്റേയും വിപണനവും, സംസ്കരണവും, ശേഖരണവും ലക്ഷ്യമിട്ട് 1996-ലാണ് തുടങ്ങിയത്. അംഗങ്ങൾ 157, മൂലധനം 1,09,150 രൂപ ആണ്.

## നിർദ്ദേശങ്ങൾ

1. നാണ്യവിളകളുടെ വിപണനത്തെ അടിസ്ഥാനമാക്കി വാർഡുതല വിപണന സഹകരണ സംഘങ്ങൾ.
2. പച്ചക്കറിക്കും, പശുവളർത്തലിനും സഹകരണ സംഘം വഴി ലോൺ.
3. ഖാദിയുടെ ഒരു ശാഖ ഒലിയപ്പുറത്ത്.
4. പാൽഉൽപ്പന്ന വ്യവസായം സഹകരണാടിസ്ഥാനത്തിൽ.
5. കൃഷി വായ്പയുടെ പലിശനിരക്ക് കുറക്കണം.
6. ബ്രാഞ്ച് ഓഫീസ് വഴി സ്വർണ്ണത്തിന്മേലുള്ള വായ്പ വിതരണം ചെയ്യാൻ കഴിയണം.
7. ഹരിജൻ സൊസൈറ്റികൾ ശക്തമാക്കണം.

സാദ്ധ്യതകൾ

1. സംഘം വഴി വിതരണം ചെയ്യുന്ന വായ്പകൾ എത്രത്തോളം പ്രത്യുൽപ്പാദനപരമായി ഉപയോഗപ്പെടുത്തുന്നു എന്നത് ഉറപ്പാക്കണം.
2. നിലനിൽക്കുന്ന വായ്പാരീതികളിൽ നിന്നും മാറ്റം വരുത്തി പ്രാമുഖ്യം കൊടുക്കേണ്ട വികസനമേഖലയിലെ ആവശ്യങ്ങൾക്ക്, വായ്പ സൗകര്യം ലളിതമാക്കുക.
3. പൊതു നിലവാരം പിടിച്ചുനിർത്തുവാൻ സഹകരണ സ്റ്റോറുകളുടെ ഘടനാപരമായ മാറ്റം.

# വിഭവ സമാഹരണം

തിരുമാറാടി പഞ്ചായത്തിന്റെ രൂപീകരണകാലത്ത് 10,000 രൂപയായിരുന്ന വാർഷിക വരുമാനം വർദ്ധിച്ചിട്ടുണ്ട്. അവ ഇന്നുള്ള വികസന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. പരിമിതമായ ധനാഗമ മാർഗ്ഗങ്ങളും, മുൻകാല ബാദ്ധ്യതകളും വർദ്ധിച്ചു വരുന്ന ചെലവുകളും പ്രധാന തടസ്സങ്ങളായി മാറിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് ഇപ്പോൾ മൈനസ് 163112 രൂപയാണ്.

തൊഴിൽ നികുതി, വിനോദനികുതി എന്നിവയും സർക്കാർ ധനസഹായങ്ങളും പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളാണ്. ജനസംഖ്യാനുപാതത്തിൽ ഉപാധിരഹിത ഫണ്ടുകൾ അനുവദിക്കുന്നു. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിന് ശേഷം സർക്കാർ ധനസഹായത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. പഞ്ചായത്ത് ചെലവിൽ ഏറെയും പൊതുമരാമത്തിന് വേണ്ടിയാണ്. അവയിൽ തന്നെ സിംഹവിഭാഗം റോഡുകൾക്കായിട്ടാണ് ചെലവിടുന്നത്. കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്നും വായ്പയെടുത്ത് പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് സെന്ററുകൾ വായ്പ തിരിച്ചടക്കുന്നതിൽ വലിയ ബാദ്ധ്യത ആക്കി മാറ്റിയിരിക്കുന്നു. പൊതുവാട്ടർ ടാപ്പുകളിലുള്ള വർദ്ധനവും ബാദ്ധ്യത കൂട്ടുന്നതായിരിക്കുന്നു. വിഭവശേഷി വർദ്ധിപ്പിക്കാനുള്ള കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

കാക്കൂർ സർവ്വീസ് സഹകരണ സംഘം, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂർ - കാക്കൂർ ശാഖ, കാത്തലിക് സിറിയൻ ബാങ്ക് മണ്ണത്തൂർ ശാഖ, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. നിക്ഷേപത്തുകയിൽ ഏറ്റവും കൂടുതൽ വായ്പ നൽകുന്നത് കാക്കൂർ സഹകരണ സംഘമാണ്. വാണിജ്യ ബാങ്കുകൾ 30% തുക കാർഷിക വായ്പയായി നൽകുന്നു - 48% തുക മറ്റ് വായ്പകളായും ചെലവഴിക്കുന്നു.

പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ എല്ലാം തന്നെ നല്ലരീതിയിൽ പ്രവർത്തിക്കുന്നു. കാക്കൂർ സർവ്വീസ് സഹകരണ സംഘം 3 വർഷങ്ങളിൽ സംസ്ഥാന അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. കാർഷിക വായ്പകളും, മറ്റ് മുൻഗണനാ വായ്പകളും ലക്ഷ്യമിട്ടതിന്റെ ഇരട്ടിയിലധികം കൈവരിച്ചതിന് നബാർഡിന്റെ അവാർഡ് SBT യ്ക്ക് ലഭിച്ചിട്ടുണ്ട്. നിക്ഷേപ സമാഹരണത്തിൽ 3 ബാങ്കുകളും അവരുടെ ലക്ഷ്യം ഓരോ വർഷവും മറികടക്കാറുണ്ട്. കാർഷികവായ്പകൾ കൊടുക്കുന്ന കാര്യത്തിൽ ധനകാര്യസ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വിദേശ നിക്ഷേപങ്ങൾ നല്ലൊരു ശതമാനം പഞ്ചായത്തിന് പുറത്തുള്ള നഗരപ്രദേശത്തേക്ക് പോകുന്നതായി കാണുന്നു.

പഞ്ചായത്തിന്റെ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിദേശനിക്ഷേപങ്ങൾ പഞ്ചായത്തിൽ തന്നെ നിക്ഷേപിക്കാൻ.കാരഷിക - വ്യവസായിക മേഖലയിൽ അവസരവും, പ്രോത്സാഹനവും വേണം. മണ്ണത്തൂരും വട്ടിമൂടും ഓരോ ഷോപ്പിംഗ് കോപ്ലക്സ് ആലോചിക്കാവുന്നതാണ്.

കലാകായിക സമിതികൾ, യുവജനങ്ങൾ എന്നിവ പോലുള്ള ജനകീയ സംഘടനകളുടെ ഐക്യനിരയുണ്ടാക്കി വികസന പ്രർത്തനങ്ങളിൽ വിനിയോഗിക്കാൻ നമുക്ക് സാധിയ്ക്കണം.

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപം രൂപ | വായ്പകൾ | |
|---|---|---|---|
| | | കാർഷികം | മറ്റുള്ള |
| സ്റ്റേറ്റ് ബാങ്ക് ഓഫ്-ട്രാവൻ കൂർ,കാക്കൂർ | 2,80,15,000 | 86,21,000 | 1,35,07,000 |
| കാത്തലിക് സിറിയൻ-ബാങ്ക് - മണ്ണത്തൂർ | 3,10,00,000 | 9,31,000 | 1,49,60,000 |
| സർവ്വീസ് - സഹകരണ സംഘം | 5,68,49,912 | 50,68,499 | 2,42,61,609 |

## ഗ്രാന്റ് വിവരങ്ങൾ

| ഇനം | തുക |
|---|---|
| V.T.C | 1,57,293.00 |
| V.R.M | 17,491.00 |
| M.I | 7,985.00 |
| അടിസ്ഥാന നികുതി | 57,527.00 |
| അൺടൈഡ് | 2,76,700 |
| 75% ഡ്യൂട്ടി | 1,52,694.00 |
| ലൈബ്രറി | 5,000.00 |
| ആകെ | 6,74,690.00 |

## ലേല വിവരം

| ഇനം | തുക |
|---|---|
| ചന്ത | 8,595.00 |
| ഷോപ്പിംഗ്-കോംപ്ലക്സ് | 42,200.00 |
| പലവക | 2,706.00 |
| ആകെ | 57,501.00 |

## പൊതുമരാമത്ത് പണി സംബന്ധിച്ച ചെലവ്

| ഇനം | തുക |
|---|---|
| കെട്ടിടം | 13,831.00 |
| റോഡ് | 8,28,290.00 |
| ആകെ | 9,42,121.00 |

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 1,37,280.00 | 1,00,193.00 | 37,087.00 |
| തൊഴിൽ നികുതി | 1,10,210.00 | 1,00,915.00 | 9,295.00 |
| വിനോദ നികുതി | 5,838.45 | 5,728.50 | 109.95 |
| അഡി: വിനോദ നികുതി | 3,892.30 | 3,819.30 | 73.00 |
| പ്രദർശന നികുതി | 1,056.00 | 1,040.00 | 16.00 |
| പ്രദർശന നികുതി — മേലുള്ള സർചാർജ് | 264.00 | 260.00 | 4.00 |
| ചന്തവരവ് | 8,595.00 | 8,595.00 | - |
| ലൈസൻസ് ഫീസ് | 3,177.50 | 2,483.00 | 694.50 |
| കെട്ടിട നികുതി- സർചാർജ് | 7,543.10 | 5,408.10 | 2,135.00 |
| വസ്തു കൈമാറ്റ- നികുതി 75% | 1,54,694.00 | 1,54,694.00 | - |
| വസ്തു കൈമാറ്റ- നികുതി 25 | % | 73,707.00 | 73,707.00 - |
| ഡെപ്പോസിറ്റ് | 44,530.00 | 44,530.00 | - |
| ആകെ | 550787.35 | 501372.90 | 49414.45 |

## ചെലവിനെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 3,99,796.00 |
| പൊതുമരാമത്ത് | 8,42,121.00 |
| വിദ്യാഭ്യാസം | 1,43,971.00 |
| ജലസേചനം | 41,002.00 |
| തെരുവ് വിളക്ക് | 39,563.00 |
| മറ്റുള്ളവ | 5,10,113.00 |
| ആകെ | 19,76,566.00 |

**മറ്റ് വകുപ്പുകളിൽ നിന്നും പഞ്ചായത്ത് രാജ് നിയമപ്രകാരം അനുവദിച്ച തുക 1995-96.**

| ഇനം | തുക |
|---|---|
| മൃഗസംരക്ഷണ വകുപ്പ് | 1,250.00 |
| കൃഷി | 3,66,565.00 |
| ഡയറി ഫാം | 23,140.00 |
| പൊതുജനാരോഗ്യം കേന്ദ്രം | 1,600.00 |
| പൊതുമരാമത്ത് | 1,30,178.00 |
| വാർദ്ധ്യക കാല പെൻഷൻ | 9,450.00 |
| ആയുർ വേദം | 13,240.00 |
| ഹോമിയോ | 449.00 |
| ആകെ | 5,45,872.00 |

**അനുബന്ധം 13**

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| I 1) സ്ഥാപനത്തിന്റെ പേര് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 163 |
| 2) പ്രവർത്തന പരിധി | തിരുമാറാടി പഞ്ചായത്ത് |
| 3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് - | ക്രെഡിറ്റ് |
| 4) പ്രവർത്തനം ആരംഭിച്ച വർഷം | 1-6-1097 (ME) |
| 5) ആകെ അംഗങ്ങൾ | 7485 |
| 6) ഒരു ഓഹരിയുടെ വില | 10/- |
| 7) അംഗീകൃത ഓഹരി മൂലധനം | 26,50,000/- |
| 8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 2480025 |
| 9) സർക്കാർ ഓഹരിയുണ്ടോ? | ഉണ്ട് |
| 10) ഉണ്ടെങ്കിൽ ലഭിച്ച തുക | 1,00,000/- |
| 11) പരമാവധി കടം എടുക്കാവുന്ന തുക | 90922895/- |

| | | |
|---|---|---|
| II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | | 28424956.00 |
| a) സ്ഥിരം | - | 25976888.00 |
| b) ഹ്രസ്വകാലം | - | 2448068.00 |

III നൽകിയിട്ടുള്ള വായ്പകൾ - 29503708.00

a) കാർഷിക വായ്പകൾ

| | | |
|---|---|---|
| 1. ഇനം | | തുക |
| 2. ഹൃസ്വകാല വായ്പ | - | 4487809.00 |
| 3. മദ്ധ്യകാല വായ്പ | - | 378825.00 |
| 4. ദീർഘകാല വായ്പ | - | 201865.00 |

b) മറ്റ് വായ്പകൾ

| | | |
|---|---|---|
| 1. ഇനം | | തുക |
| 2. സാധാരണ വായ്പ | - | 18001479.00 |
| 3. ഭവന നിർമ്മാണ വായ്പ | - | 1834977.00 |
| 4. സ്വർണ്ണപ്പണയം | - | 1934640.00 |
| 5. മറ്റുള്ളവ | - | 2490513.00 |

c) പ്രത്യകവായ്പകൾ

| | | |
|---|---|---|
| 1. ഇനം | | തുക |
| 2. ഐ.ആർ.ഡി.പി | - | 173600.00 |

IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. Ernakulam Dist- Co-op Bank. | ഹൃസ്വകാല വായ്പ | 2924600 |
| | മദ്ധ്യകാല ,, | 408621 |
| | ദീർഘകാല ,, | 184628 |
| | മദ്ധ്യകാല കാർഷികേതര ,, | 1270446 |
| | ദീർഘകാല ,, | 1777161 |
| | ഓവർ ഡ്രാഫ്റ്റ് ,, | 450434 |
| ആകെ | | 7015890 |

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| 1. ഹ്രസ്വകാല കാർഷിക വായ്പ | 216514 |
| 2. മദ്ധ്യകാല ,, | 27315 |
| 3. ദീർഘകാല ,, | - |
| 4. സാധാരണ വായ്പ | 3042475 |
| 5. ഭവന നിർമ്മാണ വായ്പ | 35740 |
| 6. സ്വർണ്ണപ്പണയ വായ്പ | 133480 |
| 7. ഐ.ആർ.ഡി.പി | 39235 |
| 8. മറ്റുള്ളവ | 59675 |
| ആകെ | 3554434 |

VI) സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishment charges - 785726

2) Contingennies- 368436

VII) വായ്പാ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ.

1. അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവുമായ വായ്പകൾ വിതരണം ചെയ്യുന്നു.
2. നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
3. കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ എന്നിവ നടത്തുന്നു.
4. എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു
5. ചിട്ടികൾ നടത്തുന്നു.

# THIRUMARADY GRAMA PANCHAYATH

